# ക്രൈസ്തവ കാഹളം

ആഗസ്ററ് 2014







His Beatitude Cardinal Baselios Cleemis welcomes
Dr. Jancy James
New Director


# CARDINAL CLEEMIS SCHOOL OF MANAGEMENT STUDIES(CCMS)

Mar Ivanios Vidya Nagar
Nalanchira
Thiruvananthapuram
Kerala, India

# ക്രൈസ്തവ കാഹളം

ആഗസ്റ്റ് 2014
വാല്യം. 75 ലക്കം 8

## ഇതളുകളിൽ



രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവ

സഹരക്ഷാധികാരി
ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്

പ്രിന്റർ ആന്റ് പബ്ലിഷർ
വെരി റവ. ഫാ. ജെയിംസ് പാറവിള

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത്
9447715695

എഡിറ്റർ
റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ കൊച്ചുതുണ്ടിൽ
റവ. ഡോ. ഗീവർഗ്ഗീസ് കുറ്റിയിൽ ഒ.ഐ.സി
റവ. ഡോ. വർഗീസ് നടുതല
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം
ഡോ. ജിബി ഗീവർഗീസ്
പ്രൊഫ. ജോജു ജോൺ
ജോമി തോമസ്

കവർ & ലേഔട്ട്
ഫിൻഗ്രാഫ്
തിരുവനന്തപുരം 5

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്, പട്ടം

വിലാസം
ക്രൈസ്തവ കാഹളം
സമന്വയ, പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്
പട്ടം, തിരുവനന്തപുരം-4



എഡിറ്റോറിയൽ




പിതൃമൊഴി

### കവർ സ്റ്റോറി




പൂവണിയുന്നത് ഈവാനിയോസ് പിതാവിന്റെ സ്വപ്നം



സ്വയംഭരണ കോളേജുകൾ എന്ത്? എന്തിന്?



ഉയർന്നു ജ്വലിക്കുന്ന ദീപശിഖ







എന്റെ മാർ ഈവാനിയോസ് കോളേജ്



മാർ ഈവാനിയോസ് കോളേജ് വിജ്ഞാന കേന്ദ്രം



മാർ ഈവാനിയോസ് കോളേജ് ഒരു വികാരം





വളർന്നു വളർന്ന് ഓട്ടോണമി വരെ.....





പ്രകാശഗോപുരം








ആത്മസംതൃപ്തിയുടെ നാളുകൾ





നമ്മുടെ സ്വന്തം ഈവാനിയോസ്





## എഡിറ്റോറിയൽ

# എന്നും ഒന്നാം സ്ഥാനത്ത്

ക്രൈസ്തവ കാഹളം മാസിക ഈ ലക്കത്തിൽ ചർച്ച ചെയ്യാൻ തീരുമാനിച്ചത് മാർ ഈവാനിയോസ് കോളേജിനെക്കുറിച്ചായിരുന്നു. കേരളത്തിൽ ഓട്ടോണമസ് കോളേജുകൾ ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചപ്പോൾ ആദ്യ ലിസ്റ്റിൽ മാർ ഈവാനിയോസ് കോളേജും ഉണ്ടായിരുന്നു. തുടർന്ന് യു.ജി.സി ടീം നടത്തിയ പരിശോധനകളിൽ മാർ ഈവാനിയോസ് കോളേജ് ഒന്നാമതെത്തി. മാർ ഈവാനിയോസ് കോളേജ് എന്നും എല്ലായിടത്തും ഒന്നാമതായിരുന്നു. 1949-ൽ ഭാഗ്യസ്മരണാർഹനായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി തിരുവനന്തപുരത്ത് ഉന്നത വിദ്യാഭ്യാസത്തിനായി ഒരു കലാലയം തുടങ്ങുമ്പോൾ അതൊരു മികവിന്റെ കലാലയം ആയിരിക്കണമെന്ന് പിതാവിന് അതിയായ ആഗ്രഹം ഉണ്ടായിരുന്നു. ഓരോ ദിവസവും ആ ആഗ്രഹത്തിന്റെ പടിപടിയായുള്ള പൂർത്തീകരണമാണ് നാം കണ്ടത്. കഴിഞ്ഞ കുറേ ദിവസങ്ങളിലായി ഈ കലാലയത്തിൽ പഠിച്ച സമൂഹത്തിന്റെ വിവിധ മേഖലകളിൽ, പ്രശസ്തരായ അനേകം പൂർവ്വ വിദ്യാർത്ഥികളുമായി സംസാരിക്കുവാൻ അവസരം കിട്ടി. തങ്ങൾ പഠിച്ച ഈ കലാലയം അവർക്ക് ഓരോരുത്തർക്കും എത്രമാത്രം പ്രീയപ്പെട്ടതാണെന്ന് അവരുടെ ഹൃദയങ്ങൾ സംസാരിക്കുന്നത് കേൾക്കുവാൻ കഴിഞ്ഞു. പലരും പറഞ്ഞത് ഈ കലാലയം ഇല്ലായിരുന്നെങ്കിൽ ഞാനിന്ന് ഇങ്ങനെ ആകുമായിരുന്നില്ല. ആയിരങ്ങൾ നെഞ്ചിലേറ്റി സൂക്ഷിക്കുന്ന ഈ കലാലയത്തിന്റെ മികവ് എന്തായിരുന്നു? പൂർവ്വ വിദ്യാർത്ഥികളെല്ലാം പറഞ്ഞ ഒരു കാര്യം ഈ കലാലയം കേവലം പഠനം നടക്കുന്ന ഒരു സ്ഥലം മാത്രമല്ല. അവിടെ ഒരു സംസ്കാരം രൂപപ്പെടുന്നു. അത് ഞങ്ങളെ രൂപാന്തരീകരിക്കുന്നു. പുതിയ മനുഷ്യരായി ഞങ്ങൾ മലയിറങ്ങുന്നു. ഗുരുശിഷ്യ ബന്ധത്തിന്റെ അറ്റു പോകാത്ത ചങ്ങലകൾ ഞങ്ങൾക്കവിടെ കിട്ടുന്നു. വർണ്ണ വർഗ്ഗ വ്യത്യാസങ്ങളില്ലാത്ത ക്യാമ്പസ്. ഇതൊക്കെ തന്നെയാണ് ഈ ക്യാമ്പസിനെ മികവിന്റെ കേന്ദ്രമാക്കിയതും. റാങ്കുകളും കിരീടങ്ങളും ഇതിനിടയിൽ മികവിന്റെ തൊപ്പിയിൽ ചൂടിയ പൊൻതൂവലുകൾ. നന്മ മാത്രം കാണുന്നവരല്ല നമ്മുടെ ആളുകൾ. കിട്ടാതെ പോയ അഡ്മിഷൻ, ജോലി, പ്രൊമോഷൻ ഇതൊക്കെ ചിലരെങ്കിലും പരാതിപ്പെട്ടിയിൽ നിക്ഷേപിച്ച കടലാസു തുണ്ടുകളാണ്. നന്മകൾ എഴുതുവാൻ വച്ച ഡയറിയിൽ വാക്കുകൾ അല്പമാവുകയും പരാതിപ്പെട്ടിയുടെ മുന്നിൽ നീണ്ട ലേഖനങ്ങളുമായി കാത്തുനിൽക്കുകയും ചെയ്യുന്ന നമ്മുടെ പതിവു പരിപാടിക്കു കുറവൊന്നുമില്ല. ഒരു കാര്യം ഉറപ്പ്. മാർ ഈവാനിയോസ് കോളേജ് സ്ഥാപിക്കപ്പെട്ടതുകൊണ്ടാണ് നമ്മുടെ അനേകമാളുകൾ ഉന്നത വിദ്യാഭ്യാസം നേടിയത്, പലരും കോളേജുകളിലും സ്കൂളുകളിലും അധ്യാപകരായത്, മക്കളെ നല്ല നിലയിൽ പഠിപ്പിച്ചത്, പ്രശസ്തരായത്. നന്ദിയോടെ ദൈവമുൻപാകെ നിൽക്കുവാൻ തൊണ്ണൂറ്റിയൊൻപതു കാര്യങ്ങൾ ഉള്ളപ്പോൾ തിരിഞ്ഞു നിൽക്കാനുള്ള ഒരു കാരണം പോക്കറ്റിലിട്ടു നടക്കുന്ന പണി നമുക്കു നിർത്താം. ഈ കലാലയം വഴി സഭയൊന്നാകെ നേടിയ നന്മകൾക്ക് നന്ദിയായി നമുക്കൊരുമിച്ച് ഇതിനെ മുന്നോട്ടുകൊണ്ടുപോകാം. പുണ്യപിതാവായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ വിദ്യാഭ്യാസ ദർശനം പിൻഗാമികൾ ഏറ്റുവാങ്ങി, ആ വലിയ ദർശനത്തിന് രൂപവും ഭാവവും നൽകി അനേകം തലമുറകൾക്ക് കെടാദീപമായി ഈ കലാലയത്തെ വളർത്തി. ഇന്ന് ആ ദൗത്യം നമ്മുടെ സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമീസ് തിരുമേനി നിർവഹിക്കുന്നു. തിരുവനന്തപുരത്തുണ്ടെങ്കിൽ എല്ലാ ദിവസവും മാർ ഈവാനിയോസ് വിദ്യാനഗറിൽ കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും പിതാവ് ചെലവഴിക്കും. ദൈനംദിന പ്രവർത്തനങ്ങൾ വിവിധ സ്ഥാപനങ്ങളുടെ തലവന്മാരുമായോ, ബർസാർമാരുമായോ ചർച്ച ചെയ്യും. അവർക്കു വേണ്ട നിർദ്ദേശങ്ങൾ നൽകും. നമ്മുടെ സ്ഥാപനങ്ങൾ നമ്മുടെ സഭാജീവിതത്തിന്റെ ഭാഗമാണ്. അവ നന്നായി നടത്തുന്നതിന് നമുക്ക് കാരണങ്ങളുണ്ട്. അവിടെ വ്യക്തികളുടെ താൽപ്പര്യങ്ങളേക്കാൾ ഉപരി, സ്ഥാപനത്തിന്റെ നന്മയും സഭാജീവിതത്തിന്റെ സാക്ഷ്യവുമാണ് വലുത്.

സ്നേഹത്തോടെ,

ഫാ. ബോവസ് മാത്യു
ചീഫ് എഡിറ്റർ, 9447661943



# മാർ ഈവാനിയോസ് ഓട്ടോമണസ് കോളേജ് കൂട്ടുത്തരവാദിത്വത്തിന്റെ മികവ്

മനുഷ്യന്റെ സമഗ്ര വളർച്ചയ്ക്ക് വിദ്യാഭ്യാസം അനിവാര്യം! മനുഷ്യന്റെ ഉണ്മയും ഉള്ളതും ഉണ്ടാകേണ്ടതും വിദ്യാഭ്യാസത്തിന്റെ വിഷയത്തിൽ ഉൾച്ചേരുമ്പോഴാണ് മനുഷ്യന് സമഗ്രത കൈവരുക. Education touches the whole life. The whole life needs the powerful influence of education. മലങ്കരസഭയിലെ വൈദികരിൽ ആദ്യത്തെ എം.എ ബിരുദധാരിയായ മാവേലിക്കര പണിക്കരുവീട്ടിൽ ഗീവർഗീസ് കത്തനാർ (മാർ ഈവാനിയോസ്) ഈ ദിശയിൽ ഏറെദൂരം യാത്ര ചെയ്തതുകൊണ്ടാണ്, ലോകത്തിന്റെ പല ഭാഗങ്ങളിലും ഉന്നതമായ ജീവിതമേഖലകളിൽ അനേകായിരം കേരളീയർ പ്രവർത്തിക്കുന്നത്, സമൂഹത്തിൽ നേതൃത്വം നൽകുന്നത്. കേരളത്തിന്റെ തലസ്ഥാന നഗരിയിൽ ആറര പതിറ്റാണ്ടിനപ്പുറം മാർ ഈവാനിയോസ് കോളേജ് സ്ഥാപിച്ചപ്പോൾ പുണ്യപിതാവ് പങ്കുവച്ചു: "മാർ ഈവാനിയോസ് കോളേജ് ഒരു Residential University ആകണം".

65 വർഷം കഴിഞ്ഞ് 2014-ൽ എത്തി നിൽക്കുമ്പോൾ കേരളത്തിലെ സർക്കാർ, എയ്ഡഡ് കോളേജിലെ സമഗ്ര നിലവാരം പരിശോധിച്ച യു.ജി.സി, ആദ്യത്തെ അക്കാദമിക് സ്വയംഭരണം നൽകുന്ന കോളേജുകളിൽ മാർ ഈവാനിയോസ് കോളേജിനെ പരിഗണിച്ചു. കേരള സർക്കാർ അതിനു സമ്മതം നൽകി, Mar Ivanios Antonomous College, Trivandrum!

മാർ ഈവാനിയോസ് കോളേജ് അക്കാദമിക് സ്വയംഭരണാവകാശമുള്ള ഒരു കോളേജ് ആയി ഉയർത്തപ്പെട്ടിരിക്കുന്നു. ഈ കലാലയം എന്നും നമ്മുടെ അഭിമാനമാണ്. 1949-ൽ പുണ്യപിതാവായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി ഈ കലാലയം സ്ഥാപിക്കുവാൻ തീരുമാനിക്കുമ്പോൾ പരമ്പരാഗത പാഠ്യ പദ്ധതിയോടൊപ്പം കാലാനുസൃതമായ കോഴ്സുകൾ ആരംഭിക്കുവാൻ സാധിക്കുന്ന തരത്തിലാണ് വിഭാവന ചെയ്തത്. 65 വർഷങ്ങൾ കഴിയുമ്പോൾ ആ സ്വപ്ന സാക്ഷാത്കാരത്തിലേക്കുള്ള വഴിയിൽ സുപ്രധാനമായ ഒരു നാഴികക്കല്ലാണ് ഈ കലാലയം ഇപ്പോൾ പിന്നിടുന്നത്. കേരളത്തിൽ ലഭിക്കാവുന്ന ഏറ്റവും പ്രശസ്തരായ അധ്യാപകരെ ക്ഷണിച്ചുവരുത്തി മെച്ചപ്പെട്ട അധ്യയന അന്തരീക്ഷം സംജാതമാക്കുവാൻ എല്ലാ കാലത്തും എപ്പോഴും മാനേജ്മെന്റ് ശ്രദ്ധിച്ചിട്ടുണ്ട്. ഇവിടെ ശുശ്രൂഷ ചെയ്ത പ്രിൻസിപ്പൽമാരും അധ്യാപകരും അധ്യാപകേതര ജീവനക്കാരും ഈ അന്തരീക്ഷം നിലനിർത്തുന്നതിൽ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. മുൻ പ്രിൻസിപ്പൽമാരിൽ പ്രഥമ പ്രിൻസിപ്പൽ ആയിരുന്ന ഫാ. ബനഡിക്ട് തങ്ങളത്തിലിനെയും (സമസ്ത ജനങ്ങളുടെയും പ്രിയപ്പെട്ട ഭാഗ്യ സ്മരണാർഹനായ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ്) കോളേജിന്റെ യശസ്സ് ലോകമെങ്ങും എത്തിച്ച ദിവംഗതനായ ഗീവർഗ്ഗീസ് പണിക്കരച്ചനെയും പ്രത്യേകം അനുസ്മരിക്കുന്നു. ലോകത്തിന്റെ നാനാഭാഗത്തും വ്യത്യസ്തവും വിവിധങ്ങളുമായ മേഖലകളിൽ പ്രവർത്തിക്കുന്ന അനേകായിരം പേർക്ക് ദിശാബോധം പകർന്നു നൽകിയ കലാലയമാണ് മാർ ഈവാനിയോസ് കോളേജ്. ഉത്തമ പൗരൻമാരായി ജീവിക്കുകയെന്ന വലിയ ആദർശമാണ് ഈ കോളേജ് അതിലെ വിദ്യാർത്ഥികൾക്കു പകർന്നു നൽകുന്നത്. മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ച് ഈ സഭയിൽ ആദ്യം ആരംഭിച്ച ഉന്നത വിദ്യാഭ്യാസ കലാലയമാണ് മാർ ഈവാനിയോസ് കോളേജ്. അവികസികവും പഠനസാധ്യതയില്ലാതിരുന്നതുമായ പ്രദേശങ്ങളിൽ നിന്ന് അനേകം ചെറുപ്പക്കാരെ ഈ നഗരത്തിലേക്കു കൂട്ടിക്കൊണ്ടു വന്ന് പഠിപ്പിച്ച് ഇവിടെത്തന്നെ അധ്യാപകരാക്കി സമൂഹത്തിന്റെ നേതൃനിരകളിലേക്കും സാമൂഹിക സാംസ്കാരിക രംഗങ്ങളിലേക്കും കൈപിടിച്ചുയർത്തുവാൻ മാർ ഈവാനിയോസ് കോളേജിനു കഴിഞ്ഞു. ഉന്നത വിദ്യാഭ്യാസമെന്ന സ്വപ്നം പൂവണിയുന്നതിന് നമ്മുടെ അനേകം മക്കൾക്ക് ഈ കലാലയം കാരണമായി. തെക്കൻ പ്രദേശങ്ങളിലെ സാമൂഹികമായി പിന്നോക്കാവസ്ഥയുള്ള നമ്മുടെ സഭാമക്കളും പൊതുസമൂഹവും ഈ മഹാ വിദ്യാലയത്തിന്റെ നന്മ ജീവിതത്തിൽ സ്വീകരിക്കുന്നതിനിടയായി. ഇന്ന് ഈ കലാലയം സ്ഥിതിചെയ്യുന്ന നാലാഞ്ചിറ മാർ ഈവാനിയോസ് വിദ്യാനഗറിൽ പ്രൈമറി തലം മുതൽ ഡോക്ടർ ബിരുദം വരെ സമ്പാദിക്കുവാൻ നമ്മുടെ കുട്ടികളെ പ്രാപ്തരാക്കുന്നു. ആർട്സ്, സയൻസ്, ജേർണലിസം, എഞ്ചിനിയറിംഗ്, നിയമം, മാനേജ്മെന്റ്, മെഡിക്കൽ, ദൈവശാസ്ത്രം ഈ തലങ്ങളിലുള്ള വിദഗ്ദപരിശീലനമാണ് ഇന്ന് ഈ ക്യാമ്പസ് നൽകി വരുന്നത്.

മാർ ഈവാനിയോസ് തിരുമേനി സ്വപ്നം കണ്ടതും വിഭാവന ചെയ്തതും ഒരു സർവ്വകലാശാലയാണ്. മാർ ഈവാനിയോസ് വിദ്യാനഗർ ഒരു സർവ്വകലാശാലയായി മാറുവാൻ കഴിയുന്ന തരത്തിൽ ഇന്ന് വളർന്നിരിക്കുന്നു. നയപരമായ തീരുമാനങ്ങൾ കൈകൊണ്ട് നമ്മുടെ ഗവൺമെന്റ് ഈ കാര്യത്തിൽ സത്വര നടപടി എടുക്കുന്നതിനായി പരിശ്രമിക്കണമെന്നാണ് എന്റെ ആഗ്രഹം. കേരളത്തിലെ എല്ലാ സർക്കാരുകളും ഈ കലാലയത്തോടു കാണിച്ചിട്ടുള്ള കരുതലിന് നന്ദി പറയുന്നു. പാഠ്യ പാഠ്യേതര രംഗങ്ങളിൽ ഈ കലാലയത്തെ എന്നും പ്രഥമ സ്ഥാനത്ത് നിർത്തുന്നതിൽ അക്ഷീണം പ്രയത്നിച്ചിട്ടുള്ള മുൻ പ്രിൻസിപ്പൽമാർ, അധ്യാപകർ, ബർസാർ, മാതാപിതാക്കൾ, വിദ്യാർത്ഥി വിദ്യാർത്ഥിനികൾ, അഭ്യുദയ കാംക്ഷികൾ എല്ലാവരേയും

ഞാൻ കൃതജ്ഞതയോടെ ഓർക്കുന്നു. ഒരു ദേശത്തിന്റെ പുരോഗതിയ്ക്ക് വേഗത കൂട്ടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ദേശത്തിന്റെ കെടാവിളക്ക്. മാർ ഈവാനിയോസ് കോളേജിലൂടെ അക്കാദമിക് സ്വയംഭരണത്തിന്റെ മികവും സ്പന്ദനവും സാദ്ധ്യതയും തിരിച്ചറിയുവാൻ ദേശത്തിന് കഴിയണം. പ്രഗത്ഭരായ അധ്യാപകർ, സേവനതല്പരായ ഓഫീസ് സ്റ്റാഫംഗങ്ങൾ, സഹകരണ മനോഭാവം ഉദാരമായി പുലർത്തുന്ന രക്ഷകർത്താക്കൾ, മാർ ഈവാനിയോസ് കോളേജിനെ എന്നും അനുഗ്രഹമായി കാണുന്ന അനന്തപുരിയിലെ പൊതുസമൂഹം, ഈ കോളേജിൽ പഠിക്കുന്നത് അനുഗ്രഹമായും അഭിമാനമായും കാണുന്ന ആയിരക്കണക്കിനു വിദ്യാർത്ഥി വിദ്യാർത്ഥിനികൾ, കോളേജിന്റെ ദൈനംദിന കാര്യങ്ങളിൽ ഇപ്പോൾ മാനേജ്മെന്റിനെ പ്രതിനിധാനം ചെയ്ത് സേവനമനുഷ്ഠിക്കുന്ന ബർസാർ റവ. ഫാ. ഷീൻ പാലക്കുഴി, വൈസ് പ്രിൻസിപ്പൽമാർ ശ്രീ. വി. വർഗീസ്, ശ്രീമതി. ആനന്ദവല്ലി, കോളേജിനെ അതിന്റെ സമഗ്ര മികവിലേക്ക് സമർപ്പണ ബുദ്ധിയോടെ നയിച്ചുകൊണ്ടിരിക്കുന്ന പ്രിൻസിപ്പൽ റവ. ഡോ. ജിജി തോമസ് അച്ചൻ എന്നിവരെ ഹൃദയപൂർവ്വം ഞാൻ അഭിനന്ദിക്കുന്നു. എന്നും മാർ ഈവാനിയോസ് എന്ന അക്ഷര കൂടാരത്തിന്റെ മേൽ കൃപകൾ മഴയായി പെയ്തിറക്കുന്ന സർവ്വശക്തനായ ദൈവത്തിന്റെ മുൻപിൽ സാഷ്ടാംഗം പ്രണമിക്കുന്നു.

"നമ്മുടെ സ്ഥാപനങ്ങൾ ദൈവ വിശ്വാസവും സൽസ്വഭാവവും
പൗരബോധവുമുള്ള കുട്ടികളെ വാർത്തെടുക്കണം"

*ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്*

**✠കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ്**
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്






## കവർ സ്റ്റോറി

# പൂവണിയുന്നത് ഈവാനിയോസ് പിതാവിന്റെ സ്വപ്നം



ബിഷപ്പ് സാമുവേൽ മാർ ഐറേനിയസ്

മലങ്കരയുടെ പുണ്യപിതാവായ മാർ ഈവാനിയോസ് തിരുമേനിയുടെ, സഭയ്ക്കും നാടിനും വേണ്ടിയുള്ള വലിയ സ്വപ്നങ്ങളിൽ ഒന്നായിരുന്നു ബഥനിക്കുന്നിലെ മാർ ഈവാനിയോസ് കോളേജ്. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കാലത്തും അനന്തപുരിയുടെ ഓരം ചേർന്നുള്ള 200 ഏക്കറോളം വരുന്ന ബഥനിമല സ്വന്തമാക്കുവാനും അവിടെ ആകാശത്തോളം ഉന്നതമായ സ്വപ്നങ്ങളുമായി ഈവാനിയോസ് കോളേജിനു തുടക്കം കുറിക്കുവാനും പിതാവ് കാണിച്ച ദീർഘവീക്ഷണവും അനുഭവിച്ച ബുദ്ധിമുട്ടുകളും, കാലത്തിന്റെ മഹാപ്രവാഹത്തിൽ ആർജ്ജിക്കുന്ന പുത്തൻ രൂപങ്ങൾ കണ്ട് കാലം ആ പുണ്യ പിതാവിനു മുമ്പിൽ വിസ്മയത്തോടെ ശിരസ് നമിക്കുന്നു. ഇപ്പോൾ എത്തി നിൽക്കുന്ന സ്വയം ഭരണാവകാശമുള്ള വിദ്യാപീഠം എന്ന പദവി ഈ പ്രയാണത്തിലെ ഒരു പ്രധാന ചുവടു മാത്രം. ഇനിയും ഏറെ ഉയരങ്ങളാണ് ബാക്കി.

ശാന്തിനികേതന്റെ മാതൃകയിൽ ഒരു റസിഡൻഷ്യൽ കാർഷിക സർവകലാശാല ബഥനിക്കുന്നിൽ രൂപം കൊള്ളുന്നതിന്റെ സ്വപ്നം മനസിൽ ഒതുക്കിക്കൊണ്ടാണ് പിതാവ് മാർ ഈവാനിയോസ് കോളേജ് എന്ന വിത്ത് നട്ടതും, പരിപാലിച്ചു വളർത്തിത്തുടങ്ങിയതും. അവിടെ വിദ്യാർത്ഥികൾക്ക് കുടുംബാന്തരീക്ഷത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഉത്തുംഗ കവാടങ്ങൾ തുറന്നു കൊടുക്കണമെന്ന് താപസനായ ആ ശ്രേഷ്ഠാചാര്യൻ മനസിൽ കണ്ടു. അതിനായി ലഭ്യമാകാവുന്ന എല്ലാ പണ്ഡിതരും അടങ്ങുന്ന ഗുരുക്കന്മാരുടെ നിരയെ ബഥനിക്കുന്നിലെത്തിക്കുവാനും അറിവിന്റെ ചക്രവാളങ്ങളിലേക്ക് പറന്നുയരാനുള്ള എല്ലാ സംവിധാനവും ക്രമീകരിക്കുവാനും പിതാവ് എല്ലാ ശ്രമവും നടത്തി. ആ ദൗത്യങ്ങൾക്കെല്ലാം പ്രകാശം പരത്തേണ്ട ദീപ്തവാക്യവും അദ്ദേഹം കുറിച്ചു തന്നു. 'സത്യം നിങ്ങളെ സ്വതന്ത്രരാക്കും'.



ആറുപതിറ്റാണ്ട്പിന്നിടുന്ന കാലപ്രവാഹത്തിൽ ഇന്നുവരെ ബഥനിക്കുന്നിലെ പ്രകാശ ഗോപുരങ്ങൾക്ക് മറ്റൊരു വിശ്വാസപ്രമാണമില്ല. ഇവിടെ എത്തുന്നവരോടും ഇവിടെ നിന്നു കടന്നു പോകുന്നവരോടും ഇവിടെനിന്നും പറഞ്ഞുകൊടുക്കുന്ന സനാതനസത്യം ഇതാണ്; 'സത്യം നമ്മെ സ്വതന്ത്രരാക്കും'.

പുണ്യപിതാവിന്റെ സ്വപ്നങ്ങൾ ഒന്നൊന്നായി ബഥനിക്കുന്നിൽ പൂവണിയുകയാണ്. ഇന്ന് നഴ്സറി ക്ലാസുമുതൽ ബിരുദവും ബിരുദാനന്തരപഠനവും തൊഴിൽ അധിഷ്ഠിധ പഠനവും ഡോക്ടറേറ്റ് നേടുന്നതിനാവശ്യമായ ഗവേഷണ സൗകര്യവും എന്തിന് പോസ്റ്റ് ഡോക്ടറൽ പഠനത്തിനുള്ള ക്രമീകരണങ്ങളും സംവിധാനങ്ങളും വരെയുള്ള വലിയ വിജ്ഞാന നഗരിയാണ് ബഥനിക്കുന്ന്.

മാർ ഈവാനിയോസ് വിദ്യാനഗർ. മാർ ബസേലിയോസ് എഞ്ചിനിയറിംഗ് കോളേജും, കാർഡിനൽ ക്ലീമിസ് സ്കൂൾ ഓഫ് മാനേജ്മെന്റും, മാർ ഗ്രിഗോറിയസ് കോളജ് ഓഫ് ലോയും, മലങ്കരസഭയിലെ ഏക ദൈവശാസ്ത്ര തത്വശാസ്ത്ര സ്ഥാപനമായ സെന്റ് മേരീസ് മേജർ സെമിനാരിയും എല്ലാം ഇവിടെ പരിലസിക്കുന്നു.

തന്നെക്കാൾ ഉയരമുള്ള ഒരു പുത്രനുണ്ടെന്നതാണ് ഹിമവാന്റെ മഹത്വം എന്ന് പറയാറുണ്ട്. ആറു പതിറ്റാണ്ടുകാലത്തെ ചരിത്രപരമായ ദൗത്യ നിർവഹണത്തിലൂടെ ഇവിടം വിട്ടു പോയ എത്രയോ പ്രഗത്ഭന്മാർ ഒരു പക്ഷേ ഇന്ന് വിശ്വവിഹായസിൽ ബഥനിക്കുന്നിനെക്കാൾ ഉന്നതരാണ്...അതി പ്രഗത്ഭരും സമർപ്പിതരുമയ വൈദികർ, വൈദിക ശ്രേഷ്ഠർ, ജഡ്ജിമാർ, അധ്യാപകർ, ഡോക്ടർമാർ, എഞ്ചിനിയർമാർ മാനേജ്മെന്റ് വിദഗ്ദർ, ഗായകർ, സിനിമാ താരങ്ങൾ, എണ്ണം പറഞ്ഞ എഴുത്തുകാർ, സാഹത്യ നായകർ, കലാകാരികൾ... ബഥനിക്കുന്നിൽ വിടാരാൻ ദൈവം അനുവദിച്ച പൂക്കളുടെ ഭംഗി അനവദ്യമാണ്.

കോളേജ് മന്ദിരം നിർമ്മിക്കുന്നതിനു മുമ്പേ കുട്ടികൾക്കുള്ള ഹോസ്റ്റൽ മന്ദിരം നിർമ്മിക്കുന്നതിന് ശ്രദ്ധപുലർത്തിയ ഈവാനിയോസ് തിരുമേനി ഇവിടെ ആരാണ് ഏറ്റവും മുന്തിയ പരിഗണന ലഭിക്കേണ്ടവർ എന്ന സത്യം പറഞ്ഞു തരികയായിരുന്നു. ഇവിടെ നിന്നും അറിവു നുകർന്ന് കടന്നു പോകുന്നവരുമായി ഒരു തരം ഒരിക്കലും മുറിയാത്ത ബന്ധം സൂക്ഷിക്കപ്പെടുന്നു; പൂർവവിദ്യാർത്ഥികളുടെ സംഘടനായ അമിക്കോസിലൂടെ. അമിക്കോസിന് ദുബായിലും കുവൈറ്റിലും, ബഹറനിലും മസ്ക്കറ്റിലും ദോഹയിലും യു.എസ്.എ യിലും ചാപ്റ്ററുകളുണ്ട്. അവിടെ എല്ലാം ഗൃഹാതുരത്വം പകരുന്ന കൂടിച്ചേരലുകളുണ്ട്. ഈ വിത്തിനെ വളർത്തി പരിപാലിക്കുവാൻ പുണ്യപിതാവ് ഏറ്റവും പ്രഗത്ഭരെ തന്നെ കണ്ടെത്തി. ദൈവം തന്നിലൂടെ തുടക്കം കുറിച്ച പുനരൈക്യ പ്രസ്ഥാനത്തിന്റെ അമരക്കാരനാകുവാൻ മനസിൽ കണ്ട ബനഡിക്ടച്ചനെ തന്നെ ബഥനിക്കുന്നിലെ ആദ്യസാരഥിയാക്കിയതും ഈവാനിയോസ് തിരുമേനിയുടെ ദീർഘവീക്ഷണത്തിന്റെ അടയാളം തന്നെ. ആദ്യ പ്രിൻസാപ്പാളായിരുന്ന ബനഡിക്ടച്ചൻ സഭയുടെ പിതാവായി ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്ത ആയപ്പോൾ സഭയുടെ എല്ലാ വിദ്യാഭ്യാസ ശുശ്രൂഷകളുടെയും സാരഥിയാവുകായിരുന്നു. 41 വർഷമാണ് പിതാവ് ഈവാനിയോസ് കേളേജിന്റെ എല്ലാമായി പ്രവർത്തിച്ചത്.



ഇവാനിയോസ് പിതാവ് നട്ട വിത്ത് വളർത്തി എടുക്കുന്നതിൽ പിൻഗാമികളായി വന്ന സഭാപിതാക്കന്മാരായ ബനഡ്കിട് മാർ ഗ്രിഗോറിയോസ് പിതാവും ആദ്യ മേജർ ആർച്ചുബിഷപ്പായ സിറിൾ ബസേലിയോസ് കാതോലിക്കാബാവായും നടത്തിയ ശ്രമങ്ങൾ ഒന്നിനൊന്ന് വിസ്മയകരമായ നേട്ടങ്ങൾക്കു നിമിത്തമായി. ക്ലീമിസ് ബാവായുടെ കാലമായപ്പോൾ ക്യാമ്പസിൽ വിശ്വോത്തര സ്ഥാപനമായ കാർഡിനൽ ക്ലീമിസ് സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് വരെ ആരംഭിച്ചു. ജർമ്മനിയിലെയും ഇറ്റലിയിലെയും മാനജ്മെന്റ് സ്കൂളുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഈ സ്കൂളിന്റെ ഡയറക്ടർ ഗാന്ധിജി സർവകലാശാലയുടെയും കേരളത്തിലെ ആദ്യത്തെ കേന്ദ്ര സർവകലാശാലയുടെയും മുൻ വൈസ് ചാൻസിലറായ ഡോ.ജാൻസി ജെയിംസാണ്. എ.ഐ.സി.ടി.ഇ യുടെ അംഗികാരത്തോടെ ആരംഭിച്ചിരിക്കുന്ന ഈ സ്ഥാപനം മലങ്കര സഭയക്ക് ലഭിച്ച വലിയ അംഗീകാരമായ കർദ്ദിനാൾ പദവിയുടെ മായാത്ത ഓർമ്മയും നിലനിർത്തും. അസാധാരണമായ കരുതലും ശ്രദ്ധയും സംരക്ഷണവുമാണ് മാർ ഈവാനിയോസ് വിദ്യാനഗറിന്റെ വളർച്ചയിൽ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ നൽകുന്നത്.

ബനഡിക്ടച്ചന്റെ കാലം മുതൽ ഓരോ വിഷയത്തിലും മികച്ച അധ്യാപകരെ ഏർപ്പാടാക്കുവാനും കുട്ടികൾക്ക് അത്യുന്നതനിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കുവാനും അച്ചടക്കമുള്ള ജീവിതശൈലി പാലിക്കുവാനും ഇവിടെ ബോധപൂർവമായ ശ്രമം നടന്നു. അച്ചന്റെ പിൻഗാമിയായി വന്ന പ്രഗത്ഭ വിദ്യാഭ്യാസ പ്രവർത്തകനായ നങ്ങച്ചിവീട്ടിൽ തോമസച്ചൻ, ഫ്രാൻസിസ് കാളാശ്ശേരി അച്ചൻ, ഗീവർഗിസ് പണിക്കരച്ചൻ, ജോർജ് മലഞ്ചരുവിലച്ചൻ, തോമസ് കൊട്ടാരത്തിലച്ചൻ, കെ.എം. വർഗിസ്, ഡോ. ആന്റണി ഈപ്പൻ,

ഡാനിയേൽ കുഴിത്തടത്തിലച്ചൻ, സാമുവേൽ കാട്ടുകല്ലിലച്ചൻ, മാത്യു മനക്കരക്കാവിലച്ചൻ, ഡോ. കെ.എം. ഫ്രാൻസിസ്, ഡോ. മാത്യൂസ് ചെറിയാൻ, ജിജി മുള്ളങ്കുഴി അച്ചൻ എന്നിവരെല്ലാം കോളേജിന്റെ ലക്ഷ്യം കൈവരിക്കുന്നതിൽ ഒന്നിനൊന്ന് മികച്ച സേവനം അർപ്പിച്ചു. വിദ്യാർത്ഥികളുടെ മനസിൽ ജ്വലിക്കുന്ന പ്രകാശദീപങ്ങളായി.

ബനഡിക്ടച്ചന്റെ കാലം മുതൽ ഓരോ വിഷയത്തിലും അതിപ്രഗത്ഭരായ അധ്യാപകരെ സ്വന്തമാക്കുവാൻ ഈവാനിയോസ് കോളേജ് ശ്രദ്ധിച്ചു. അങ്ങനെയാണ് മലയാള സാഹിത്യത്തിലെ കുലപതിയായ എം.പി. പോൾ ഇംഗ്ലീഷ് വിഭാഗത്തിലെ തലവനായതും. പ്രൊഫ. വി.കെ. കുര്യൻ ഡോ.ശിവരാമസുബ്രമണ്യ അയ്യർ, വാസുദേവ പണിക്കർ, പ്രൊഫ. ജെയിംസ് സ്റ്റുവർട്ട് എന്നിവരെപ്പോലെയുള്ളവർ ഇംഗ്ലീഷ് വിഭാഗത്തിലെ ഉജ്ജ്വല നക്ഷത്രങ്ങളായി വിലസിയതും.

ലോക പ്രശസ്ത സംസ്കൃത പണ്ഡിതനും ഗുരുവുമായ പ്രൊഫ. പി.സി ദേവസ്യായും പ്രൊഫ. എൻ.കെ. ജോണും ഡോ. ജോർജ് ഓണക്കൂറും പ്രഗത്ഭനായ ഫാ. ഉമ്മൻ അയ്യനേത്തും ഒക്കെ മലയാള വിഭാഗത്തിലെ ഒരിക്കലും മറക്കാത്ത അധ്യപകരായിരുന്നു. ഫ്രഞ്ചിലെ പ്രൊഫ. കാർത്തികെ. നായർ. തമിഴിലെ പ്രൊഫ. ഡേവിഡ് സാർ, അറിയപ്പെടുന്ന മാത്ത്സ് ഗുരുക്കന്മാരായിരുന്ന പ്രൊഫ. താണു അയ്യർ, പ്രൊഫ. ജോൺ. കെ. ജോൺ, പ്രൊഫ. കല്യാണ സുന്ദരം, എന്നിവർ ഇവാനിയോസിലെ അധ്യാപകരാണ്. ഫിസിക്സിലെ പ്രൊഫ. രാമസ്വാമി അയ്യർ, പ്രൊഫ. കെ.എം. വർഗീസ്, കെമിസ്ട്രിയിലെ ഡോ. സ്കറിയ എം. ചക്കാലക്കൽ. പ്രൊഫ.പി.കെ.തോമസ്, ബോട്ടണിയിലെ പ്രൊഫ. ശ്രീനിവാസൻ അയ്യർ, സുവോളജിലെ ഡോ.എ.പി മാത്യു, ഡോ.ആന്റണി നടക്കൻ, ഡോ. കെ. പി. സെബാസ്റ്റ്യൻ, ഇക്കണോമിക്സിലെ പ്രൊഫ. വി. എസ്. ഔസേപ്പ്, പ്രൊഫ. പി. ജെ ജോസഫ്, പ്രൊഫ. മോറെ, ഫിസിക്കൽ എഡ്യുക്കേഷൻ ഡയറക്ടരായിരുന്ന വി.എസ് കുഞ്ചെറിയ തുടങ്ങിയ മഹാഗുരുക്കന്മാർ ഈവാനിയോസിനും സർവകലാശാലകൾക്കും അപ്പുറം ഖ്യാതി നേടിയ അധ്യാപകരാണ്. അധ്യാപനം അവർക്കു കേവലം തൊഴിലായിരുന്നില്ല ദൈവാരാധനയ്ക്കു തുല്യമായ പുണ്യ പ്രവൃത്തിയായിരുന്നു.

കഴിഞ്ഞ തലമുറയുടെ മഹത്വം ഹൃദയത്തിൽ ഏറ്റുവാങ്ങിയവരാണ് ഇപ്പോഴുള്ള അധ്യാപകർ. ആകെയുള്ള 85 അധ്യാപകരിൽ ഒമ്പതുപേർ പോസ്റ്റ് ഡോക്ടറൽ യോഗ്യത ഉള്ളവരാണ്. 42 പേർ പി.എച്ച്ഡിക്കാരും 50 പേർ എം.ഫിൽ ഡിഗ്രി ഉള്ളവരുമാണ്. കോളേജിൽ ആറ് റിസർച്ച് സെന്ററുകളും 40 അംഗീകൃത ഗവേഷണ ഗൈഡുകളും ഉണ്ട്. കോളേജിലെ ഗവേഷകർ ഇതിനകം 600 ലധികം ഗവേഷണ ലേഖനങ്ങൾ, അതും 300 ലധികം അന്തർദേശിയ ഗവേഷണ മാസികകളിൽ പ്രസിദ്ധികരിച്ചു. മാത്തമാറ്റിക്സ്, ബോട്ടണി. ഇംഗ്ലീഷ്, ഫിസിക്സ് എന്നീ വിഷയങ്ങളുടെ യൂണിവേഴ്സിറ്റിതല ബോർഡ് ചെയർമാന്മാർ ഈവാനിയോസിലെ അധ്യാപകരാണ്.

കോളേജിനപ്പുറത്ത് സർവകലാശാലയുടെ ഭരണത്തിലും ഉന്നത സമിതികളിലും പ്രവർത്തിച്ച ഈവാനിയോസിലെ അധ്യാപകർ നിരവധിയുണ്ട്. മുൻ പ്രിൻസിപ്പാൾ ഡോ. ആന്റണി ഈപ്പൻ, ഇപ്പോഴത്തെ പ്രൊഫ. ഡോ. ജോളി ജേക്കബ് എന്നിവർ കേരള സർവകലാശാലയുടെ ഭരണ സമിതിയായ സിൻഡിക്കേറ്റിൽ അംഗമായിരുന്നു. നിരവധി അദ്ധ്യാപകർ യൂണിവേഴ്സിറ്റി സെനറ്റിലേക്കും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

മാർ ഈവാനിയോസ് പിതാവ് 1949-ൽ കോളേജിനുവേണ്ടി ആദ്യം നിർമ്മിച്ചത് സെന്റ് തോമസ് ഹോസ്റ്റൽ ആയിരുന്നെങ്കിലും പഠന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഒരു വീഴ്ചയും കാണിച്ചില്ല. നാലുനിലയിൽ തീർത്ത പ്രധാന മന്ദിരത്തിൽ പ്രിൻസിപ്പാളിന്റെ ഓഫീസിനും 23 ക്ലാസുമുറികൾക്കും സൗകര്യം ഉണ്ടാക്കി. ഭാഷകൾ, ഇക്കണോമിക്സ്, ബോട്ടണി വകുപ്പുകൾ ഇവിടെ പ്രവർത്തിക്കുന്നു. പ്രധാനമന്ദിരത്തിന്റെ വലതുവശത്തായുള്ള ഇരുനില മന്ദിരം ഫിസിക്കൽ സയൻസ് ബ്ലോക്കാണ്. ഫിസിക്സ് കെമിസ്ട്രി വിഭാഗങ്ങൾ പ്രവർത്തിക്കുന്ന ഇവിടെ അധ്യാപകർക്കുള്ള മുറികൾ, എട്ടു ക്ലാസുമുറികൾ, 15 ലാബോറട്ടറികൾ, രണ്ട് മിനി ലൈബ്രറികൾ, ഒരു മിനി കോൺഫറൻസ് ഹാൾ എന്നിവയും ഉണ്ട്. പ്രധാന മന്ദിരത്തിന്റെ ഇടതുവശത്താണ് ലൈബ്രറി മന്ദിരം. 63083 പുസ്തകങ്ങളുള്ള ലൈബ്രറിയും, 97000 ശീർഷകങ്ങളുള്ള ഇ ലൈബ്രറിയും ഈവാനിയോസിന്റെ വലിയ സമ്പത്താണ്. 250 വിദ്യാർത്ഥികൾക്ക് ഒരേ സമയം ഇവിടെ ഇരുന്നു പുസ്തകങ്ങൾ പരിശോധിക്കാനാവും. ലൈബ്രറി മന്ദിരത്തിന്റെ രണ്ടാം നിലയിലാണ് ഓഡിറ്റോറിയം. മാത്ത്സ്, സുവോളജി വകുപ്പുകൾ ഈ മന്ദിരത്തിന്റെ താഴത്തെ നിലയിൽ പ്രവർത്തിക്കുന്നു. അടുത്തത് കോമേഴ്സ് ബ്ലോക്കാണ്. അവിടെ കോമേഴ്സ്, ടൂറിസം അഡ്മിനിസ്ട്രേഷൻ, ജേർണ്ണലിസം, മാസ് കമ്മ്യൂണിക്കേഷൻ, വീഡിയോ പ്രോഡക്ഷൻ വിഭാഗങ്ങൾ പ്രവർത്തിക്കുന്നു. ഇംഗ്ലീഷ് ബ്ലോക്ക്, റിസർച്ച് ബ്ലോക്ക്, ലേഡീസ് റെസ്റ്റ് റൂമുകൾ, കാന്റീൻ, കോളജ് ചാപ്പൽ, സിൽവർ ജൂബിലി ഹാൾ, എൻ.സി.സി, എൻ.എസ്.എസ്, കോ-ഓപ്പറേറ്റിവ് സൊസൈറ്റി, ജിംനേഷ്യം എന്നിവയ്ക്കുള്ള ബ്ലോക്കുകൾ എന്നിവയാണ് ഇതുവരെ ഒരുക്കപ്പെട്ടിട്ടുള്ള സംവിധാനങ്ങൾ.

കാലത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്തുള്ള വലിയ ഗവേഷണങ്ങളാണ് ഇവിടെ നടക്കുന്നത്. അതിനായി മാർ ഈവാനിയോസ് സെന്റർ ഫോർ അഡ്വാൻസ്ഡ് റിസർച്ച് എന്ന ബ്ലോക്ക് പണിതുയർത്തിക്കൊണ്ടിരിക്കുന്നു. നാലു നിലയുള്ള ഈ മന്ദിരത്തിൽ അത്യന്താധുനിക ഗവേഷണ സൗകര്യങ്ങൾ ക്രമീകരിച്ചു കൊണ്ടിരിക്കുന്നു. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ 31 റിസേർച്ച് പ്രോജക്ടുകളാണ് പൂർത്തിയായത്. ഇതിനായി 165 ലക്ഷം രൂപ ചെലവാക്കി. ഫാക്കൽട്ടി അംഗങ്ങൾ 40 പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു അന്താരാഷ്ട്ര കോൺഫ്രൻസുകളിൽ നൂറിലേറെ പേപ്പറുകൾ അവതരിപ്പിക്കുകയുണ്ടായി.

കോളജിൽ പ്രവേശനം തേടി എത്തുന്നവരുടെ തിരക്ക് ഓരോ വർഷവും കൂടിക്കൂടി വരുന്നു. വിജയശതമാനത്തിലും സർവകലാശാലയിലെ റാങ്കുകൾ സ്വന്തമാക്കുന്നതിലും ഈവാനിയോസ് ഏറെ മുന്നിലാണ്. മിടുക്കന്മാർക്കുള്ള കേന്ദ്രസംസ്ഥാന സ്കോളർഷിപ്പുകൾ നേടുന്നതിലും അവർ മുന്നിൽത്തന്നെ. ഇന്ത്യയിലെയും വിദേശത്തെയും നിരവധി


പ്രസിദ്ധമായ സർവകലാശാലകളിൽ ഈവാനിയോസിന്റെ മക്കൾ ഇന്ന് പഠിപ്പിക്കുകയും ഉപരിപഠനം നടത്തുകയും ചെയ്യുന്നു. ഐ.എസ്.ആർ.ഒ, ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സെന്റർ, ട്രോപ്പിക്കൽ ബോട്ടാനിക്കൽ ഗാർഡൻസ്, റീജിയനൽ റിസർച്ച് ലബോറട്ടറി തുടങ്ങിയ വൻ ഗവേഷണ സ്ഥാപനങ്ങൾ ഈവാനിയോസുമായി ചേർന്ന് സംയുക്ത പരിപാടികൾ നടത്തുന്നു എന്നത് ഇവിടുത്തെ വിദ്യാഭ്യാസ നിലവാരത്തിന് ലഭിക്കുന്ന അംഗീകാരം തന്നെയാണ്.

കലാ കായിക മേഖലകളിലും ഈവാനിയോസ് ഒന്നാമതാണ്. കേരള സർവകലാശാലാ യുവജനോത്സവത്തിൽ ഈവാനിയോസ് എട്ടുവർഷം തുടർച്ചയായി ഏറ്റവും നല്ല ടീമിനുള്ള പുരസ്കാരം നേടി.

ഈവാനിയോസിലൂടെ കടന്നു വന്ന് സമൂഹത്തിൽ വലിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തവർ നിരവധിയുണ്ട് . ബനഡിക്ട് പിതാവിനുശേഷം ഈവാനിയോസ് കോളേജുമായി വളരെ അടുത്ത ബന്ധം ഉണ്ടായിരുന്ന നാലു മെത്രാപ്പോലീത്താമാർ മലങ്കരസഭയിലുണ്ട് : ഇവിടെ പഠിച്ച യൂഹാനോൻ മാർ ക്രിസോസ്തോം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, സാമുവേൽ മാർ ഐറേനിയസ് എന്നിവർ.

നാടിന്റെ ഭാവിക്കു രൂപം കൊടുക്കുന്ന നേതാക്കന്മാരും നാടിന്റെ ഭരണചക്രം തിരിക്കുന്നവരും ഏറെയുണ്ട്. ഇന്ന് കേരളം ഭരിക്കുന്ന സർക്കാരിലെ മന്ത്രിമാരായ ഷിബു ബേബി ജോണും, അനൂപ് ജേക്കബും ഇവിടെ പഠിച്ചവരാണ്. അനൂപ് ജേക്കബിന്റെ പിതാവ് മുൻമന്ത്രി ടി.എം ജേക്കബ്, മുൻ മന്ത്രി എ. നീലലോഹിതദാസൻ നാടാർ. മുൻ കേന്ദ്രമന്ത്രി കൊടിക്കുന്നിൽ സുരേഷ്, പാലോട് രവി എം.എൽ.എ, കെ. മുരളീധരൻ എം.എൽ.എ. തുടങ്ങിയവർ ആ നിരയിൽ ശ്രദ്ധേയരാണ്. ഹൈക്കോടതി ജഡ്ജിമാരായിരുന്ന കൃഷ്ണൻ നായർ, പത്മനാഭൻ നായർ എന്നിവർ ഈവാനിയോസിൽ പഠിച്ചവരാണ്. ലോകബാങ്കിന്റെ മുൻ വൈസ് പ്രസിഡന്റ് വിനോദ് തോമസും, ജസ്റ്റിസ് ജെ.ബി. കോശിയും ഈവാനിയോസിന്റെ പ്രിയപ്പെട്ട പൂർവ്വ വിദ്യാർത്ഥികളാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ചെയർമാൻ ടി. പി ശ്രീനിവാസൻ ഈവാനിയോസിൽ അധ്യാപകനായിരുന്നു. മുൻ ചീഫ് സെക്രട്ടറിമാരായ ജോൺ മത്തായി ഐ.എ.എസ്, കവിയും മലയാള സർവകലാശാലയുടെ ആദ്യ വൈസ്ചാൻസിലറുമായ എൻ. ജയകുമാർ ഐ.എ.എസ്, എഴുത്തുകാരനും ചിന്തകനുമായ എൻ.എസ്. മാധവൻ ഐ.എ.എസ്, ജിജി തോംസൺ ഐ.എ.എസ്, തിരുവനന്തപുരം ജില്ലാ കളക്ടർ ബിജു പ്രഭാകർ ഐ.എ.എസ്, അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. ഇങ്ങനെ പോകുന്നു പ്രശസ്തരായ പൂർവവിദ്യാർത്ഥികളുടെ നിര. സിനിമാതാരങ്ങളായ ജഗതി, ജഗദീഷ്, രവി വള്ളത്തോൾ പ്രശസ്ത ഗായകനായ വേണുഗോപാൽ, വിധു പ്രതാപ് തുടങ്ങിവർ ഈവാനിയോസിന്റെ പൂർവ വിദ്യാർത്ഥികളാണ്. തലമുറകളെ തേച്ചുമിനുക്കുന്നതിൽ ഈവാനിയോസ് പുലർത്തുന്ന മികവിനെക്കുറിച്ച് പഠിച്ച യു.ജി.സിയുടെ നാക് അക്രഡിറ്റേഷൻ സംഘം 1999-ൽ എഴുതി: കേരളത്തിലെ എന്നല്ല ഇന്ത്യയിലെ തന്നെ ഏറ്റവും നന്നായി നടത്തുന്ന കോളേജുകളിൽ ഒന്നാണ് മാർ ഈവാനിയോസ് . കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തു വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പഠിച്ച മൽക്കം ആദിശേഷയ്യ കമ്മിറ്റി ഈവാനിയോസിന് സ്വയംഭരണം കൊടുക്കണം എന്ന് 1984-ൽ തന്നെ ശുപാർശ ചെയ്തു. 2004-ൽ നാക് അക്രഡിറ്റേഷൻ പരിശോധനയ്ക്കുവന്ന യുജി.സി സംഘം ഈവാനിയോസിനെക്കുറിച്ച് എഴുതി: സാധാരണ അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും വ്യത്യസ്തമായി ഇവിടെ ഉന്നതമായ ഗവേഷണ സൗകര്യം നിലനിൽക്കുന്നു. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിൽ കോളേജ് പുലർത്തുന്ന ജാഗ്രത കഴിഞ്ഞ പരിശോധനാ വേളയിലേക്കാൾ ഉന്നതമാണ് . 2007-ൽ യു.ജി.സി 'പൊട്ടൻഷ്യൽ ഫോർ എക്സലൻസ്' പദവി നൽകി ഈവാനിയോസിനെ ആദരിച്ചു. 2011-ൽ മൂന്നാംവട്ട പരിശോധനയിലും ഈവാനിയോസ് എ ഗ്രേഡ് നിലനിർത്തി. അങ്ങനെ അക്രഡിറ്റേഷനും അസസ്മന്റിനുമായി നടന്ന മൂന്നുവട്ട പരിശോധനയിലും വിജയിക്കുന്ന കേരള സർവകലാശാലയിലെ ആദ്യത്തെ കോളേജായി ഈവാനിയോസ്. ഈ പരിശോധനകളുടെ എല്ലാം അവസാനത്തിലാണ് ഓട്ടോണമസ് പദവിനൽകപ്പെട്ടിരിക്കുന്നത്.

എന്നും പുതിയ ഇഴകൾ ചേർത്തു പിരിഞ്ഞ് മുന്നോട്ടു പോകുന്ന കയറുപോലെയാണ് ചരിത്രമെന്ന് പറഞ്ഞത് കുട്ടനാടിന്റെ കഥാകാരൻ തകഴിയാണ്. അതൊരു സത്യമാണെന്ന് നാം മനസിലാക്കുന്നു. വിടരുന്ന ഓരോ പുതിയ ഇതളും വിടരാനിരിക്കുന്ന പുത്തൻ ഇതളിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ്. അതുകൊണ്ട് നടുന്നവനോ നനയക്കുന്നവനോ അല്ല വളർത്തുന്നവനായ ദൈവത്തിനാണ് പ്രാധാന്യം. ഇതാണ് സത്യം. അതുകൊണ്ടാവണം ഈവാനിയോസ് കോളേജായി മുളച്ച് ഈവാനിയോസ് വിദ്യാനഗറായി പരിലസിച്ചു നിൽക്കുന്ന ഈ വിദ്യാകേന്ദ്രത്തിന്റെ തിലകക്കുറിയായി മലങ്കരയുടെ പുണ്യപിതാവ് മാർ ഈവാനിയോസ് തിരുമേനി എഴുതിവച്ചത് 'സത്യം നിങ്ങളെ സ്വതന്ത്രരാക്കും'. ദൈവമാണ്സത്യം. ഈ പരമ സത്യമാണ് നമ്മെ സ്വതന്ത്രരാക്കുന്നതും.






## കവർ സ്റ്റോറി

# സ്വയംഭരണ കോളേജുകൾ എന്ത്? എന്തിന്?



**റവ. ഡോ. ജിജി തോമസ്**
പ്രിൻസിപ്പൽ,
മാർ ഈവാനിയോസ് കോളേജ്

ആധുനിക ഭാരതത്തിലെ ഉന്നത വിദ്യാഭ്യാസത്തിന് അടിത്തറ പാകിയത് ബ്രിട്ടീഷുകാരാണല്ലോ! ആദ്യകാല സർവ്വകലാശാലകളായ മദ്രാസ്, മുംബൈ, കൽക്കത്ത സർവ്വകലാശാലകളും തുടർന്നുവന്നവയും 'affiliating' രീതിയിലാണ് സ്ഥാപിക്കപ്പെട്ടത്. പല സർവ്വകലാശാലകൾ, ഓരോ സർവ്വകലാശാലയുടെയും കീഴിൽ പല കോളേജുകൾ, അവയ്ക്ക് പൊതുവായ പാഠ്യപദ്ധതിയും സിലബസും പരീക്ഷാനടത്തിപ്പും- ഇതൊക്കെയാണ് ഈ ഘടനയിൽ ഉൾച്ചേർന്നിട്ടുള്ളത്. കോളേജുകളുടെ എണ്ണം കുറവായിരുന്ന കാലത്ത് ഈ രീതി സുഗമമായി നടന്നുപോയെങ്കിലും, കോളേജുകളുടെയും വിദ്യർത്ഥികളുടെയും സംഖ്യ വർദ്ധിച്ചതോടു കൂടി ഈ രീതി പ്രായോഗികമല്ലാതായി മാറി. മാത്രവുമല്ല എല്ലാ കോളേജുകളിലും ഒരേ പാഠ്യപദ്ധതിളും ചട്ടങ്ങളും നടപ്പാക്കുന്നത് വിദ്യാഭ്യാസരംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് തടസ്സമാണെന്ന് വിദ്യഭ്യാസ ചിന്തകർ മനസ്സിലാക്കി. അതുകൊണ്ടാണ്, സ്വാതന്ത്രഭാരത്തിലെ സുപ്രധാന വിദ്യാഭ്യാസ കമ്മീഷനുകളിലൊന്നായ പ്രൊഫ. ഡി.എസ് കോത്താരി കമ്മീഷൻ (1964-66), തെരഞ്ഞെടുക്കപ്പെടുന്ന കോളേജുകൾക്ക് സ്വയംഭരണം ശുപാർശ ചെയ്തത്. പിന്നീടുവന്ന ദേശീയ വിദ്യാഭ്യാസ കമ്മീഷനുകൾ, പ്രത്യേകിച്ച് 1986-ലെ ദേശീയ വിദ്യാഭ്യാസനയം (National Education Policy) ഇക്കാര്യത്തിന് കൂടുതൽ പ്രാധാന്യം കൊടുത്തു. തത്ഫലമായി 8-ാം പഞ്ചവത്സരപദ്ധതികാലം മുതൽ, സ്വയംഭരണ കോളേജുകൾ വ്യാപകമാക്കാൻ യു.ജി.സി നീക്കം തുടങ്ങി. 8-ാം പദ്ധതിക്കാലത്ത് 10% കോളേജുകളെ സ്വയംഭരണമാക്കാൻ പദ്ധതിയിട്ടെങ്കിലും 11-ാം പദ്ധതി തീരുന്നതുവരെ (2007-12), ദേശീയതലത്തിൽ 362 കോളേജുകൾ മാത്രമാണ് ഈ തലത്തിലേക്കുയർന്നത്. 12-ാം പദ്ധതിക്കാലത്ത് (2012-17) 500 കോളേജുകളെ കൂടിയെങ്കിലും സ്വയംഭരണ നിലവാരത്തിലേക്ക് ഉയർത്തണമെന്നാണ് യു.ജി.സി നയം. യു.ജി.സി യുടെ കണക്കനുസരിച്ച് രാജ്യത്താകമാനം ഏകദേശം 659 സർവ്വകലാശാലകളും 35,539 കോളേജുകളുമുണ്ട്. അതിൽ 24 സംസ്ഥാനങ്ങളിലെ 93 സർവ്വകലാശാലകളുടെ കീഴിലായി 485 കോളേജുകൾക്കാണ് നാളിതുവരെ സ്വയംഭരണ പദവി നൽകിയിരിക്കുന്നത്. ഏറ്റവുമധികം സ്വയംഭരണ കോളേജുകളുള്ളത് തമിഴ്നാട്ടിലാണ്. ദേശീയനയം എന്തുതന്നെയായിരുന്നാലും, കേരളത്തിൽ വിവിധ കാരണങ്ങൾ കൊണ്ട് സ്വയംഭരണ കോളേജുകൾക്ക് അനുകൂലമായ രാഷ്ട്രിയ ഭരണ-സംഘടനാ നിലപാടായിരുന്നില്ല ഉണ്ടായിരുന്നത്. എന്നാൽ ഈയടുത്ത കാലത്ത് സർക്കാർ തലത്തിൽ നയവ്യത്യാസം ഉണ്ടാവുകയും തത്ഫലമായി 2013-ൽ 13 കോളേജുകളെ സ്വയംഭരണ പദവിക്കായി സർക്കാർ ശുപാർശ ചെയ്യുകയും ചെയ്തു. പ്രസ്തുത കോളേജുകളിൽ 2014 മാർച്ച് മാസം മുതൽ യു.ജി.സി യുടെ വിദഗ്ധസംഘം നടത്തിയ പരിശോധനയുടെ റിപ്പോർട്ട് അനുസരിച്ച് 2014 ജൂൺ 13-ാം



തീയതി കൂടിയ യോഗത്തിൽ വച്ച് യു.ജി.സി 7 കോളേജുകൾക്ക് സ്വയംഭരണ പദവി അനുവദിച്ചു. കേരള സർവ്വകലാശാലയുടെ കീഴിൽ മാർ ഈവാനിയോസ് കൂടാതെ കൊല്ലം ഫാത്തിമ മാതാ കോളേജ്, മഹാത്മഗാന്ധി സർവ്വകലാശാലയിൽ നിന്ന് എസ്.ബി. ചങ്ങനാശ്ശേരി, എസ്.എച്ച് തേവര, സെന്റ് തെരേസാസ്, രാജഗിരി എറണാകുളം, കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് സെന്റ് തോമസ് തൃശ്ശൂർ എന്നിവയാണ് ആ കോളേജുകൾ. സ്വയംഭരണ കോളേജുകൾ എന്ന ആശയം ഉൾച്ചേർത്തുകൊണ്ട് കേരള സർക്കാർ കേരളത്തിലെ സർവ്വകലാശാലകളുടെ ആക്ട് പരിഷ്കരിച്ച് 2013 നവംബർ 30-ാം തീയതി ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. പ്രസ്തുത ഓർഡിനൻസ് വഴി പുതുക്കപ്പെട്ട കേരള സർവ്വകലാശാല ആക്ട് 17 സെക്ഷൻ 69 സി അനുസരിച്ച്, യു.ജി.സി മാർ ഈവാനിയോസ് കോളേജിന് സ്വയംഭരണ പദവി നൽകാൻ തീരുമാനമെടുത്ത 2014 ജൂൺ 13-ാം തീയതി മുതൽ ഈ കോളേജ് സ്വയംഭരണ കോളേജായി പരിഗണിക്കപ്പെടും. ആയതിനാൽ 2014-15 അധ്യയനവർഷം പ്രവേശനം നേടുന്ന ബിരുദ, ബിരുദാനന്തര-ബിരുദ വിദ്യാർത്ഥിനി വിദ്യാർത്ഥികൾ മുതൽ സ്വയംഭരണ രീതി അനുസരിച്ചായിരിക്കും പഠിക്കുക. സമയപരിമിതി മൂലം ഈ അധ്യയനവർഷം പ്രത്യേകമായ സിലബസ്സ്, പരീക്ഷാ, പരിശോധനാ രീതി പരിഷ്കരണങ്ങൾ ഒന്നും തന്നെ മാർ ഈവാനിയോസ് കോളേജ് ഉദ്ദേശിക്കുന്നില്ല.

### എന്താണ് സ്വയംഭരണം?

ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നടത്തിപ്പിന് പ്രധാനമായും മൂന്നു തലങ്ങളുണ്ട്. അക്കാദമികം (academic), ഭരണപരം (administrative), സാമ്പത്തികം (financial). ഇതിൽ അക്കാദമികമായ കാര്യങ്ങളിൽ മാത്രമാണ് കേരളസർക്കാർ സ്വയംഭരണം അനുവദിച്ചിരിക്കുന്നത്. അക്കാദമികമായ സ്വാതന്ത്ര്യം പ്രധാനമായും നാലു തലങ്ങൾ ഉൾക്കൊള്ളുന്നതാണ്. ആരു പഠിപ്പിക്കണം, ആരെ പഠിപ്പിക്കണം, എന്തു പഠിപ്പിക്കണം, എങ്ങനെ പഠിപ്പിക്കണം. ഈ നാലു തലങ്ങളിലുള്ള സ്വതന്ത്ര്യം സർക്കാർ-സർവ്വകലാശാല നിബന്ധനകൾക്കു വിധേയമായി വിനിയോഗിക്കുന്നതാണ് സ്വയംഭരണം എന്നു വേണമെങ്കിൽ പറയാം. ദേശീയനയം (1986-92) താഴെപ്പറയുന്ന സ്വതന്ത്ര അവകാശങ്ങളാണ് സ്വയംഭരണ കോളേജുകൾക്കായി വിഭാവന ചെയ്തത്.

1. പാഠ്യ പ്രവർത്തികളും സിലബസും രൂപകല്പന ചെയ്യുകയും പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായി കാലാകാലങ്ങളിൽ അവ പരിഷ്കരിക്കുകയും ചെയ്യുക.

2. സംസ്ഥാന സർക്കാരിന്റെ സംവരണ നയത്തോടു യോജിച്ച രീതിയിൽ വിദ്യാർത്ഥി പ്രവേശനം ആവിഷ്കരിക്കുക.

3. വിദ്യാർത്ഥി മികവിനെ വിലയിരുത്തുന്നതിനും പരീക്ഷകൾ നടത്തി ഫലം പ്രസിദ്ധീകരിക്കുന്നതിനും ആവശ്യമായ രീതികൾ ആവിഷ്കരിക്കുക.

4. വിദ്യാഭ്യാസ സാങ്കേതികതയുടെ ആധുനിക രീതികൾ ഉപയോഗിച്ച് ഉന്നത നിലവാരവും വർദ്ധിതമായ സൃഷ്ടിപരതയും നേടിയെടുക്കുക.

5. ചുറ്റുപാടുമുള്ള സമൂഹത്തിന് ഉപകാരപ്രദമായ വിധത്തിൽ സാമൂഹ്യ സേവനം, അനുബന്ധ പ്രവൃത്തികൾ, പൊതുസമൂഹത്തിന് ആവശ്യമായ പ്രോജക്ടുകൾ എന്നീ ആരോഗ്യകരമായ നടത്തിപ്പുകളെ പ്രോത്സാഹിപ്പിക്കുക.

മേൽപ്പറഞ്ഞ ദേശീയനയത്തിനനുസൃതമായി കേരളസർവ്വകലാശാല ആക്ട് 17 സെക്ഷൻ 2-ൽ അക്കാദമിക സ്വയംഭരണത്തെ ഇങ്ങനെ നിർവ്വചിച്ചിരിക്കുന്നു. "academic autonomy means a privilege of a college or university to conduct academic programmes, develop syllabus for the respective subjects, devise teaching, learning and evaluation methods, conduct examinations leading to the award of a degree, diploma, certificate and such other titles and distinctions by the university and publication of results". യാതൊരു നിയന്ത്രണവുമില്ലാത്ത ഒരു സ്വാതന്ത്ര്യമാണ് മേൽപ്പറഞ്ഞതെന്ന് ആർക്കും ആശങ്ക വേണ്ട! രൂപീകരിക്കുന്ന സിലബസിനും ആവിഷ്കരിക്കുന്ന പരീക്ഷാ നടത്തിപ്പു രീതികൾക്കും രൂപകല്പന ചെയ്യുന്ന പാഠ്യപദ്ധതികൾക്കുമെല്ലാം സർവ്വകലാശാലയുടെ അംഗീകാരം ആവശ്യമുണ്ട്. മാത്രവുമല്ല, ഇങ്ങനെയുള്ള എല്ലാ തീരുമാനങ്ങൾക്കും അംഗീകാരം നൽകുന്ന കമ്മിറ്റികളിൽ യു.ജി.സി, സർക്കാർ, സർവ്വകലാശാല എന്നിവയുടെ പ്രതിനിധികളുണ്ട്. ക്ലാസ്റൂം പ്രബോധനത്തിനപ്പുറത്ത് ആവശ്യമായ അനുബന്ധ പ്രവർത്തികളിൽ കുട്ടികൾക്ക് പരിശീലനം നൽകുവാൻ കരിക്കുലത്തിന്റെ ഭാഗമായിത്തന്നെ സാധിക്കും. സ്വന്തമായ അക്കാദമിക കലണ്ടർ ഉള്ളതു കൊണ്ട് പ്രവേശനവും പരീക്ഷയും ഫലപ്രഖ്യാപനവും എല്ലാം സമയത്തു നടത്തി വിദ്യാർത്ഥികൾക്ക് മാസ വർഷ നഷ്ടങ്ങൾ കൂടാതെ പഠനം അവസാനിപ്പിക്കാൻ സാധിക്കും. കൂടാതെ കൂടുതൽ പാഠ്യപ്രവർത്തികൾ ആരംഭിക്കുക വഴി ദേശീയ Gross Enrollment Ratio കൂട്ടാൻ സാധിക്കും. (18-22 പ്രായക്കാരായ യുവജനങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിൽ ഏർപ്പെടുന്നവരുടെ അനുപാതമാണിത്. ഇന്ത്യയിലെ GER ആഗോളശരാശരി (24 %) യുടെ ഏകദേശ പകുതിയും വികസിത രാജ്യങ്ങളിലെ ശരാശരി (58%) യെക്കാൾ വളരെ താഴെയുമാണ്.


### സ്വയംഭരണ കോളേജിലെ ഭരണ സംവിധാനങ്ങൾ

ഒരു സ്വയംഭരണ കോളേജിന്റെ ഭരണനിർവ്വഹണത്തിനായി നാലു statutory bodies ആണ് യു.ജി.സി നിഷ്കർഷിക്കുന്നത്. ഇതിൽ പരമോന്നതമായത് ഗവേണിംഗ് കൗൺസിൽ ആണ്. കോളേജ് മാനേജർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി, പ്രിൻസിപ്പൽ, യു.ജി.സി, ഉന്നതവിദ്യാഭ്യാസ കൗൺസിൽ, സർവ്വകലാശാല എന്നിവയുടെ ഓരോ പ്രതിനിധികൾ, കോളേജിലെ മൂന്ന് മുതിർന്ന അധ്യാപകർ എന്നിങ്ങനെ 8 പേരടങ്ങുന്നതാണ് ഗവേണിംഗ് കൗൺസിൽ. കോളേജിന്റെ സ്വയംഭരണം ഉത്തമമായും മികവോടെയും നടക്കുന്നു എന്നുറപ്പാക്കുന്ന സമിതിയാണിത്. അക്കാദമികമായ കാര്യങ്ങൾ ചർച്ചചെയ്ത് തീരുമാനമെടുത്ത് ഗവേണിംഗ് കൗൺസിലിന് ശുപാർശചെയ്യുന്ന സമിതിയാണ് അക്കാദമിക് കൗൺസിൽ. കോളേജിലെ എല്ലാ പഠന വകുപ്പുകളുടെയും തലവൻമാർ, സർവ്വകലാശാലയുടെയും കോളേജിലെ അധ്യാപകരുടെയും പ്രതിനിധികൾ, കോളേജിനു പുറത്തുനിന്ന്- വ്യവസായ, വാണിജ്യ, നിയമ, വിദ്യാഭ്യാസ, മെഡിസിൻ, എഞ്ചിനിയറിംഗ് മേഖലകളിൽ നിന്നൊക്കെയുള്ള പ്രതിനിധികൾ എന്നിവരടങ്ങുന്ന ഈ കൗൺസിലിന്റെ അധ്യക്ഷൻ പ്രിൻസിപ്പലാണ്. ഒരു

പാഠ്യ വിഷയം അല്ലങ്കിൽ സമാനസ്വഭാവമുള്ള പല വിഷയങ്ങൾ എന്നിവയ്ക്കായി Board of Studies (BoS) ആവശ്യമാണ്. സിലബസ് നിർമ്മിക്കുന്നതും പാഠ്യരീതി നിർദ്ദേശിക്കുന്നതും, പഠനവും ഗവേഷണവുമെല്ലാം ഏകോപിപ്പിക്കുന്നതും BoS ആണ്. ഒരോ BoS ലും അതത് വകുപ്പിൽ നിന്നുള്ള പിഎച്ച്ഡി ബിരുദധാരികളായ ആറിൽ കവിയാത്ത അംഗങ്ങൾ, സമൂഹത്തിലെ വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധർ എന്നിവരാണ് പ്രധാനമായും അംഗങ്ങൾ. സർവ്വകലാശാലകളിൽ പോലും BoS ലെ അംഗങ്ങൾക്ക് പി എച്ച്ഡി നിർബന്ധമല്ലാതിരിക്കെ, സ്വയംഭരണ കോളേജിലെ BoS അംഗങ്ങൾക്ക് പി എച്ഡി നിർബന്ധമാക്കിയതു വഴി മികവിന്റെയും മൂല്യത്തിന്റെയും കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ല എന്ന സന്ദേശമാണ് സർക്കാരും മാനേജ്മെന്റുകളും നൽകുന്നത്. യു.ജി.സി സ്വയംഭരണ കോളേജിലെ ഭരണനിർവ്വഹണത്തിന് തരുന്ന സഹായധന വിനിയോഗത്തിനായി ഒരു ഫിനാൻസ് കമ്മിറ്റിയും ആവശ്യമുള്ള സമിതിയാണ്. പരീക്ഷാസംബന്ധമായ എല്ലാ കാര്യങ്ങളുടെയും ചുക്കാൻ പിടിക്കുന്നത് പ്രത്യേകം നിയമിതനാകുന്ന പരീക്ഷാ കൺട്രോളർ ആയിരിക്കും. വളരെ കുറ്റമറ്റ വിധത്തിൽ പരീക്ഷകൾ നടത്തുന്നതും മൂല്യനിർണ്ണയം സംഘടിപ്പിക്കുന്നതും ഫലം പ്രസിദ്ധീകരിക്കുന്നതും മാർക്ക്‌ലിസ്റ്റ് നൽകുന്നതുമെല്ലാം കൺട്രോളർ ഓഫീസിന്റെ ചുമതലയായിരിക്കും. സ്വയംഭരണ കോളേജിലെ വിദ്യാർത്ഥികൾക്കും ഡിഗ്രി നൽകുന്നത് സർവ്വകലാശാലയായിരിക്കും. ഏതെങ്കിലും തരത്തിൽ ഏതെങ്കിലും മേഖലയിൽ ഗുണമേന്മയുടെ ശോഷണം സംഭവിക്കുന്നതായി തോന്നിയാൽ ഇടപെടാൻ യു.ജി.സി, സർക്കാർ, സർവ്വലാശാല എന്നിവയ്ക്ക് അവകാശമുണ്ടായിരിക്കും.

വളരെയേറെ പ്രതീക്ഷയോടെയാണ് മാർ ഈവാനിയോസ് കോളേജ് സ്വയംഭരണ രംഗത്തേക്ക് പ്രവേശിക്കുന്നത്. 'ഏതു സ്വാതന്ത്ര്യവും ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നു. അതുകൊണ്ടാണ് വ്യക്തികൾ അതിനെ ഭയപ്പെടുന്നത്' എന്ന് ജോർജ്ജ് ബർണാർഡ് ഷാ പറഞ്ഞിട്ടുണ്ട്. അക്കാദമികമായ സ്വാതന്ത്ര്യം സ്വയംഭരണ കോളേജുകളുടെ ഉത്തരവാദിത്വം വളരെയധികം വർദ്ധിപ്പിക്കുന്നു. മാനേജ്മെന്റിന്റെയും അധ്യാപക അനധ്യാപക വിദ്യാർത്ഥി സമൂഹത്തിന്റെയും പൂർവ്വ വിദ്യാർത്ഥികളുടെയും അഭ്യുദയ കാംക്ഷികളുടെയുമെല്ലാം ആത്മാർത്ഥമായ സമർപ്പണത്തിലൂടെ മാത്രമെ മികവാർന്ന ഒരു സ്വയംഭരണ കോളേജായി മാർ ഈവാനിയോസിനെ വളർത്താൻ സാധിക്കുകയുള്ളൂ! യുവതീ യുവാക്കൻമാർക്ക് ക്രൈസ്തവ ദർശനത്തിലും ദേശീയ നയത്തിലും അധിഷ്ടിതമായ ഉന്നത വിദ്യാഭ്യാസം മികവോടെ നൽകാൻ ഈ കലാലയത്തിന് തുടർന്നും സാധിക്കട്ടെ! പുണ്യവാനായ മാർ ഈവാനിയോസ് തിരുമേനിയുടെ മാധ്യസ്ഥം ഇതിന് സഹായമാവട്ടെ!






കവർ സ്റ്റോറി

# ഉയർന്നു ജ്വലിക്കുന്ന ദീപശിഖ



പ്രൊഫ. ജെയിംസ് സ്റ്റ്യൂവർട്ട്

*മാർ ഇവാനിയോസ് കോളേജിൽ മൂന്നുവർഷം ഡിഗ്രി വിദ്യാർത്ഥിയായും, 1964 മുതൽ 1996 വരെ 32 വർഷം ഇംഗ്ലീഷ് അദ്ധ്യാപകനായും, അതിൽ 1984 മുതൽ 12 വർഷം വകുപ്പദ്ധ്യക്ഷനായും പ്രവർത്തിച്ചിരുന്ന പ്രഫ. ജയിംസ് സ്റ്റ്യൂവർട്ട് തന്റെ എൺപതാമത്തെ വയസ്സിൽ കോളേജിലെ ഓർമ്മകൾ പങ്കിടുന്നു. കോളെജ് വിട്ടശേഷം മാർ ഇവാനിയോസ് വിദ്യാനഗറിലെ സർവോദയ വിദ്യാലയത്തിന്റെ പ്രിൻസിപ്പലായും, കാരക്കോണം സി.എസ്.ഐ. മെഡിക്കൽ കോളെജ് അഡ്മിനിസ്ട്രേറ്ററായും, ആക്കുളം ഗുഡ് ഷെപ്പേഡ് സി.ബി.എസ്.ഇ. സീനിയർ സെക്കന്ററി സ്കൂളിന്റെ പ്രഥമ പ്രിൻസിപ്പലായും പ്രവർത്തിച്ചശേഷം സ്കൂൾ മാനേജിംഗ് കമ്മിറ്റി ചെയർമാനായി പ്രവർത്തിക്കുന്നു. മാർ ഇവാനിയോസ് ഇംഗ്ലീഷ് വിഭാഗം അസോ. പ്രഫ. ഷേർളി സ്റ്റ്യൂവർട്ട് പുത്രിയാണ്.*



ഓട്ടോണമിയെന്ന അത്യപൂർവ അക്കദമീയ നേട്ടം കൈവരിച്ചിരിക്കുന്ന മാർ ഇവാനിയോസ് കോളേജിന്റെ ചരിത്രവുമായി ഗാഢമായി ഇഴ ചേർന്നതാണ് എന്റെ വ്യക്തിജീവിതവുമെന്ന് ഓർക്കാനും അഭിമാനിക്കാനും ലഭിച്ചിരിക്കുന്ന ഈ അവസരം എൺപതാമത്തെ വയസിൽ എനിക്കു കൈവന്ന ഭാഗ്യങ്ങളിലൊന്നാണ്.

അന്ന്, അറുപത്തിരണ്ടു വർഷം മുമ്പ്, 1952 ജൂണിൽ ബിഎസ്സി ബോട്ടണി ഒന്നാം ബാച്ചിലെ ഒന്നാംവർഷ വിദ്യാർത്ഥിയായി ഞാൻ മാർ ഇവാനിയോസ് കോളേജിൽ ചേർന്നു. 1955-ൽ ഡിഗ്രി നേടി ഒരു ഹൈസ്ക്കൂളിൽ സയൻസ് അദ്ധ്യാപകനായി പുറത്തു പോകുമ്പോൾ ഒൻപതു വർഷങ്ങൾക്കു ശേഷം, 1964-ൽ ഒരു ഇംഗ്ലീഷ് ലക്ചററായി ഈ കോളേജിലേയ്ക്കു തന്നെ മടങ്ങി വരണമെന്നതു എന്റെ ജീവിതത്തിലെ അത്ഭുതകരമായ ദൈവ നിയോഗമായിരുന്നു. അതിനുള്ളിൽ കോട്ടയം സിഎംഎസ് കോളേജിൽ നിന്നും ഇംഗ്ലീഷിൽ എംഎ യും ഗവ. ട്രെയിനിംഗ് കോളെജിൽനിന്നും ഡിഗ്രിയും ലഭിച്ചിരുന്നു.

ഒൻപതു വർഷം മുമ്പ് കണ്ട കലാലയ പരിസരം വീണ്ടും കാണുവാൻ 1964 ലെ വേനലവധിക്കാലത്ത് എത്തിയ ഞാൻ തികച്ചും യാദൃച്ഛികമായിട്ടായിരുന്നു അന്നു പ്രിൻസിപ്പ ലായിരുന്ന ഗീവർഗീസ് പണിക്കർ അച്ചനെ വിജനമായ ആ വളപ്പിൽ അച്ചന്റെ ഓഫീസിനു മുന്നിൽ കാണാനിടയായത്. ഞാനൊരു പൂർവ വിദ്യാർത്ഥിയാണെന്നും ബിരുദാനന്തര ബിരുദം കഴിഞ്ഞ ഉദ്യോഗാർത്ഥിയാണെന്നും



തിരിച്ചറിഞ്ഞ അച്ചൻ അന്ന് അവിടെവച്ച് എഴുതിത്തന്ന നിയമന ഉത്തരവ് മാർ ഇവാനിയോസ് കോളേജിൽ 1996 വരെ ദീർഘിച്ച എന്റെ പ്രവർത്തന നിരതമായ, അതി ധന്യമായ ആഹ്ലാദകരമായ സേവന സപര്യക്ക് നാന്ദി കുറിച്ചു. മാർ ഇവാനിയോസ് കോളേജ് വിട്ടു പോരുമ്പോൾ 12 വർഷം വകുപ്പദ്ധ്യക്ഷനെന്ന സ്ഥാനമുൾപ്പെടെ 32 വർഷത്തെ സേവനം പൂർത്തിയാക്കിയിരുന്നു.

അന്ന് എന്റെ പഠനകാലത്ത് നിർമ്മാണത്തിന്റെ പ്രാരംഭഘട്ടത്തിൽ മാത്രമായിരുന്ന കോളേജ് മന്ദിരങ്ങൾ 1964-ൽ വീണ്ടും കാണുമ്പോൾ ഏറെക്കുറെ പണിതീർന്ന് നെറുകയിൽ ജ്വലിക്കുന്ന ദീപശിഖയും പേറി പ്രൗഢിയോടെ ശിരസ്സുയർത്തി നിൽക്കുന്നു. തെല്ലകലെ പണി തീരാറായ ഹോസ്റ്റൽ മന്ദിരങ്ങൾ; പശ്ചിമ സമുദ്രത്തിന്റെ സുന്ദരദൃശ്യം സമ്മാനിക്കുന്ന, വൃക്ഷ നിബിഡമായ വിശാലമായ ബഥനി ക്കുന്ന് കുന്നിൻമുകളിലേക്കെത്തുന്ന ദീർഘമായ ചെമ്മൺ പാതയിലൂടെ നീങ്ങുന്ന വിദ്യാർത്ഥികൾ: ആൺകുട്ടികൾ മാത്രം. രാവിലെ കുന്നിൻ മുകളിലേയ്ക്ക് ആയാസത്തോടെ കയറുകയും വൈകുന്നേരം താഴേയ്ക്കിറങ്ങുകയും ചെയ്യുന്ന ഒരേയൊരു കോളേജ് ബസ്. മറ്റുവാഹനങ്ങൾ അവിടെങ്ങു മെത്താറില്ല.

ഈ പൂർവകാല ചിത്രങ്ങൾ കണ്ടിട്ടുള്ളവർക്കു മാത്രമേ വൈവിദ്ധ്യമാർന്ന വിജ്ഞാന മണ്ഡലങ്ങളിൽ ഉന്നതപഠനം നൽകാനുതകും വിധത്തിൽ വിദേശ യൂണിവേഴ്സിറ്റികളെ അതിശയിപ്പിക്കുന്ന സംവിധാന ചാതുര്യത്തോടെയും മികവോടെയും പത്തൊൻപതിലേറെ വിദ്യാഭ്യാസ സ്ഥാപ നങ്ങൾ പണിതുയർത്തി യിരിക്കുന്ന മാർ ഇവാനിയോസ് കോളേജിനു സ്വയംഭരണ പദവി ലഭിച്ചതിന്റെ പിന്നിലെ അത്യദ്ധ്വാനവും ത്യാഗവും ദീർഘ വീക്ഷണവും ദർശനവും വെളിപ്പെടുകയുള്ളൂ. ആഗോള കത്തോലിക്കാ സഭയ്ക്കും മലങ്കര കത്തോലിക്കാസഭയ്ക്കു പ്രത്യേകമായും ദൈവം അനുഗ്രഹിച്ചു നൽകിയ ശ്രേഷ്ഠ ഇടയൻ അഭിവന്ദ്യ ക്ലീമീസ് ബാവാതിരുമേനിക്കു നൽകപ്പെട്ട ദൈവ നിയോഗമാണത്.

അതിപ്രഗത്ഭരായ ശ്രേഷ്ഠാദ്ധ്യാപകരുടെ രണ സാരഥ്യം ആരംഭം മുതൽ അനുഭവിച്ച ഈ കലാലയം പ്രശസ്തി യിലേക്കുയർന്നതും കേരളക്കരയിലെ ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ മികവുറ്റ പ്രതീകമായി മാറിയതും വളരെ പെട്ടെന്നായിരുന്നു. 1970 കളിൽ കേരള യൂണിവേഴ്സിറ്റി സന്ദർശിച്ച ആദിശേഷയ്യാ കമ്മീഷൻ സ്വയംഭരണത്തിനു യോഗ്യമെന്നു വിലയിരുത്തിയ ഏക കോളേജ് ഈ കോളേജാണ്. ഭാഗ്യ സ്മരണീയനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി, ബഹു. കാളാശേരിൽ അച്ചൻ, ബഹു. എൻ.എ. തോമസ് അച്ചൻ എന്നിവർക്കു പിന്നാലെ 1961 മുതൽ പതിനേഴു വർഷക്കാലം പ്രിൻസിപ്പലായിരുന്ന റവ.ഡോ. ഗീവർഗീസ് പണിക്കരച്ചന്റെ കാലഘട്ടത്തിൽ അച്ചടക്കത്തിലും അദ്ധ്യയന നിലവാരത്തിലും കേരളത്തിലെ ഏറ്റവും പ്രശസ്തമായ കോളേജ് എന്ന ഖ്യാതി സമ്പാദിക്കാൻ മാർ ഇവാനിയോസ് കോളേജിനു കഴിഞ്ഞു.



അസാധാരണമായ ആജ്ഞാശക്തി, വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഉറച്ച ഉന്നതമായ ആദർശബോധം, എല്ലാമികവിന്റെയും പിന്നിലെ പ്രേരകശക്തി അർപ്പണബോധവും അച്ചടക്കവുമാണെന്ന ഉത്തമബോദ്ധ്യം ഇവയെല്ലാം അദ്ദേഹത്തിനു നൽകിയ ദിശാബോധം പണിക്കരച്ചനെ അവിസ്മരണീയനായ ഒരു പ്രിൻസിപ്പലാക്കി. പതിനേഴു വർഷങ്ങൾക്കുള്ളിൽ മാർ ഇവാനിയോസ് കാമ്പസും അതിനുള്ളിലെ ജീവിതവും അത്യപൂർവമായ ഒരു മഹനീയ സംസ്കാരത്തിന്റെ പ്രതീകമായി മാറിക്കഴിഞ്ഞിരുന്നു. തങ്ങളുടെ മക്കൾ മാർ ഇവാനിയോസ് കോളേജിൽ ഒരു വിദ്യാർത്ഥിയാവുകയെന്നത് രക്ഷാകർത്താക്കളുടെ സ്വപ്നമായി മാറി. കേരളത്തിന്റെ എല്ലാ ഭാഗത്തു നിന്നും വിദ്യാർത്ഥികളെത്തി.

ഈ ഉന്നത സംസ്കാരത്തിന്റെ ദീപശിഖ ശോഭ മങ്ങാതെ കാക്കുവാൻ തുടർന്നുവന്ന പ്രിൻസിപ്പൽമാർക്കായി. റവ. ഫാ. ജോർജ്ജ് മലങ്ങരുവിൽ, റവ. ഡോ. തോമസ് കൊട്ടാരത്തിൽ, പ്രഫ. കെ.എം. വർഗീസ്, ഡോ. ആന്റണി ഊപ്പൻ എന്നീ പ്രഗത്ഭരായ പ്രഥമാദ്ധ്യാപകരോടൊപ്പവും കോളെജിന്റെ വളർച്ചയിലും വികസനത്തിലും നിർണ്ണായക സ്വാധീനമായിരുന്ന റവ. ഫാ. പനംകുന്നേൽ, ഇപ്പോൾ സഹായമെത്രാനായിരിക്കുന്ന കാട്ടുകല്ലിൽ പിതാവ് എന്നിവരോടൊപ്പവും പ്രവർത്തിച്ചതിന്റെ അനുഭവങ്ങൾ സംതൃപ്തി പകരുന്ന ഓർമ്മകളാണ്.

മാർ ഈവാനിയോസിലെ എന്റെ മുപ്പത്തിരണ്ടു വർഷങ്ങളും വദ്യാർത്ഥികളുടെ കാമ്പസ് ജീവിതവുമായി ആത്മബന്ധം പുലർത്തുന്നതായിരുന്നു. ഇക്കാലമെല്ലാം യൂണിയൻ തെരഞ്ഞെടുപ്പു മുതൽ വിദ്യാർത്ഥികളുടെ സകല കലാസാംസ്ക്കാരിക പ്രവർത്തനങ്ങളുടെയും ഉപദേഷ്ടാവും, സംഘാടകനുമായ ചുമതലക്കാരനായിരുന്നതിനാലാവാം മാർ ഇവാനിയോസ് കോളേജിന്റെ പടിയിറങ്ങിപ്പോയി ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും തങ്ങളുടെ സാന്നിദ്ധ്യവും പ്രതിഭയും, നേതൃപാടവവും പ്രകടമാക്കി ചരിത്രത്തിൽപോലും ചുവടുറപ്പിച്ച നയതന്ത്രവിദഗ്ധരും, ശാസ്ത്ര പ്രതിഭകളും പത്രപ്രവർത്തകരും മന്ത്രിമാരും, എം.എൽ.എ.മാരും, എം.പി.മാരും മറ്റു ജനപ്രതിനിധികളും വെള്ളിത്തിരയുൾപ്പെടെ അഭിനയ രംഗത്തെ രാജാക്കന്മാരും അതി പ്രഗത്ഭ ഗായകരും സംഗീത സംവിധായകരും നർത്തകരും ചലച്ചിത്ര പ്രവർത്തകരും അതിപ്രശസ്തരായ ഭിഷഗ്വരന്മാരും നിയമജ്ഞരും സാഹിത്യ പ്രതിഭകളും വൈദിക പ്രമുഖരും കായികതാരങ്ങളും ഉൾപ്പെടെ നൂറുകണക്കിനു നേതാക്കളുടെ വളർച്ച അടുത്തുനിന്നു കാണുവാൻ അവസരം ലഭിച്ചത്. അതുപോലെ ആഹ്ലാദകരമായിരുന്നു കോളേജ് ഓഡിറ്റോറിയത്തിനുള്ളിൽ പൊട്ടി വിടർന്ന നൂറുകണക്കിനു കലാപ്രതിഭകളുടെ വർണാഭമായ വളർച്ചയിൽ പങ്കാളിയാവുകയെന്നത്.

2012 നവമ്പറിൽ മാർ ഈവാനിയോസ് കോളേജിന്റെ പൂർവവിദ്യാർത്ഥി സംഘടനയായ അമിക്കോസിന്റെ ദുബായ് ചാപ്റ്ററിലെ കുട്ടികൾ (ഇന്ന് അവരൊക്കെ അപ്പനമ്മമാരാണ്) അത്യപൂർവമായ ഒരനുഭവം എനിക്കു സമ്മാനിച്ചു. എന്റെ എഴുപത്തെട്ടാമത്തെ വയസ്സിൽ അവർ എന്നെ ദുബായിയിലേക്കു കൊണ്ടുപോയി. എന്റെ ആദ്യത്തെ വിദേശയാത്ര. ഞാൻ മാർ ഈവാനിയോസ് ക്യാമ്പസ് വിട്ട് പതിനാറു വർഷങ്ങൾക്കു ശേഷം അതിനും മുമ്പുള്ള മൂന്നു ദശകക്കാലത്തിനുള്ളിൽ ഞാൻ കണ്ടറിഞ്ഞു സ്നേഹിച്ച എന്റെ കുട്ടികൾ തങ്ങളുടെ ഗുരുജനങ്ങളോടുള്ള സ്നേഹാദരങ്ങൾ കാത്തു സൂക്ഷിക്കുന്നു എന്ന അറിവും അനുഭവവും അദ്ധ്യാപകനു മാത്രം സ്വന്തമായ അനുഗ്രഹമാണ്.

ഇതു തന്നെയാണ് മാർഇവാനിയോസ് കോളെജെന്ന കലാക്ഷേത്രം തലമുറൾക്കു കൈമാറിക്കൊണ്ടരിക്കുന്ന അനശ്വര സംസ്ക്കാരത്തിന്റെ ദീപശിഖ.





കോളേജിനു വേണ്ടി ജീവിതം വ്യയം ചെയ്ത് അതിനെ വളർത്തി വലുതാക്കുന്നതിൽ വലിയ സംഭാവനകൾ ചെയ്ത മുൻ പ്രിൻസിപ്പാൾമാർ ഓർമ്മകൾ പങ്കു വയ്ക്കുന്നു



ഡോ. ആന്റണി ഈപ്പൻ

# എന്റെ മാർ ഈവാനിയോസ് കോളേജ്

മനസ്സിലുള്ള വികാരങ്ങളും വിചാരങ്ങളും പ്രകടിപ്പിക്കുവാൻ വാക്കുകൾ അശക്തങ്ങളാകുന്ന ഒരു അവസ്ഥയിലാണ് ഞാൻ ഇപ്പോൾ. എന്റെ ജീവിതത്തിന്റെ ഏറ്റവും നല്ല 33 വർഷങ്ങൾ ചിലവഴിച്ച, എന്നെ ഞാനാക്കി മാറ്റിയ മാർ ഈവാനിയോസ് കോളേജ് എന്റെ ജീവിതത്തിന്റെ ഭാഗമാണ്. സ്നേഹം കൊണ്ട് എന്നെ വീർപ്പുമുട്ടിച്ച നൂറു കണക്കിനു വിദ്യാർത്ഥികൾ, ആത്മാർത്ഥതയോടെ സൗഹൃദവും സഹകരണവും തന്ന് സഹായിച്ച സഹപ്രവർത്തകർ, പിതൃസഹജമായ വാത്സല്യത്തോടെ മാർഗ്ഗനിർദ്ദേശങ്ങൾ തന്ന് മുന്നോട്ടു നയിച്ച അഭിവന്ദ്യ പിതാക്കന്മാർ- എല്ലാം എന്റെ മനസ്സിലെ ചിന്തകളെ ദീപ്തമാക്കുന്നു.

കാലത്തിന്റെ ഗതി മനസ്സിലാക്കുവാനും അതനുസരിച്ച് പ്രവർത്തനശൈലി മാറ്റുവാനും എന്നും നമ്മുടെ കോളേജ് മുന്നിലായിരുന്നു. അതാണ് ഈ കലാലയത്തെ ഇത്രയും ഉന്നതമായ സ്ഥാനത്ത് സ്ഥിരമായി നിർത്താൻ സാധിച്ചത്. പഠനരംഗത്ത് വലിയ വിജയങ്ങൾ നേടുന്നതിനൊപ്പം കലാ കായിക രംഗങ്ങളിലും നമ്മുടെ കോളേജ് എന്നും മുൻപന്തിയിലായിരുന്നു. 47 വർഷങ്ങൾക്കു മുമ്പ് മാർ ഈവാനിയോസ് കോളേജിൽ അധ്യാപകനായി കടന്നു വന്നത് ഇന്നത്തെപ്പോലെ ഓർക്കുന്നു. മരങ്ങളും ചെടികളും കൊണ്ട് പ്രകൃതി അണിയിച്ചൊരുക്കിയ ബഥനിക്കുന്നിന്റെ നിറുകയിൽ ഗജരാജനെപ്പോലെ തലയുയർത്തി നിൽക്കുന്ന കോളേജ് ഞങ്ങൾക്കൊക്കെ അഭിമാനത്തിന്റെയും, ഒരുപക്ഷെ അല്പം അഹങ്കാരത്തിന്റെയും പ്രതീകമായിരുന്നു. സ്ഥാപനങ്ങൾ കൊണ്ടുനിറഞ്ഞ മാർ ഈവാനിയോസ് വിദ്യാനഗറായി ബഥനിക്കുന്നിന് രൂപാന്തരം സംഭവിച്ചപ്പോൾ ഗതകാല സ്മരണകൾ മനസ്സിൽ ഉയർന്നുവരുന്നു. സർവ്വതന്ത്ര സ്വതന്ത്രയായി ബഥനിക്കുന്നിന്റെ നിറുകയിൽ വിരാജിച്ചുനിന്ന മാർ ഈവാനിയോസ് കോളേജ് ചുറ്റുമതിലിനുള്ളിലെ ഇത്തിരിസ്ഥലത്ത് വീർപ്പുമുട്ടുന്നതുപോലെ തോന്നുന്നു.

മാർ ഈവാനിയോസ് കോളേജിന് സ്വയംഭരണ പദവി ലഭിച്ചതിൽ ഏറെ സന്തോഷിക്കുന്ന ഒരാളാണ് ഞാൻ. ഇതിന്റെ മുന്നൊരുക്കമായി 1997-ൽ NAAC accreditation വേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടങ്ങിയപ്പോൾ കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്ത് NAAC ഒരു ചർച്ചാ വിഷയം പോലുമല്ലായിരുന്നു. കേരളായൂണിവേഴ്സിറ്റിയിൽ NAAC accreditation ലഭിച്ച ആദ്യത്തെ കലാലയമായി മാർ ഈവാനിയോസ്. അന്നത്തെ NAAC pear team report ൽ നിന്ന് ഒരു വാചകം. This is one of the best run institutions most only in Kerala, but in the country. It is eminently suited to being conferred Autonomous Institution Status. One day we hope, it can become a Deemed-to-be university. ആദ്യത്തെ ഭാഗം ശരിയാകാൻ നീണ്ട 16 വർഷങ്ങൾ എടുത്തു. രണ്ടാമത്തെ ഭാഗം അതിലും വളരെക്കുറച്ചു സമയത്തിനുള്ളിൽ ശരിയാകുമെന്നു പ്രത്യാശിക്കാം. അതിനു വേണ്ടി പ്രയത്നിക്കാം.



# ആത്മസംതൃപ്തിയുടെ നാളുകൾ

ഡോ. കെ. എം. വർഗ്ഗീസ്

1955-ൽ മാർ ഈവാനിയോസ് കോളേജിൽ ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ അദ്ധ്യാപകനായി ചേരുമ്പോൾ ഞാൻ അവിടെ നിയമിക്കപ്പെടുന്ന ആദ്യത്തെ മലങ്കര കത്തോലിക്കാ അദ്ധ്യാപകനായിരുന്നു. 1965 മുതൽ ഡിപ്പാർട്ട്മെന്റ് തലവനായും പിന്നീട് ഒരു ചെറിയ കാലയളവിൽ അഞ്ചൽ സെന്റ് ജോസഫ് കോളേജിൽ പ്രിൻസിപ്പലായി നിയമിതനായി. തിരിഞ്ഞുനോക്കുമ്പോൾ എനിക്കഭിമാനം തോന്നുന്നു. കോളേജിന്റെ ആദ്യകാലഘട്ടം മുതൽ അതിന്റെ വളർച്ച വളരെ അടുത്തുനിന്നു കാണുവാൻ എനിക്കു സാധിച്ചു. അതിന്റെ ഭാഗമാകുവാൻ കഴിഞ്ഞു. തുടക്കം മുതൽ അച്ചടക്കത്തിന്റെ വിട്ടുവീഴ്ചയില്ലാതെ എന്നാൽ തികച്ചും സൗഹൃദഅന്തരീക്ഷം നിലനിന്ന ഒരു കാലമായിരുന്നു. അദ്ധ്യാപക വിദ്യാർത്ഥി ബന്ധം ഏറെ പ്രത്യേകതയുള്ളതായിരുന്നു. ആദ്യ വർഷം തന്നെ മദ്ധ്യ തിരുവിതാംകൂറിൽ നിന്നു ഏകദേശം നാന്നൂറിലധികം കുട്ടികൾ ഹോസ്റ്റലിൽ ഉണ്ടായിരുന്നു. ചുരുങ്ങിയ കാലയളവുകൊണ്ട് മാർ ഈവാനിയോസ് കോളേജ് കേരളത്തിലെ അതി പ്രശസ്തമായ മറ്റു കലാലയങ്ങൾക്കൊപ്പമോ ഒരു പടി മുന്നിലോ എത്തുന്നതാണ് ഞാൻ കണ്ടത്. 1949 മുതൽ കോളേജിനു ലഭിച്ച പ്രഗൽഭരായ പ്രിൻസിപ്പൽമാരും അദ്ധ്യാപകരും ഹോസ്റ്റൽ വാർഡൻമാരും ഈ കോളേജിന്റെ മികവിന്റെ കേന്ദ്രമാക്കി വളർത്തി. യൂണിവേഴ്സിറ്റി കോളേജിൽ നിന്നും റിട്ടയർ ചെയ്ത അതി പ്രഗൽഭരായ അദ്ധ്യാപകർ കോളേജിന് മുതൽകൂട്ടായി. 37 വർഷം എന്റെ മാർ ഈവാനിയോസ് ജീവിതം എനിക്കു നൽകിയ ആത്മസംതൃപ്തി പറഞ്ഞറിയിക്കുവാൻ കഴിയാത്തതാണ്.



# മാർ ഈവാനിയോസ് കോളേജ് വിജ്ഞാന കേന്ദ്രം

റൈറ്റ് റവ. ഡാനിയേൽ കുഴിത്തടത്തിൽ കോർ-എപ്പിസ്കോപ്പാ





മാർ ഈവാനിയോസ് കോളേജിന് Autonomous പദവി ലഭിച്ചു എന്നറിഞ്ഞപ്പോൾ എനിക്ക് വളരെയധികം സന്തോഷം തോന്നി. ഇത് വളരെ വൈകി വന്ന ഒരു തീരുമാനവും, അംഗീകാരവുമാണ്; നേരത്തെ ലഭിക്കേണ്ടതായിരുന്നു. വളരെ വർഷങ്ങൾക്കു മുൻപു തന്നെ വിവിധ കമ്മീഷനുകളും UGC യും NAAC ഉം മാർ ഈവാനിയോസ് കോളേജിന് Autonomous പദവി കൊടുക്കണമെന്നു ശുപാർശ ചെയ്തിരുന്നു. എന്നാൽ അന്നത്തെ ഗവൺമെന്റുകളുടെ രാഷ്ട്രീയ വിദ്യാഭ്യാസ നയം കോളേജുകൾക്ക് സ്വതന്ത്ര പദവി നൽകുന്നതിന് എതിരായിരുന്നു. ഞാൻ പ്രിൻസിപ്പാൾ ആയിരുന്ന കാലഘട്ടത്തിൽ തന്നെ Autonomous പദവിക്കു വേണ്ടിയും College with Potential for Excellence നു വേണ്ടിയും NAAC Re-accreditation നു വേണ്ടിയും അപേക്ഷിച്ചിരുന്നു. അതിന്റെ Evaluation നടന്നതിനു ശേഷം യു.ജി.സി. മാർ ഈവാനിയോസ് കോളേജിനെ College with Potential for Excellence ആയി പ്രഖ്യാപിക്കുകയും Autonomous പദവിക്കു വേണ്ടി short list ചെയ്യുകയും NAAC Re-accreditation -Grade നൽകുകയും ചെയ്തിരുന്നു.

കോളജിന്റെ ആധുനികമായ അടിസ്ഥാന സൗകര്യങ്ങൾ, കോഴ്സുകൾ, ലൈബ്രറി, ലാബുകൾ, ആധുനിക കമ്പ്യൂട്ടർ വത്ക്കരണം, വിദ്യഭ്യാസ മികവ്, അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും ബൗദ്ധികമികവ്, കലാകായിക സാംസ്കാരിക നേട്ടങ്ങൾ, ഹോസ്റ്റൽ സൗകര്യങ്ങൾ, പൂർവ്വ വിദ്യാർത്ഥികളുടെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക ആദ്ധ്യാത്മിക മേഖലകളിലുള്ള നിർണ്ണായകമായ സാന്നിധ്യവും സംഭാവനയും, ക്യാമ്പസിലെ അച്ചടക്ക അന്തരീക്ഷം, ആദ്ധ്യാത്മിക അന്തരീക്ഷം (ദൈവാലയ സാന്നിദ്ധ്യം) തൊഴിലധിഷ്ടിത കോഴ്സുകൾ, റിസർച്ചിനു നൽകുന്ന പ്രാധാന്യം, മാനേജ്മെന്റിന്റെ വിദ്യാഭ്യാസ രംഗത്തുള്ള ഫലവത്തായ സാന്നിധ്യം, കോളേജിന്റെ സമീപമുള്ള പ്രദേശങ്ങളിലെ സാമൂഹിക പ്രശ്നങ്ങളിലുള്ള പ്രതിബദ്ധതയും ഇടപെടലുകളും, ജീവകാരുണ്യ പ്രവർത്തനങ്ങളും എന്നിവകൾ കോളേജിനെ വിലയിരുത്തുമ്പോൾ മാനദണ്ഠങ്ങളായിട്ടുണ്ട്. ഈ കാര്യങ്ങളിൽ കാലാകാലങ്ങളിൽ മാനേജുമെന്റും പ്രിൻസിപ്പാൾമാരും അധ്യാപകരും അനദ്ധ്യാപകരുമൊക്കെ വേണ്ടതായ ശ്രദ്ധ ചെലുത്തി സൗകര്യങ്ങൾ വർദ്ധിപ്പിച്ചു എന്നുള്ളത് ഒരു വസ്തുതയാണ്.

എന്നെ സംബന്ധിച്ച് മാർ ഈവാനിയോസ് കോളേജ് എന്റെ Second Home ആയിരുന്നു. എന്റെ ജീവിതത്തിന്റെ 30 വർഷങ്ങൾ ഈ ക്യാമ്പസിലാണ് ചെലവഴിച്ചത്. 1968-ൽ വിദ്യാർത്ഥിയായി ഞാൻ മാർ ഈവാനിയോസ് കോളേജിൽ ചേർന്നു. അതിനു ശേഷം 1980 മുതൽ 2008 വരെ ഈ കോളേജിൽ വിദ്യാർത്ഥി, അദ്ധ്യാപകൻ, മാനേജിംഗ് ബോർഡ് മെമ്പർ, ഹോസ്റ്റൽ ചീഫ് വാർഡൻ, ബർസാർ, പ്രിൻസിപ്പാൾ, മാനേജിംഗ് സെക്രട്ടറി എന്നീ തസ്തികളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇന്ന് മാർ ഈവാനിയോസ് കോളേജ് കൈവരിച്ച നേട്ടത്തിൽ ചില സംഭാവനകൾ നൽകി ഭാഗഭാക്കാകുവാൻ സാധിച്ചുവെന്നതിൽ ചാരിത്രാർത്ഥ്യത്തോടുകൂടി ഞാൻ അഭിമാനം കൊള്ളുന്നു. അനതിവിദൂര ഭാവിയിൽ മാർ ഈവാനിയോസ് കോളേജ് ഒരു Deemed University ആയി ഉയർത്തപ്പെടുന്നതു കാണുവാൻ ഇടയാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

# മാർ ഈവാനിയോസ് കോളേജ് ഒരു വികാരം

മോൺ. ഡോ. മാത്യു മനക്കരക്കാവിൽ



മാർ ഈവാനിയോസ് പിതാവിന്റെ പാദസ്പർശമേറ്റ പിതാവിന്റെ സ്വപ്നസാഫല്യമായ മാർ ഈവാനിയോസ് കോളേജിന്റെ സാരഥിയാകാൻ എനിക്കുണ്ടായ നിയോഗ ത്തെക്കുറിച്ചോർക്കുമ്പോൾ ദൈവതിരുമുമ്പാകെ ശിരസ്സു നമിക്കുന്നു. മലങ്കര സഭയുടെ തലവനായ അത്യുന്നത കർദ്ദിനാൾ മോറോൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവയോടും നന്ദിയും ആദരവും ഉണ്ട്.

യു.ജി.സി യുടെ ഓട്ടോണമസ് പദവി ലഭിച്ചതിന്റെ പശ്ചാത്തലത്തിലാണ് നാം. ഈ കോളേജിൽ നിന്നും പഠിച്ചിറങ്ങിയവരെ സംബന്ധിച്ചും പഠിപ്പിച്ചവരെ സംബന്ധിച്ചും ഒരു വികാരമാണ് മാർ ഈവാനിയോസ് കോളേജ്. ദൈവദാസൻ മാർ ഈവാനിയോസ് കൈയ്യൊപ്പ് ചാർത്തി അനുഗ്രഹിച്ചാശിർവദിച്ച ഈ കുന്നിൽനിന്നും പഠിച്ചവരെല്ലാം ജീവിതത്തിൽ വിജയം വരിക്കുന്നു.

2007-ൽ ആണ് ഞാൻ പ്രിൻസിപ്പലായി ചുമതലയേറ്റത്. ഈ കോളേജിലെ തന്നെ പൂർവ്വ വിദ്യാർത്ഥിയും, ഹോസ്റ്റൽ വാർഡനും, അധ്യാപകനും, ബർസാറും ഒക്കെയായി പ്രവർത്തിച്ചതിനാൽ പ്രിൻസിപ്പൽ എന്ന നിലയിൽ എന്റെ പ്രവർത്തനങ്ങൾ താരതമ്യേന ആയാസരഹിതമായിരുന്നു. ഹൃദയത്തിൽ വിദ്യാർത്ഥികളോടുള്ള സ്നേഹം നിറഞ്ഞാൽ അതിന്റെ പ്രകാശം ചുറ്റും പ്രസരിക്കും. അധ്യാപനമെന്ന മഹനീയ ദൗത്യത്തിന്റെ സത്ഫലമാണത്.

കോളേജുമായി ബന്ധപ്പെട്ട എല്ലാ പ്രധാന വിഷയങ്ങളിലും കൂട്ടായ ചർച്ചയിലൂടെ മാത്രമെ തീരുമാനമെടുത്തിരുന്നുള്ളു. രാഷ്ട്രീയ അതിപ്രസരം ഉണ്ടായിരുന്നെങ്കിലും മാർ ഈവാനിയോസ് കോളേജിനെ യൂണിവേഴ്സിറ്റി തലത്തിൽ മാത്രമല്ല, സംസ്ഥാനതലത്തിലും, ദേശീയതലത്തിലും വരെ ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിന് സാധിച്ചു. റാഗിംഗു (ragging) മായി ബന്ധപ്പെട്ട നടപടികൾ നമ്മുടെ അയൽ രാജ്യമായ ബംഗ്ലാദേശിൽവരെ ചർച്ചചെയ്യപ്പെടുകയും, ഇന്ത്യയിൽ നിയമങ്ങൾ പാലിക്കപ്പെടുന്നു എന്നു ചൂണ്ടി ക്കാണിക്കുന്നതിന് നമ്മുടെ കോളേജിന്റെ നടപടികൾ ഉദാഹരണമായി എടുത്തുകാണിച്ച വാർത്ത പത്രങ്ങളിൽ വരികയുണ്ടായി.

വിദ്യാർത്ഥി സമരവുമായി ബന്ധപ്പെട്ട നടപടിയെടുക്കേണ്ട അവസരത്തിലും മാതൃകാപരമായി ശിക്ഷിച്ചുകൊണ്ട് അച്ചടക്കം പാലിക്കുന്നതിൽ പ്രിൻസിപ്പൽ എന്ന നിലയിൽ കഴിഞ്ഞു. അങ്ങനെ അച്ചടക്കത്തിൽ ഉന്നത നിലവാരം പുലർത്താൻ കഴിഞ്ഞു.

ഉന്നതവിദ്യാഭ്യാസ നിലവാരം കാണിക്കുന്ന സൂചികയാണല്ലോ വിജയശതമാനം. കേരള യൂണിവേഴ്സിറ്റി മിക്കവാറും എല്ലാ വിഷയങ്ങൾക്കും ഏറ്റവും കൂടുതൽ വിജയശതമാനം നേടാനും ഓരോ വർഷവും നിരവധി റാങ്കുകൾ നേടാനും പ്രത്യേകിച്ച് 2009-2010 കാലഘട്ടത്തിൽ പതിനെട്ടിൽപ്പരം റാങ്കുകൾ വരെ കരസ്ഥമാക്കുവാനും കഴിഞ്ഞു. കേരള യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ അമ്പിളി അരവിന്ദ് ട്രോഫി (ഏറ്റവും കൂടുതൽ പോയിന്റ് ഉള്ളത്) വലിയ വ്യത്യാസത്തിൽ നിലനിർത്താൻ സാധിച്ചു. കലാവാസനയുള്ള കുട്ടികളെ എടുക്കുന്നതിൽ പ്രത്യേകം താൽപ്പര്യം എടുത്തതുകൊണ്ടാണത്. കായികരംഗത്തും കേരള യൂണിവേഴ്സിറ്റി ഒന്നാം സ്ഥാനം മാർ ഈവാനിയോസ് കോളേജിനു തന്നെയായിരുന്നു. ബാസ്ക്കറ്റ്ബോൾ മാത്രമല്ല ക്രിക്കറ്റ്, അത്‌ലറ്റിക്സ് മുതലായ ഇനങ്ങളിൽ താല്പര്യമുള്ള കുട്ടികളെ എടുക്കുകയും പരിശീലനം നൽകുകയും ചെയ്തു. എന്റെ റിട്ടയർമെന്റിനു ശേഷമാണ് NAAC (National Assessment and Accreditation Council) ടീം വന്നതെങ്കിലും ഒരു വിഭവ സമൃദ്ധമായ സദ്യ ഒരുക്കി വച്ചതിനു ശേഷം അതു വിളമ്പിക്കൊടുക്കുവാൻ സാധിക്കാതെ ഇറങ്ങേണ്ടി വന്നതുപോലെയായി എന്നെ സംബന്ധിച്ച് മൂന്നാമത് NAAC ടീമിന്റെ വരവ്. NAAC നു വേണ്ട എല്ലാ റിപ്പോർട്ടുകൾ അയച്ചുകൊടുക്കുകയും expert ടീം വരുന്നതിന്റെ തീയതിയും എല്ലാ ഒരുക്കങ്ങളും പൂർത്തിയായതിനു ശേഷമാണ് ഞാൻ കോളേജിന്റെ പടികളിറങ്ങിയത്. അതിനു വേണ്ട ഒരുക്കങ്ങൾ വളരെ നേരത്തെ തന്നെ തുടങ്ങിയിരുന്നു. NAAC ടീമിന്റെ വരവിനു വേണ്ടി ബഹു. ഫ്രാൻസിസ് സാറിനെ ചുമതലപ്പെടുത്തി എല്ലാം ചെയ്യാൻ സാധിച്ചു എന്ന ചാരിതാർത്ഥ്യം ഉണ്ട്. അതുവഴിയാണ് ഓട്ടോണമസ് എന്ന പദവിക്കു വഴി തെളിഞ്ഞത്. മേൽപ്പറഞ്ഞ എല്ലാ നിലവാരവും പരിഗണിച്ചാണ് ഈ ഒരു പദവിയിലേക്ക് കോളേജിന് എത്താൻ കഴിഞ്ഞത്.

മറ്റു പല സ്ഥാപനങ്ങളും കോളേജിനോടു ചേർന്നു വന്നതിനാൽ കോളേജിനു വേണ്ടി മാത്രമായി ഒരു ക്യാമ്പസ് അടച്ചെടുക്കുന്നതിനു വേണ്ടി കോളേജിനു മുമ്പിൽ ഒരു ഗേറ്റ് പണികഴിപ്പിച്ചു. ദീർഘമായി നീണ്ടുനിന്ന പണിയിലൂടെ കോളേജിന്റെ ടവർ പുതുക്കിപ്പണിയുന്നതിനും വിദ്യാർത്ഥി കൾക്കായി സ്കൂട്ടർ ഷെഡ് പണികഴിപ്പിക്കുകയും, ലൈബ്രറിയും ഓഫീസും ആധുനിക വല്കരിക്കുകയും എല്ലാ ഡിപ്പാർട്ടുമെന്റുകളും കമ്പ്യൂട്ടർ വൽക്കരിക്കുകയും പെൺ കുട്ടികൾക്കു മാത്രമായി ടോയ്‌ലറ്റും വിശ്രമമുറിയും ഉണ്ടാക്കുകയും ചെയ്തു. NAAC ടീം വന്നപ്പോൾ ഏറ്റവും കൂടുതൽ മാർക്കു നേടിത്തന്ന തിമിംഗലത്തിന്റെ അസ്ഥികൂടം ഈ കാലയളവിലെ വലിയ നേട്ടമാണ്. 2007 മുതൽ 2011 വരെയുള്ള കാലയളവിൽ പല ദേശീയ നേതാക്കളും കോളേജിന്റെ പരിപാടികളിൽ സംബന്ധിക്കാൻ സന്ദർശനം നടത്തുകയുണ്ടായി. രാഹുൽ ഗാന്ധി, അബ്ദുൾ കലാം, കിരൺ ബേദി, സുപ്രീം കോടതി ചീഫ് ജസ്റ്റിസ് തുടങ്ങിയവർ ഉദാഹരണങ്ങൾ മാത്രം.

ഇനിയും ഒത്തിരിയേറെ വികസനത്തിലൂടെ കോളേജിനെ ഒരു deemed- to- be university ആക്കാൻ സാധിക്കണം. അതിനു സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. "The road to success is always under consruction"



# വളർന്നു വളർന്ന് ഓട്ടോണമി വരെ.....





ഡോ. കെ. എം. ഫ്രാൻസിസ്


വളർച്ചയിൽ ഓട്ടോണമി വരെ മാർ ഈവാനിയോസ് കോളേജ് എത്തി നിൽക്കുന്നു എന്നു കാണുന്നതിനാൽ വളരെ സന്തോഷം. ഉന്നത വിദ്യാഭ്യാസ രംഗത്ത് നമ്മുടെ കോളേജിന് മികവിന്റെ മാതൃകയാവാൻ സാധിക്കുന്ന ഏതെങ്കിലും ഒരു കാലഘട്ടത്തിന്റെ വിജയമല്ല. അതൊരു കൂട്ടായ്മയിലൂടെ നമ്മൾക്ക് മുന്നെ ഈ പുണ്യഭൂമിയിൽ ശുശ്രൂഷ ചെയ്ത് ഗുരുശ്രേഷ്ഠരുടെ വലിയ സംഭാവന ആണെന്നതിൽ സംശയമില്ല. അവരെയെല്ലാം നന്ദിയോടെ സ്മരിക്കുന്നു.

എത്രയെത്ര സ്ഥാപനങ്ങൾ വിദ്യാനഗറിൽ ആരംഭിച്ചാലും മാർ ഈവാനിയോസ് കോളേജ് തന്നെയാണ് അതിന്റെ കേന്ദ്രബിന്ദുവായി നിലകൊണ്ട് അതിനെല്ലാം മേൽവിലാസം നൽകുന്നത്.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ എല്ലാ പരീക്ഷണങ്ങൾക്കും. പരീക്ഷണശാലയാകുന്നത് മാർ ഈവാനിയോസ് കോളേജാണ്. ലോകത്തോളം വളർന്ന മാർ ഈവാനിയോസ് കോളേജ് ഒരു അത്ഭുതമായി നിലകൊള്ളുന്നു.

## മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ യൂക്കരിസ്റ്റിക് മിനിസേറ്റഴ്സ് ടീം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ ആദ്യമായി ഔദ്യോഗിക യൂക്കരിസ്റ്റിക് മിനിസ്റ്റേഴ്സ് ടീം (Eucharistic Minisetrs' Team) നിലവിൽ വന്നു. ജൂലൈ 16-ാം തീയതി പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ചു നടന്ന ചടങ്ങിൽ 37 പേരടങ്ങുന്ന പുതിയ അംഗങ്ങളെ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാബാവാ തിരുവസ്ത്രവും നിയമകല്പനയും നൽകി ചുമതല ഏൽപ്പിച്ചു. വലിയ ഇടവകളിലും സ്ഥാപനങ്ങളിലും വി. കുർബാന നല്കുന്നതിനു വൈദികരെ സഹായിക്കുവാനുള്ള ചുമതലയാണ് സഭയുടെ പരി. സുന്നഹദോസ് പുതിയ അംഗങ്ങളെ ഭരമേൽപ്പിച്ചത്. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ നിന്ന് 23 പേരും, മാർത്താണ്ഡം ഭദ്രാസനത്തിൽ നിന്ന് 12 പേരും തിരുവല്ലാ അതിഭദ്രാസനത്തിൽ നിന്നു 2 പേരുമാണ് നിലവിൽ അംഗങ്ങളായുള്ളത്. ആരാധന കമ്മീഷൻ ചെയർമാൻ മോസ്റ്റ് റവ. ഡോ. തോമസ് കൂറിലോസ് മെത്രാപ്പോലീത്താ ആശംസകൾ നേർന്ന് അനുഗ്രഹ പ്രഭാഷണം നിർവഹിച്ചു. അംഗങ്ങൾക്കുള്ള പരിശീലന ക്ലാസുകൾക്ക് റവ. ഡോ. ആന്റണി കാക്കനാട്ട്, റവ. ഡോ. ഐസക് പറപ്പള്ളിൽ എന്നിവർ നേതൃത്വം നൽകി.



# പ്രകാശഗോപുരം

ഡോ. മാത്യൂസ് ചെറിയാൻ

1949-ൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് സ്ഥാപിച്ച മഹത്തായ കലാലയം വളർച്ചയുടെ വിവിധ പടവുകൾ താണ്ടി വികസനത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിലേക്കു പ്രവേശിച്ചിരിക്കുന്നു. കേരളത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക സാമൂഹിക മണ്ഡലങ്ങളിൽ ശക്തമായ നേതൃത്വം നൽകുന്ന മാർ ഈവാനിയോസ് കോളേജ് ഒരു സ്വയംഭരണ സ്ഥാപനമായി ഉയർത്തപ്പെട്ട ഈ അവസരത്തിൽ കോളേജിനെ നെഞ്ചേറ്റുന്ന പതിനായിരങ്ങളോടൊപ്പം ഞാനും എന്റെ അതിരറ്റ സന്തോഷവും ആഹ്ലാദവും പങ്കുവയ്ക്കുന്നു. അതി വിദൂരഭാവിയിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് വിഭാവനം ചെയ്തതുപോലെ നമ്മുടെ കോളേജ് ഒരു സർവ്വകലാശാലയായി തീരട്ടെയെന്ന് ഹൃദയപൂർവ്വം അഭിലഷിക്കുകയും കോളേജിനു എല്ലാവിധമായ ഭാവുകങ്ങളും ആശംസകളും നേരുകയും ചെയ്യുന്നു.

ഒരു വിദ്യാർത്ഥിയായും അധ്യാപകനായും പ്രിൻസിപ്പലായും ഈ ശ്രേഷ്ഠമായ കലാലയത്തിൽ പ്രവർത്തിക്കുവാൻ കഴിഞ്ഞത് ഒരു വലിയ ദൈവീക നിയോഗമായും എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ത്യാഗമായും ഞാൻ കരുതുന്നു. അതിപ്രശസ്തരായ ഗുരു ശ്രേഷ്ഠരുടെ ശിക്ഷണത്തിൽ പഠിക്കുവാനും അതിപ്രഗത്ഭരായ അധ്യാപകരോടൊപ്പം സേവനം ചെയ്യുവാനും കലാലയ കുടുംബത്തിന്റെ മുഴുവൻ സഹകരണവും കരുതലും അനുഭവിക്കുവാനും കഴിഞ്ഞത് എന്റെ ജീവിതത്തിലെ ഏറ്റവും ധന്യ മുഹൂർത്തങ്ങളായി ഞാൻ ഓർമ്മയിൽ സൂക്ഷിക്കും.

കോളേജിലേക്കു കടന്നുവരുന്ന ഏവരുടെയും ശ്രദ്ധ ആകർഷിക്കുന്നത് പ്രധാന കെട്ടിടത്തിന്റെ മുകളിൽ സ്ഥാപിച്ചിരിക്കുന്ന ദീപത്തിന്റെ ഐക്കണും ആണ്. തലമുറകൾക്ക് അറിവാകുന്ന വെളിച്ചം പകർന്നു നൽകുന്ന ഒരു പ്രകാശഗോപുരമാണ് മാർ ഈവാനിയോസ് കോളേജ്. വെളിച്ചം സത്യമാണ്, ഈ സത്യം നമ്മളെ സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയിലേക്കു നയിക്കും. നമ്മുടെ കലാലയത്തിന്റെ ആപ്തവാക്യവും ഇതുതന്നെയാണല്ലോ... സത്യം നമ്മെ സ്വതന്ത്രരാക്കട്ടെ.

ഈ വലിയ സന്ദേശം സമൂഹത്തിനു ഫലപ്രദമായി കൈമാറുവാൻ കഴിയട്ടെയെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ഒരിക്കൽ കൂടി നമ്മുടെ മാതൃ കലാലയത്തിനു എല്ലാവിധമായ വിജയങ്ങളും ഭാവുകങ്ങളും ആശംസിക്കുന്നു.






# മൺമറഞ്ഞ മഹാരഥന്മാരായ പ്രിൻസിപ്പാൾമാർ....


ജോസഫ് ജോർജ്ജ്

മാർ ഈവാനിയോസ് കോളേജ്, തിരുവനന്തപുരം

### ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്

1882 സെപ്റ്റംബർ 8 ന് മാവേലിക്കരയിലെ പുരാതനമായ പണിക്കർ വീട്ടിൽ തോമാ പണിക്കരുടെയും അന്നാമ്മയുടെയും മകനായി മാർ ഈവാനിയോസ് ജനിച്ചു. പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ഫലമായി ഈ ശിശു പഠനത്തിലും സ്വഭാവത്തിലും മികച്ചവനായിരുന്നു.

1897-ൽ പഴയ സെമിനാരിയിൽ പി. റ്റി. ഗീവർഗ്ഗീസ് എന്ന നാമധേയത്തിൽ പഠനം തുടങ്ങി. 1898 സെപ്റ്റംബർ 20-ന് പതിനാറാമത്തെ വയസ്സിൽ ശെമ്മാശ പട്ടം സ്വീകരിച്ചു. പുലിക്കോട്ടു തിരുമേനിയുടെ തീരുമാനപ്രകാരം ഗീവർഗ്ഗീസ് ശെമ്മാശനെ ഉപരിപഠനാർത്ഥം മദ്രാസ് ക്രിസ്ത്യൻ കോളേജിലയച്ചു. അവിടെനിന്നും എം.എ. പാസ്സായി. പിൽക്കാലത്ത് എം.എ. അച്ചൻ എന്ന പേരിലറിയപ്പെട്ടു.

### വിദ്യാഭ്യാസ വിചക്ഷണൻ

ഒരു സമൂഹത്തിലെ അംഗങ്ങൾക്കു ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റെ തോതും മേന്മയും അനുസരിച്ചാണ് ആ സമൂഹത്തിന്റെ സർവ്വതോന്മുഖമായ പുരോഗതി. വ്യക്തികളുടെ വികസനത്തിലും അദ്ധ്യയനത്തിലും അധ്യാപനത്തിലും എന്നപോലെ വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളിലും വന്ദ്യപിതാവ് ബദ്ധശ്രദ്ധനായിരുന്നു. പഠന ശേഷം സെറാമ്പൂർ കോളേജിൽ ജോലിയിൽ പ്രവേശിച്ച ശേഷം എം.എ. അച്ചന്റെ മുന്നിൽ ഉന്നത വിദ്യാഭ്യാസവും ത്യാഗസന്നദ്ധതയുമുള്ള ഒരു തലമുറയെ രൂപവത്ക്കരിക്കാനുള്ള ഒരു വാതിൽ തുറന്നുകിട്ടി. മദ്രാസ് സർവ്വകലാശാലയിൽ നിന്നും സ്തുത്യർഹമാംവിധം എം.എ ബിരുദം കരസ്ഥമാക്കിയ അദ്ദേഹം എം.ഡി. സെമിനാരി ഹൈസ്കൂളിൽ പ്രിൻസിപ്പാളായി ഇരിക്കുമ്പോൾ അതിനെ ഒരു കോളേജായി ഉയർത്തണമെന്ന് ആലോചിച്ചെങ്കിലും സമുദായത്തിലെ കക്ഷിവഴക്കു മൂലം സാധിച്ചില്ല. സഭയുടെ പുരോഗതിക്കും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും സഹായകമാകുമെന്ന് ബോധ്യപ്പെട്ടതിനാലാണ് അദ്ദേഹം സെറാമ്പൂർ സർവ്വകലാശാലയിൽ പ്രൊഫസർ സ്ഥാനം സ്വീകരിച്ചത്. വിദ്യാഭ്യാസ വിഷയത്തിൽ പിതാവിന് സ്വന്തമായ കാഴ്ചപ്പാട് ഉണ്ടായിരുന്നു. ഏതു വിഷയത്തെപ്പറ്റിയും അദ്ദേഹം നടത്തിയിട്ടുള്ള പ്രസംഗങ്ങളും ഇടയലേഖനങ്ങളും ആശയസമ്പുഷ്ടങ്ങളായിരുന്നു. പ്രൈവറ്റ് സ്കൂൾ മാനേജുമെന്റുകൾക്കെതിരായി രണ്ടു പരിഷ്ക്കാരങ്ങൾ സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിച്ചപ്പോൾ അദ്ദേഹം അവയെ ശക്തിയുക്തം എതിർക്കുകയും വിജയം കൈവരിക്കുകയും ചെയ്തു. ക്രൈസ്തവ തത്വങ്ങളിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുത്തുകൊണ്ടാണ് മാർ ഈവാനിയോസ് കോളേജും നിരവധിയായ സ്കൂളുകളും സ്ഥാപിച്ചത്. പിതാവിന്റെ ലേഖനങ്ങൾ വായിക്കുമ്പോൾ മലങ്കര സഭയുടെയും സ്ഥാപനങ്ങളുടെയും ഉയർച്ചയ്ക്കു വേണ്ടി മാർ ഈവാനിയോസ് തിരുമേനി അനുഭവിച്ച ത്യാഗങ്ങളെയും, വേദനകളെയും പറ്റി ഇതിന്റെ ഫലം അനുഭവിക്കുന്ന ഓരോ വ്യക്തിയും ഓർത്തിരിക്കേണ്ടതാണ്.





## മാർ ഈവാനിയോസ് കോളേജ്

മാർ ഈവാനിയോസ് കോളേജ് എന്ന വിദ്യാഭ്യാസ സ്ഥാപനം പിതാവിന്റെ ഒരു സ്വപ്നപദ്ധതിയായിരുന്നു. 1949-ൽ പിതാവിന്റെ സ്വപ്നം സഫലമായി. തിരുവനന്തപുരം എന്ന തലസ്ഥാന നഗരിയിൽ കാടും വനവും മൃഗങ്ങളുമുള്ള 400 ഏക്കറിൽ ഉയർന്നുനിൽക്കുന്ന നാലാഞ്ചിറ കുന്നിൻ പ്രദേശത്താണ് തിരുമേനി മാർ ഈവാനിയോസ് കോളേജ് എന്ന സ്ഥാപനത്തിന് തുടക്കം കുറിച്ചത്. ദേശീയതലത്തിലും സംസ്ഥാനതലത്തിലും വിദ്യാഭ്യാസം വളരെ പിന്നോക്കം നിൽക്കുന്ന ഒരു കാലഘട്ടത്തിലാണ് മാർ ഈവാനിയോസ് തിരുമേനി കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെപ്പറ്റി ചിന്തിച്ചുതുടങ്ങിയതും 1949-ൽ മാർ ഈവാനിയോസ് കോളേജ് തുടങ്ങിയതും. കോളേജിന്റെ പ്രിൻസിപ്പാളായി റവ. ഫാ. ബനഡിക്ട് ഒ.ഐ.സിയെ നിയമിച്ചു കൊണ്ട് കോളേജിന്റെ പ്രവർത്തനം ആരംഭിച്ചു. ഇദ്ദേഹമാണ് പിൽക്കാലത്ത് മലങ്കരസഭയെ നയിച്ച ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി. തുടക്കത്തിൽ രണ്ടു നിലകളിലായി സയൻസ് ബ്ലോക്ക് മാത്രമായിട്ടാണ് കോളേജ് ആരംഭിച്ചത്. രണ്ടാം നില താൽക്കാലിക ഹോസ്റ്റലാണ്. ഏതാണ്ട് 150 കുട്ടികൾ ഹോസ്റ്റലിലുണ്ട്. ബനഡിക്ട് അച്ചനെ സഹായിക്കാനായി റവ. ഫാ. ഫിലിപ്പ് സി. പന്തോളിനെ കോളേജിന്റെ ബർസാറായി നിയമിച്ചു. ഇവർ രണ്ടുപേരും ഹോസ്റ്റലിനോടു ചേർന്നുള്ള മുറികളിലായിരുന്നു താമസം. തുടക്കത്തിൽ ആൺകുട്ടികൾ മാത്രമായിരുന്നു ഇവിടുത്തെ വിദ്യാർഥികൾ. ഇന്റർ മീഡിയറ്റിന്റെ ഒന്നാം വർഷവും ബി.എ. ഒന്നാംവർഷവും മാത്രമേ തുടങ്ങിയിട്ടുള്ളൂ. യശഃശരീരനായ പ്രൊഫസർ എം പി. പോൾ, തമ്പി ഹാരീസ് എന്നീ പ്രഗത്ഭന്മാരെല്ലാം ഇവിടുത്തെ അദ്ധ്യാപകരായിരുന്നു. മാർ ഈവാനിയോസ് തിരുമേനി കോളേജിന്റെ എല്ലാ പ്രവർത്തനങ്ങളിലും ബദ്ധശ്രദ്ധനായിരുന്നു. മലങ്കര സഭയുടെ പുരോഗതിക്ക് ഒരു പരിധിവരെ ഈ കോളേജിന്റെ തുടക്കം വളരെയധികം ഗുണം ചെയ്തിട്ടുണ്ട്. കോളേജിൽ പുതിയ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും കുട്ടികൾക്ക് പ്രത്യേകമായി ഒരു ഹോസ്റ്റൽ സൗകര്യം ആരംഭിക്കുന്നതിനുമായിരുന്നു തിരുമേനിയുടെ ശ്രദ്ധ.

ആരംഭകാലത്തും ഈ കോളേജിൽ പ്രഗത്ഭരായ അധ്യാപകരെ പാലാ, കോട്ടയം, ചങ്ങനാശ്ശേരി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കൊണ്ടുവന്ന് നിയമിക്കുകയും ആ കാരണത്താൽ തന്നെ ഈ കോളേജ് ഉന്നത നിലവാരം പുലർത്തുകയും ചെയ്തു. 1949 മുതൽ 1951 വരെ ബനഡിക്ട് അച്ചൻ തന്റെ സേവനം സ്തുത്യർഹമായി നിർവ്വഹിച്ചു.



Rev. Fr. Benedict OIC
1949-1951



Rev. Dr. N. A. Thomas
1951-1956




Fr. Francis Kalacherry
1956-1961

അതിനുശേഷം കോളേജിന്റെ പ്രവർത്തനം നല്ലരീതിയിൽകൊണ്ടുപോകുന്ന തിനുവേണ്ടി ഡോക്ടറേറ്റുള്ള ഒരു വൈദികനെ ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്നും കൊണ്ടുവന്നു കോളേജിന്റെ പ്രിൻസിപ്പാളായി നിയമിച്ചു. 1951 മുതൽ 1956വരെ റവ. ഡോ. എൻ. എ. തോമസച്ചനായിരുന്നു കോളേജിന്റെ പ്രിൻസിപ്പാൾ. ഈ സമയങ്ങളിൽ കോളേജിൽ പുതിയ കോഴ്സുകൾക്ക് തുടക്കമിടുകയും ഇതിനാവശ്യമായ സൗകര്യങ്ങൾ കോളേജിൽ ഉണ്ടാക്കിയെടുക്കുകയും ചെയ്തിരുന്നു. കോളേജിലെ ജീവനക്കാർക്ക് മാനേജ്മെന്റ് തന്നെയായിരുന്നു ശമ്പളം കൊടുത്തിരുന്നത്. ഡോ. എൻ. എ. തോമസച്ചന്റെ കാലത്ത് 5 വർഷംകൊണ്ട് നേടാവുന്ന എല്ലാസൗകര്യങ്ങളും നേടിയതിന്റെ ഫലമായി കോളേജിനെപ്പറ്റി പുറംലോകം അറിഞ്ഞു തുടങ്ങി. 1956 ജൂലൈ 15ന് മലങ്കരസഭയുടെ അഭിമാനമായ ഈ കോളേജിന്റെ സ്ഥാപകൻ മാർ ഈവാനിയോസ് പിതാവ് ഈ ലോകത്തോട് വിടപറഞ്ഞു. തന്റെ പേരിലറിയപ്പെടുന്ന ഈ കോളേജിന്റെ പിന്നീടുള്ള വളർച്ചയിൽ പിതാവിന്റെ ആത്മാവ് എന്നും അഭിമാനിക്കുന്നുണ്ടാവും. 1956ൽ ഡോ. എൻ. എ. തോമസ് അച്ചൻ വിരമിച്ചു.

1956ൽ ചങ്ങനാശ്ശേരി അതിരൂപതയിൽനിന്ന് ഫ്രാൻസിസ് കാളാശ്ശേരി അച്ചനെ ഇവിടെ പ്രിൻസിപ്പാളായി നിയമിച്ചു. അച്ചൻ പ്രിൻസിപ്പാളായി ഒരു വർഷം കഴിഞ്ഞപ്പോൾ, അതായത് 1957ൽ കേരളാ യൂണിവേഴ്സിറ്റിയിൽ നിന്ന് കോളേജിന് അഫിലിയേഷൻ ലഭിച്ചു. അഫിലിയേഷൻ ലഭിച്ചതോടെ ജീവനക്കാർക്ക് ശമ്പളം ഗവൺമെന്റ് കൊടുക്കുകയും കുട്ടികളിൽ നിന്നുള്ള ഫീസ് ഗവൺമെന്റിൽ അടയ്ക്കുകയും ചെയ്തു തുടങ്ങി. അതോടുകൂടി കൂടുതൽ കോഴ്സുകൾ കേരളാ യൂണിവേഴ്സിറ്റി, കോളേജിന് അനുവദിച്ചു. 5 വർഷം കൊണ്ട് പ്രീ-യൂണിവേഴ്സിറ്റി, ഡിഗ്രി, പി. ജി. കോഴ്സുകൾ ആരംഭിക്കുകയും കോളേജിന്റെ പ്രശസ്തി ഉയരുകയും ചെയ്തു. 1961ൽ കാളാശ്ശേരി അച്ചൻ റിട്ടയർ ചെയ്തു.

ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റു നേടിയ മലങ്കര സഭയിലെതന്നെ വൈദികൻ റവ. ഡോ. ഗീവർഗ്ഗീസ്

പണിക്കർ, 1961 ൽ മാർ ഈവാനിയോസ് കോളേജിന്റെ സാരഥിയായി സ്ഥാനമേറ്റു. മാർ ഈവാനിയോസ് തിരുമേനിയുടെ കുടുംബാംഗം കൂടിയായ പണിക്കരച്ചൻ 18 വർഷമാണ് (1961–1979) ഈ കോളേജിനെ നയിച്ചത്. കോളേജിനോടൊപ്പംതന്നെ പണിക്കരച്ചന്റെ പേരും ഈ ലോകത്തിന്റെ പലഭാഗത്തും അറിഞ്ഞുതുടങ്ങി. കോളേജിനെ ഒരു മിക്സഡ് കോളേജായി മാറ്റാനുള്ള താല്പര്യം അച്ചൻ കാണിച്ചു. അങ്ങനെ സ്ത്രീവിദ്യാഭ്യാസത്തെക്കൂടി അച്ചൻ ഉയർത്തുകയായിരുന്നു. കോളേജിൽ ഹോസ്റ്റൽ സൗകര്യം ഉള്ളതിനാൽ കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെയുള്ള പ്രഗത്ഭരായ ആൾക്കാർ ഈ കോളേജിൽ പഠിച്ചിരുന്നുവെന്നുള്ളത് കോളേജിന്റെ പ്രശസ്തി വളരെയധികം ഉയർത്തിയിരുന്നു. 1970കളിലാണ് പ്രഗത്ഭനായ മുൻ ചീഫ് സെക്രട്ടറി ശ്രീ. കെ ജയകുമാർ, മുൻ മന്ത്രിയും വളരെക്കാലം എം.എൽ.എയുമായിരുന്ന അന്തരിച്ച ടി എം ജേക്കബ്, പ്രശസ്ത സിനിമാതാരമായ ശ്രീ. ജഗതി ശ്രീകുമാർ, ഇപ്പോഴത്തെ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ശ്രീ. ജെ. ബി. കോശി എന്നിവരെപ്പോലെയുള്ളവർ ഈ കോളേജിൽ പഠിച്ചിരുന്നത്.



Rev. Dr. Geevarhese Panicker
1961-1979



Rev. Fr. George Malancherivil
1979-1984



Rev. Dr. Thomas Kottarathil
1984-1991

ഇതുപോലെയുള്ള പ്രശസ്തരായ ആൾക്കാർക്ക് പണിക്കരച്ചനെ ഭയവും ബഹുമാനവുമായിരുന്നു. രാഷ്ട്രീയപരമായിട്ടുള്ള കോളേജ് ഇലക്ഷൻ വളരെയധികം പ്രശ്നങ്ങൾ കോളേജിനകത്തും പുറത്തും ഉണ്ടാക്കിയിരുന്നു. ഇന്നു കാണുന്നതുപോലുള്ള സെക്യൂരിറ്റി സംവിധാനങ്ങൾ ഒന്നുംതന്നെയില്ലാതെ ഇതെല്ലാം പണിക്കരച്ചൻ തന്നെ കൈകാര്യം ചെയ്തിരുന്നു. പ്രശ്നങ്ങളുള്ള സ്ഥലങ്ങളിൽ അച്ചൻ പാഞ്ഞെത്തുമായിരുന്നു. ഒരു പഴഞ്ചൊല്ലു കേട്ടിട്ടുണ്ട് 'അച്ചന്റെ തല്ലുകൊണ്ടിട്ടുള്ളവരെല്ലാം രക്ഷപ്പെട്ടിട്ടുണ്ടെന്ന്'. അത് പൂർണ്ണമായും ശരിയാണെന്ന് പൂർവ്വ വിദ്യാർത്ഥികൾ സമ്മതിക്കുകയും ചെയ്യും.


1979–ൽ വളരെക്കാലം കോളേജിന്റെ ബർസാറായിരുന്ന ജോർജ്ജ് മലഞ്ചരുവിലച്ചൻ പ്രിൻസിപ്പലായി ചാർജ്ജെടുത്തു. അച്ചൻ വളരെ തന്ത്രജ്ഞനായിരുന്നു. സഭയോടും സ്ഥാപനത്തോടും വളരെ സ്നേഹമുള്ള ആളായിരുന്നു. മലങ്കരസഭയിൽ നിന്ന് അദ്ധ്യാപകരെ തെരഞ്ഞെടുത്ത് നിയമിക്കുന്നതിന് പ്രത്യേകപരിഗണന നൽകിയിരുന്നു. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടുപിടിച്ച് സ്കോളർഷിപ്പുകളും മറ്റും നൽകി ഉന്നതനിലവാരത്തിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. 1984–ൽ മലഞ്ചരുവിലച്ചൻ വിരമിച്ചു.

1984–ൽ റവ. ഡോ. തോമസ് കൊട്ടാരത്തിൽ കോളേജിന്റെ സാരഥിയായി. ഈ കോളേജിലെ തന്നെ പൂർവ്വവിദ്യാർത്ഥി കൂടിയായ ഒരു വൈദികൻ പ്രിൻസിപ്പാളായി വരുന്നത് ഒരു പ്രത്യേകത തന്നെയാണ്. വിദ്യാഭ്യാസത്തിന് മുൻതൂക്കം കൊടുത്തുകൊണ്ടായിരുന്നു അച്ചന്റെ എല്ലാ പ്രവർത്തനങ്ങളും. ഈ കാരണത്താൽ തന്നെ യൂണിവേഴ്സിറ്റി തലത്തിൽ ഓരോ ഡിപ്പാർട്ടുമെന്റും മത്സരിച്ച് റാങ്കുകൾ വാരിക്കൂട്ടുമായിരുന്നു. കലാപരമായ കാര്യത്തിലാണെങ്കിലും മാർ ഈവാനിയോസ് തന്നെയാണ് മുൻപന്തിയിൽ. അതിപ്പോഴും തുടരുന്നുവെന്നത് പ്രത്യേകം സ്മരണീയമാണ്. ആദ്യമായി ഈ കോളേജിൽ കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചത് കൊട്ടാരത്തിലച്ചനാണ്. കോളേജിലെ ഏറ്റവും പ്രയാസമേറിയ ജോലിയാണ് അഡ്മിഷൻ സമയത്തെ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കൽ. അച്ചന്റെ കാലത്താണ് കമ്പ്യൂട്ടർവഴി റാങ്ക്ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിതുടങ്ങിയത്.

കോളേജിന്റെ കാമ്പസ് ചുറ്റുമതിൽ കെട്ടി അടച്ചെടുക്കുന്നതിലും കോളേജിന്റെ മെയിൻ ഗേറ്റ് പണിതുയർത്തുന്നതിലും അച്ചൻ സഹിച്ച ത്യാഗങ്ങൾ വളരെ വലുതാണ്. 1991–ൽ കൊട്ടാരത്തിലച്ചൻ റിട്ടയർ ചെയ്തു.

പിന്നീട് കോളേജിൽ പ്രിൻസിപ്പൽമാരായി വന്നവരെല്ലാം ഇന്നും നമ്മോടൊപ്പമുണ്ട്. അവരുടെ കാലഘട്ടം കോളേജിന്റെ വളർച്ചയുടെ കാലങ്ങളായിരുന്നു. നമ്മിൽ നിന്നും വേർപ്പെട്ടുപോയ മഹാരഥൻമാരായ പ്രിൻസിപ്പൽമാരെ നന്ദിയോടെ ഓർക്കുന്നു.

മാർ ഈവാനിയോസ് തിരുമേനിയുടെയും മലങ്കര സഭയുടെയും സ്വപ്ന പദ്ധതിയായ മാർ ഈവാനിയോസ് കോളേജ് ഉയരങ്ങളിൽ നിന്നും ഉയരങ്ങളിലേക്ക് വളർന്നുകൊണ്ടിരിക്കുന്നു. ലോകത്തിന്റെ ഏതുകോണിലും പൂർവ്വവിദ്യാർത്ഥികളുള്ള ഈ കോളേജിനെ ഒരു കാലത്ത് മാർ ഈവാനിയോസ് യൂണിവേഴ്സിറ്റി എന്ന് അറിയപ്പെടുന്നതിന് കഴിയട്ടെ. അങ്ങനെ മലങ്കര സഭയും സ്ഥാപനങ്ങളും പ്രശസ്തിയുടെ കൊടുമുടി കയറുന്നത് മാർ ഈവാനിയോസ് തിരുമേനിയുടെ ആത്മാവ് കണ്ട് സന്തോഷിക്കും. അതിനുവേണ്ടി നമുക്ക് എല്ലാവർക്കും പ്രാർത്ഥനയോടെ കൈകോർക്കാം.



# നമ്മുടെ സ്വന്തം ഈവാനിയോസ്



## പൂർവ വിദ്യാർത്ഥികളുടെ ഓർമ്മക്കുറിപ്പുകൾ



തയ്യാറാക്കിയത്.
**ഡോ. ഷേർളി സ്റ്റ്യുവർട്ട്**

'ഒരു വട്ടം കൂടിയെൻ ഓർമ്മകൾ മേയുന്ന തിരുമുറ്റത്തെത്തുവാൻ മോഹം'. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമധേയത്തെ ധന്യമാക്കിക്കൊണ്ട് 1949 ആഗസ്റ്റ് 1-ാം തീയതി സ്ഥാപിതമായ മാർ ഈവാനിയോസ് കോളേജ് എന്ന വിദ്യാക്ഷേത്രത്തിന്റെ പുണ്യഭൂമിയിലൂടെ കടന്നുപോയ ലക്ഷങ്ങൾ ഇന്നു ലോകത്തിന്റെ നാനാഭാഗങ്ങളിൽ തങ്ങളുടെ ജീവിത ധർമ്മം ധന്യമാക്കിക്കൊണ്ടിരിക്കുന്നു. പുത്തൻ തിരിച്ചറിവുകളുടെ, എണ്ണിയാലൊടുങ്ങാത്ത ഓർമ്മകളുടെ, പങ്കുവയ്ക്കലിന്റെ, ആഘോഷങ്ങളുടെ, നെഞ്ചിടിപ്പേകുന്ന പ്രണയങ്ങളുടെ, കൊച്ചു കൊച്ചു പിണക്കങ്ങളുടെയും കാറ്റാടിത്തണലിലേക്കു ഒരിക്കൽക്കൂടി അവരുടെ വസന്തകാല ഓർമ്മകളുമായി മാർ ഈവാനിയോസ് കോളേജ് എന്ന അതികായക മഹാവൃക്ഷത്തിലേക്കു ചേക്കേറാൻ വെമ്പൽ കൊള്ളുന്ന നമുക്കു മുന്നെ നടന്നവർ.

മഹാത്മാവിന്റെ കാലടിയൊച്ചകൾ മാറ്റൊലി പേറുന്ന ഈ കലാലയത്തിന്റെ അടിസ്ഥാന ശിലകൾ ഇവിടെ ജീവിച്ചു കടന്നുപോയ പൂർവ്വ അധ്യാപകരും വിദ്യാർത്ഥികളും തന്നെയാണ്. മുൻഗാമികളുടെ വീറുറ്റ ചരിത്രമാണ് പിന്നീടുള്ള തലമുകൾക്കു ഉർജ്ജവും പ്രചോദനവും. കാലത്തെയും ദേശത്തെയും മുന്നിൽ നിന്നു നയിച്ചു. ചരിത്രത്തിന്റെ പൊൻതാളുകളിലേക്കു മാർ ഈവാനിയോസ് കോളേജിനെ നയിച്ച ഈ കലാലയ മാതാവിന്റെ പൊന്നോമനകൾ.... രാഷ്ട്രീയത്തിന്റെ ചൂടിൽ ഉരുകി ഉരുക്കായ് മാറുകയും, കലയുടെ അരങ്ങിൽ നിറങ്ങളുടെ മായാപ്രപഞ്ചം തീർക്കുകയും അറിവിന്റെ വിളനിലങ്ങളിൽ കള പടരാതെ കാത്തുസൂക്ഷിക്കുകയും പുതിയ വഴികളെ കണ്ടെത്താൻ പ്രേരക ശക്തിയുമായി നിറകൊള്ളുന്ന മറ്റാർക്കും അവകാശപ്പെടാനാവാത്ത ഔന്നത്യങ്ങളിൽ നമ്മുടെ കലാലയത്തെ എത്തിക്കുകയും ചെയ്ത പൂർവ്വ വിദ്യാർത്ഥികൾ.

നമ്മുടെ കോളേജ് സ്വയംഭരണമെന്ന നിർണ്ണായക ഘട്ടത്തിൽ, അതിന്റെ മൂല്യമേറിയ പുതിയ ഉന്നത നിലവാരത്തിലേക്കു കടക്കുമ്പോൾ നാം കടന്നു വന്ന ദിനങ്ങളുടെ, വർഷങ്ങളുടെ സൗരഭ്യം ആസ്വദിക്കാൻ നമ്മെ സഹായിച്ച ഗുരുവര്യന്മാരുടെയും, ശിഷ്യൻമാരുടെയും, അപൂർണമെങ്കിലും ഓർമ്മയുടെ നനവുകൾ നിങ്ങൾക്കു മുമ്പിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ എത്തിക്കാൻ ലഭിച്ച അവസരം എന്നെ സംബന്ധിച്ചിടത്തോളം ചരിത്ര നിയോഗമാകാം. വിദ്യാർത്ഥിനിയായും അധ്യാപികയായും മാർ ഈവാനിയോസ് വിദ്യാനഗറിന്റെ നെറുകയിൽ അവിടുത്തെ അദൃശ്യ പ്രഭാവലയത്തിൽ നാലു പതിറ്റാണ്ടുകൾ ഞാൻ വിനയാന്വിതയാവുന്നു.... ഈ മനോഹര തീരത്ത് ഇനിയൊരു ജന്മം കൂടി അർത്ഥിച്ചു കൊണ്ട് ഇന്നലെകളുടെ അനന്തമായി നീളുന്ന അവകാശികൾക്കു മുന്നിൽ നമ്രശിരസ്കയായി.......



## അറിവിന്റെ മുലപ്പാൽ തന്ന അമ്മ

എബി ജോർജ്ജ്, പ്രസിഡന്റ്, അമിക്കോസ്
ദേശീയ ന്യൂനപക്ഷ കമ്മിഷൻ
മോണിറ്ററിങ് കമ്മിറ്റി അംഗം

അറിവിന്റെ മുലപ്പാൽ സ്നേഹ സമൃദ്ധിയോടെ പകർന്നു നൽകിയ വാത്സല്യനിധിയായ മാതാവാണ് മാർ ഈവാനിയോസ് കോളേജ്. പരിപാവനമായ ബഥനിക്കുന്നിലെ ഭക്തിസാന്ദ്രമായ അന്തരീക്ഷം അനുഭവിച്ചവർക്കെ മനസ്സിലാവൂ. അവിടുത്തെ ഓരോ അനുഭവവും ഇന്നും വേറിട്ട ഓർമ്മകളായി പച്ചപ്പോടെ നിലനിൽക്കുന്നു. ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിനടുത്തുള്ള വാട്ടർ ടാങ്കിനു മുകളിൽ ഇലക്ഷൻ ചുവരെഴുത്ത് നടത്താൻ കയറിയ എന്നെയും കെ.എം. ഫ്രാൻസിസിനെയും കൈയ്യോടെ പിടിച്ച പണിക്കരച്ചന്റെ മുഖം ഇന്നും കൺമുമ്പിലുണ്ട്. പണിക്കരച്ചൻ പ്രഥമാധ്യാപകനായിരുന്ന കാലഘട്ടം തന്നെയാണ് സുവർണ്ണ കാലഘട്ടം. അധ്യാപകരോടു തോന്നിയ സ്നേഹബഹുമാനങ്ങൾക്കു ഇന്നും ഒട്ടും കുറവു സംഭവിച്ചിട്ടില്ല. പണിക്കരച്ചനും, സ്റ്റ്യുവർട്ട് സാറും, ബാലകൃഷ്ണൻ സാറും ,ക്യാരി സാറും, മിസ്സിസ് ക്യാരിയും, ജോർജ്ജ് കുട്ടി സാറും, പത്രോസ് സാറും, തരകൻ അച്ചനും, മൊറ്റോ സാറും, എന്റെ സതീർത്ഥ്യരായിരുന്ന മനക്കരക്കാവിലച്ചനും, ഫ്രാൻസിസ് സാറും എല്ലാം ഇന്നും മനസിലെ നിറസ്മരണകളാണ്. പരസ്പരം സ്നേഹിക്കാനും ബഹുമാനിക്കാനും എന്നെ പഠിപ്പിച്ചത് എന്റെ കോളേജാണ്. കലാസാംസ്കാരിക രാഷ്ട്രീയ കിരീടത്തിനു പൊൻതൂവലുകൾ ചാർത്തി മുന്നേറുന്ന മാർ ഈവാനിയോസ് കലാലയം വർത്തമാന കാലത്തിലും വളർച്ചയുടെ പടവുകൾ ഓടിക്കയറുകയാണ്. എനിക്കെന്റെ ജീവിതപങ്കാളിയെ സമ്മാനിച്ചതു ഈ കോളേജാണെന്നു പറയുമ്പോൾ എന്റെ ജീവിതവും ഈ കലാലയവും തമ്മിലുള്ള അഭേദ്യമായ ബന്ധം ഏവർക്കും മനസ്സിലാകാവുന്നതേയുള്ളൂ. അഭിവന്ദ്യ കർദ്ദിനാൾ ക്ലീമീസ് തിരുമേനിയുടെ നേതൃത്വത്തിൽ ഈ കലാലയം നടത്തുന്ന മുന്നേറ്റത്തിൽ ഞങ്ങൾ പൂർവ്വ വിദ്യാർത്ഥികൾ എന്നുമുണ്ടാവും.



## സ്വപ്നസാഫല്യത്തിന്റെ മലമുകളിൽ

ഫാ. ഷീൻ പാലക്കുഴി
മാർ ഈവാനിയോസ് കോളേജ് ബർസാർ

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വിദ്യാഭ്യാസ ശുശ്രൂഷകളുടെ അടിസ്ഥാനവും കേരളത്തിന്റെ തലസ്ഥാന നഗരിയുടെ ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ ഒളിമങ്ങാത്ത അടയാളവുമായി നിലകൊള്ളുന്ന മാർ ഈവാനിയോസ് കോളേജിനെപ്പറ്റിയുള്ള ഓർമ്മക്കുറിപ്പുകൾ, അവ എത്ര ദീർഘമായാലും അപൂർണ്ണമായിത്തന്നെ അവശേഷിക്കുമെന്ന തിരിച്ചറിവോടെത്തന്നെയാണ് ഈ കുറിപ്പെഴുതുക. ഓർമ്മകൾ 65 വർഷം പിന്നിലേക്കൊഴുകുമ്പോൾ ഉള്ളിലുണരുന്നൊരു ചിത്രമുണ്ട്. കാഷായ വസ്ത്രങ്ങളണിഞ്ഞ് ഉറച്ച കാൽവയ്പുകളോടെ, ഇന്ന് "മാർ ഈവാനിയോസ് വിദ്യാനഗർ" എന്നറിയപ്പെടുന്ന ബഥനിക്കുന്ന് കയറിവരുന്ന മാർ ഈവാനിയോസ് എന്ന ആചാര്യശ്രേഷ്ഠന്റെ തേജസ്സുറ്റ രൂപം. ചരിത്ര പുസ്തകത്താളുകളിലൂടെയും ഒപ്പം നടന്നവരുടെ സാക്ഷ്യങ്ങളിലൂടെയും പാരമ്പര്യത്തിന്റെ ഗന്ധമുയരുന്ന സ്മാരകങ്ങളിലൂടെയും മാത്രം ഞാനടക്കമുള്ള ഒരു പുതിയ തലമുറ അനുഭവിച്ചറിഞ്ഞിട്ടുള്ള അദ്ദേഹത്തിന്റെ ജീവിത സുഗന്ധവും സുകൃതവും ആർദ്രമായി ഹൃദയത്തിലേക്ക് കിനിഞ്ഞിറങ്ങുന്നത്, അദ്ദേഹത്തിന്റെ കണ്ണീരും പ്രാർത്ഥനയും ലയിച്ചുചേർന്ന മാർ ഈവാനിയോസ് വിദ്യാനഗറിന്റെ മണ്ണിൽ കാൽതൊടുമ്പോഴല്ലാതെ മറ്റെപ്പോഴാണ്? മറ്റെങ്ങുമില്ലാത്ത ഒരാത്മീയ തേജസ്സ് ഈ കുന്നിൻചരിവിനെ ചൂഴ്ന്നു നിൽക്കുന്നതുപോലെ. ദൈവസമ്പാദനമെന്ന ആത്മീയ അടിത്തറ മേൽ കണ്ണീരും പ്രാർത്ഥനയും ത്യാഗവും നേദിച്ച് ഇല്ലായ്മകളുടെ നടുവിൽ നിന്നുകൊണ്ട് ദൈവിക പരിപാലനയുടെ അടയാളമായി ആ വന്ദ്യതാതൻ പടുത്തുയർത്തിയ സ്വപ്നമാണ് മാർ ഈവാനിയോസ് കോളേജ്. വിദ്യാഭ്യാസ ശുശ്രൂഷ ആത്മീയതയുടെ പങ്കുവയ്ക്കലിനുള്ള കർമ്മരംഗം കൂടിയാണെന്ന് തെളിയിച്ചു കൊടുത്ത ദീർഘവീക്ഷണത്തിന്റെ സാക്ഷ്യം. വളർച്ചയുടെ നിരവധി പടവുകൾ പിന്നിട്ട് ബിരുദ ബിരുദാനന്തര കോഴ്സുകളും ഗവേഷണത്തിനുള്ള അവസങ്ങളും കാലാനുസൃതമായ പുതിയ കോഴ്സുകളുമായി സ്വയംഭരണ പദവി നേടിയെടുത്ത് ഒരു സഭാസമൂഹത്തിന്റെ സ്വപ്നസാക്ഷാത്കാരമായി പുരോഗതിയിലേക്ക് കുതിക്കുമ്പോൾ പിന്നിട്ട വഴികളിൽ ദീപ്തസ്തംഭങ്ങളായി നിന്ന് ഈ കലാലയത്തെ നയിച്ച വന്ദ്യ ഗുരുഭൂതർക്ക് കൂപ്പുകരങ്ങളോടെ മനസ്സിൽ നന്ദിയർപ്പിക്കാതെ വയ്യ. ഇന്ന് കേരളത്തിനകത്തും പുറത്തും സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ തിളങ്ങി നിൽക്കുകയും മാർ ഈവാനിയോസ് കോളേജിനെ ഒരാവേശമായി മനസ്സിൽ കൊണ്ടുനടക്കുകയും ചെയ്യുന്ന ലോകമെമ്പാടുമുള്ള പൂർവ്വ വിദ്യാർത്ഥികളെ ആനന്ദത്തോടെയും അഭിമാനത്തോടെയും ഓർമ്മിക്കാതിരിക്കാനും കഴിയില്ല. 'സത്യം നിങ്ങളെ സ്വതന്ത്രരാക്കും' എന്ന ദൈവവചനത്തിന്റെ ധ്വനി മുഴങ്ങുന്ന ഈ കലാലയ മുറിയിലിരുന്നുകൊണ്ട് മഹാരഥന്മാരായ അനേകരുടെ പാദസ്പർശത്താൽ അനുഗ്രഹീതമായ ഈ മണ്ണിൽ പാദമുറപ്പിച്ച് നിൽക്കാനുള്ള യോഗ്യതയെപ്പറ്റി ആകുലപ്പെട്ടുകൊണ്ട്, ഈ മഹത്തായ കലാലയത്തിന്റെ ചരിത്രത്തിന്റെ ഭാഗമാകാൻ നിയോഗമൊരുക്കിയ ദൈവത്തിന് പ്രണാമം അർപ്പിച്ചു കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ.



## താബോർ അനുഭവം

പോൾ മണലിൽ
മലയാള മനോരമ

മാർ ഈവാനിയോസ്- കേരളത്തിൽ സ്ഥാപിക്കപ്പെടാൻ പോകുന്ന ആദ്യ സ്വകാര്യ സർവ്വ കലാശാലയാകട്ടെയെന്നാണ് എന്റെ പ്രാർത്ഥന. അതിനുള്ള തുടക്കമാകട്ടെ ഇപ്പോൾ ലഭിച്ച ഓട്ടോണമി. മഹത്തായ ഒരു സംസ്ക്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും നടുവിലാണ് മാർ ഈവാനിയോസിലെ എന്റെ പഠന കാലം. മൂല്യങ്ങൾ ഇത്രയധികം ഉള്ളിൽ വളർത്തിയെടുക്കുവാൻ പര്യാപ്തമായ ഒരു സ്ഥാപനം. എന്റെ ജീവിതത്തിന്റെ കാഴ്ച്ചപ്പാടും പ്രവർത്തന ശൈലിയും രൂപപ്പെടുത്തിയത് ഈ കലാലയത്തിലാണ്. വ്യത്യസ്തരായ വിദ്യാർത്ഥികൾ, പ്രഗൽഭരായ അദ്ധ്യാപകർ, അവർ അവസാനവാക്കായിരുന്നു. വ്യക്തിത്വത്തെ വളർത്തുന്നവരായിരുന്നു അവർ. വിദ്യാർത്ഥികളെ നല്ല ആഭിമുഖ്യങ്ങളിലേയ്ക്കു വളർത്തുന്ന അന്തരീക്ഷം. കുലീനമായ ഒരു സംസ്കാരത്തിലേക്ക് നമ്മെ രൂപപ്പെടുത്തുന്ന ഒരു താബോർ മലയായിരുന്നു ഈ കലാലയം. ഒരു പുതിയ മനുഷ്യനാണ് കുന്നിറങ്ങി വരുന്നത്. അവിടെ എല്ലാറ്റിനും സ്പെയിസ് ഉണ്ടായിരുന്നു. സ്വതന്ത്ര ചിന്താഗതിയിൽ ഞങ്ങളെ വളർത്തി സ്വയം പര്യാപ്തതയിലേക്കു നയിച്ചു.



## സൗഹൃദ ലോകം

പ്രിൻസ് ആദിത്യവർമ്മ
തിരുവിതാംകൂർ രാജകുടുംബാംഗം

തികച്ചും യാഥാസ്ഥിതികമായ ഒരു ചുറ്റുപാടിൽ നിന്നും സൗഹൃദങ്ങളുടെയും സ്വാതന്ത്ര്യത്തിന്റേയും ഒരു ലോകമാണ് മാർ ഈവാനിയോസ് എനിക്കു തുറന്ന് തന്നത്. ഇതെല്ലാമുള്ളപ്പോഴും അച്ചടക്കമാർന്ന ഒരു ജീവിതശൈലി രൂപപ്പെടുത്തിയെടുക്കാൻ അവിടുത്തെ ഉദാത്തമായ അന്തരീക്ഷം എന്നെ പ്രാപ്തനാക്കി എന്നത് ക്യാമ്പസിനോടുള്ള എന്റെ ബഹുമാനത്തിനു മാറ്റു കൂട്ടുന്നു. ജ്ഞാന സമ്പന്നനായ അന്നത്തെ പ്രിൻസിപ്പൽ കൊട്ടാരത്തിലച്ചൻ എന്റെ ജീവിതത്തിലെ വിസ്മരിക്കാനാവാത്ത ഒരു വ്യക്തിത്വമാണ്.



## തീർത്ഥാടന കാലം

ചെറിയാൻ ഫിലിപ്പ്

മാർ ഈവാനിയോസിൽ പഠിച്ച രണ്ട് വർഷം എനിക്കൊരു തീർത്ഥാടന കാലമായിരുന്നു. എന്നും കുന്നുകയറി വിശുദ്ധമായ ആ വിദ്യാഗോപുരത്തിൽ മനസ്സ് അർപ്പിക്കുമ്പോൾ എന്റെ മനസ്സിൽ ആത്മബോധവും ശിക്ഷണ ചിന്തയും വളർന്നു കൊണ്ടിരുന്നു. ശാന്തിയുടെയും സൗഹൃദങ്ങളുടെയും പൂങ്കാവനമായിരുന്നു മാർ ഈവാനിയോസ്. സംഘർഷങ്ങളില്ലാത്ത വർഗ്ഗ വർണ്ണ സമത്വത്തിന്റെ അന്തരീക്ഷമായിരുന്നു അവിടെ നിറഞ്ഞു നിന്നത്. ഇടയ്ക്കിടെ കോളേജിൽ എത്തുന്ന ഗ്രീഗോറിയോസ് തിരുമേനിയുടെ പ്രൗഢ മനോഹരമായ പ്രസംഗം പുതിയ അനുഭവമായിരുന്നു. കുരുത്തക്കേടുകൾ കാട്ടിയാൽ പരുക്ഷമായ ഭാഷയിൽ ശകാരിക്കുന്ന പണിക്കരച്ചൻ. പക്ഷേ പളുങ്കുപോലെ നൈർമല്യമുള്ള മനസ്സായിരുന്നു. ഓർമ്മകൾ എന്നും പരിശുദ്ധമാണ്. ഉൾപ്പുളകമാണ്.



## കുട്ടികളുടെ തിരുമേനി

പാലോട് രവി എം.എൽ.എ


യേശുദാസിന്റെ ഗാനമേള സംഘടിപ്പിച്ചാണ് പഴയ ഓഡിറ്റോറിയം ഞങ്ങൾ പണിയുന്നത്. അതിനു വേണ്ടി ഞങ്ങൾ ചെയ്ത ദീർഘ യാത്രകൾ, കണ്ടുമുട്ടിയ ആളുകൾ സന്ദർശിച്ച ഭവനങ്ങൾ ഒന്നും മറക്കില്ല. ഒരിടത്തും ആരും മുഖം തിരിച്ചില്ല. കാരണം ഞങ്ങൾ ചെന്നത് മാർ ഈവാനിയോസ് കോളേജിനു വേണ്ടിയായിരുന്നു. കേരളത്തിലെ ജനങ്ങൾ ഈ കലാലയത്തെ ഉന്നത സ്ഥാനത്തു പ്രതിഷ്ഠിച്ചു. മക്കളെപ്പോലെ വിദ്യാർത്ഥികളെ സ്നേഹിച്ചും ശാസിച്ചും ശിക്ഷിച്ചും വളർത്തുന്ന പണിക്കരച്ചൻ, ചന്ദനലേപ സുഗന്ധം പോലെ ഓടിയെത്തുന്ന, കുട്ടികളുടെയെല്ലാം പ്രിയപ്പെട്ട ഗ്രീഗോറിയോസ് തിരുമേനി. എല്ലാം മനസ്സിൽ മായാതെ നിൽക്കുന്നു.



## എന്നെ ഞാനാക്കിയ ഈവാനിയോസ്

ജഗദീഷ്
ചലച്ചിത്ര നടൻ

പാഠ്യവിഷയങ്ങൾക്കും പാഠ്യേതര വിഷയങ്ങൾക്കും ഒരുപോലെ പ്രാധാന്യം കൊടുക്കുന്ന കലാലയമാണ് മാർ ഈവാനിയോസ് കോളേജ്. പരീക്ഷകളിലെ വിജയമല്ല, ജീവിതത്തിലെ വിജയമാണ് ഈ കോളേജ് എന്നും ലക്ഷ്യം വയ്ക്കുന്നത്. അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾ മെച്ചപ്പെട്ട പൗരനാവുകയെന്ന ലക്ഷ്യം കോളേജ് സൃഷ്ടിക്കുന്നു. എന്നെ ഞാനാക്കിയതിൽ മാർ ഈവാനിയോസ് കോളേജും അന്ന് പ്രിൻസിപ്പലായിരുന്ന ഗീവർഗ്ഗീസ് പണിക്കരച്ചനും നൽകിയ പ്രോൽസാഹനവും പിൻബലവും എനിക്കു മറക്കുവാൻ കഴിയില്ല.



## പോസിറ്റീവ് എനർജി

ജി. വേണുഗോപാൽ
ചലച്ചിത്ര പിന്നണി ഗായകൻ

മാർ ഈവാനിയോസ് കോളേജിന്റെ കുന്നു കയറുമ്പോൾ ഒരു പോസിറ്റീവ് എനർജിയാണ് ലഭിച്ചത്. അധ്യാപക വിദ്യാർത്ഥി ബന്ധം, പാഠ്യേതര പരിപാടികൾക്കുള്ള പ്രോൽസാഹനം ഇവയെല്ലാം കോളേജിന്റെ പ്രത്യേകതകളാണ്. വയലാർ വാസുദേവൻപിള്ള സാർ, സ്റ്റ്യുവർട്ട് സാർ ഇവരെയൊന്നും ഒരിക്കലും മറക്കുവാൻ കഴിയില്ല.



## കണിശക്കാരനായ പണിക്കരച്ചൻ

രാജീവ് നാഥ്
സിനിമാ സംവിധായകൻ

അക്കാലത്ത് വിരളമായിരുന്ന ഉയരം കൂടിയ ആ മനോഹരമായ കെട്ടിടത്തിലേക്കു അത്ഭുതത്തോടെ നോക്കിനിന്ന കോളേജിലെ ആദ്യദിവസം ഇന്നും ഞാൻ ഓർക്കുന്നു. മാർ ഈവാനിയോസ് എന്ന കലാക്ഷേത്രം എന്നെ കൂടുതൽ പക്വതയുള്ളവനാക്കി. സന്മനസ്കരായ അധ്യാപകർ, കണിശക്കാരനായ പണിക്കരച്ചൻ, അവിസ്മരണീയനായ ക്ലാസ് ടീച്ചർ സ്റ്റ്യുവർട്ട് സർ, സഹൃദയരായ കൂട്ടുകാർ..... അങ്ങനെ എത്ര എത്ര മുഖങ്ങൾ. ഒരു സർവ്വകലാശാല എന്ന നിലയിലേക്ക്, വരും തലമുറയ്ക്ക് വിജ്ഞാനം പകരുന്ന മികവുറ്റ ഒരു മാതൃകയായി ഞാൻ നെഞ്ചോടു ചേർത്തുവയ്ക്കുന്ന എന്റെ കലാലയം വളരട്ടെ എന്ന പ്രാർത്ഥനയോടെ.........



## എനിക്കു ദിശാബോധം തന്നു

പ്രൊഫ. രാധാകൃഷ്ണപിള്ള
ഡയറക്ടർ, രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി

1976-78 കാലഘട്ടത്തിൽ മാർ ഈവാനിയോസ് കോളേജിലേക്കു ഒരു പ്രീഡിഗ്രി വിദ്യാർത്ഥിയായാണ് ഞാൻ എത്തിയത്. പുറം നാട്ടിലെ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കോളേജ് വിദ്യാഭ്യാസത്തിനായി മാർ ഈവാനിയോസിലേക്കു വന്ന പക്വതയില്ലാത്ത ഒരു കൊച്ചുപയ്യനെ ആ കോളേജും അധ്യാപകരും ചേർന്ന് വീക്ഷണശാലിയും ദിശാബോധവുമുള്ള ഒരു യുവാവാക്കി മാറ്റി. ഇന്നും ഞാൻ മുറുകെപ്പിടിക്കുന്ന മൂല്യങ്ങൾ പകർന്നു തന്ന അന്നത്തെ പ്രിൻസിപ്പാൾ റവ. ഡോ. ഗീവർഗ്ഗീസ് പണിക്കർ അച്ചൻ, പിന്നെ എന്റെ ഹോസ്റ്റൽ വാർഡൻ മാത്രമല്ല, എന്റെ കുടുംബവും വഴികാട്ടിയുമൊക്കെയായി വർത്തിച്ച റവ. ഫാ. അലക്സാണ്ടർ പനംകുന്നേൽ അച്ചൻ, എന്റെ അധ്യാപകർ... ഇവരൊക്കെ എന്നും എന്റെ മനസ്സിലെ മായാത്ത ഓർമ്മകളായി നിലനിൽക്കട്ടെ.



## എല്ലാ നേട്ടങ്ങളും അവിടെ നിന്ന്

വി. വി. രാജേഷ്
ബി.ജെ.പി. വക്താവ്

നമ്മുടെ പഴയ കലാലയത്തിനു സ്വയംഭരണാവകാശം നേടിക്കൊടുത്തതിന് എല്ലാ ഈവാനിയോസുകാരേയും ഞാൻ ഈ അവസരത്തിൽ ബഹുമാനിക്കുന്നു. ആ മഹത്തായ കലാലയത്തിൽ ചിലവഴിച്ച ദിനങ്ങൾ ഞാൻ ഇന്നും ഓർക്കുന്നു. വെറും ഒരു കുട്ടിയിൽ നിന്നും എന്നെ പക്വതയുള്ള ഒരു മനുഷ്യനാക്കി മാറ്റിയ അധ്യാപകരുടെ സ്വാധീനത്തെ ഞാൻ നന്ദിയോടെ ഓർക്കുന്നു. അവരുടെ മാർഗനിർദ്ദേശങ്ങളും അനുഗ്രഹവും കാരണമാണ് എന്റെ ജീവിതത്തിലെ കൊച്ചുകൊച്ചു നേട്ടങ്ങൾ പോലും എനിക്കു സാധ്യമായത്.



## അമ്മ പഠിപ്പിക്കുന്നു

സഞ്ജു വി. സാംസൺ
ക്രിക്കറ്റ് ടീമംഗം

മൂന്നു വർഷങ്ങൾ മാർ ഈവാനിയോസിൽ ചിലവഴിക്കാൻ കിട്ടുന്ന ഒരു വിദ്യാർത്ഥി തീർച്ചയായും ഭാഗ്യവാനാണ്. കോളേജിൽ കേവലം ഇരുപതോ മുപ്പതോ ദിവസങ്ങൾ മാത്രം ഈ ഒരു വർഷത്തിൽ ചിലവഴിക്കാൻ സാധിച്ച തുടക്കക്കാരനായ എനിക്കു നിഷ്കളങ്കമായ സ്നേഹവും ബഹുമാനവും കരുതലും രസങ്ങളും ഒക്കെ നിറഞ്ഞ ഒരു അന്തരീക്ഷമാണ് അനുഭവിക്കാൻ കഴിഞ്ഞത്. എന്റെ അമ്മ പഠിപ്പിക്കുമ്പോൾ ചുറ്റിലും എന്റെ സഹോദരങ്ങൾ കേട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു ഗാർഹിക അന്തരീക്ഷമാണ് എനിക്ക് എന്റെ ക്ലാസ്സ്. ഈ കോളേജിൽ സീറ്റ് ലഭിച്ചതിൽ ഞാൻ ദൈവത്തിനു നന്ദി പറയുന്നു.



## പുസ്തക ലോകം

ജോൺ മത്തായി ഐ.എ.എസ്
മുൻ ചീഫ് സെക്രട്ടറി

പന്തളം എന്ന ഗ്രാമത്തിൽ നിന്ന് മാർ ഈവാനിയോസ് കോളേജിലേക്കു വന്നപ്പോൾ ബഥനിക്കുന്നിലെ തൈ റബർമരങ്ങൾ നിറഞ്ഞ ഗ്രാമീണ ഭംഗിയാണ് ആദ്യമായി എന്നെ ആകർഷിച്ചത്. കോളേജ് ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ എടുത്തുകൊണ്ട് പോയി ഇപ്പോൾ സെമിത്തേരി സ്ഥിതിചെയ്യുന്ന സ്ഥലത്തിരുന്ന് വായിച്ചിരുന്നത് ഇന്നലത്തെപ്പോലെ എന്റെ ഓർമ്മയിലുണ്ട്. കാറ്റുമേറ്റ് പുസ്തകങ്ങൾ വായിച്ചിരുന്നത് എന്റെ ജീവിതത്തിന്റെ അടിത്തറ പാകുന്നതിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. സ്നേഹനിധിയായ സഹപാഠികളും ഹോസ്റ്റൽ ഉൾപ്പെടെയുള്ള ഒന്നാംതരം അടിസ്ഥാന സൗകര്യങ്ങളുമായി ഒരു വലിയ വിദ്യാഭ്യാസ സ്ഥാപനമായി 1960 കളിൽത്തന്നെ നിലനിന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. വിവിധ സ്ഥാപനങ്ങൾ കൊണ്ട് നിറഞ്ഞ മാർ ഈവാനിയോസ് വിദ്യാനഗർ അന്നത്തെ ഗ്രാമീണ സൗന്ദര്യത്തിൽ നിന്നും വളരെ വ്യത്യാസപ്പെട്ടെങ്കിലും മലങ്കര സഭ വിദ്യാഭ്യാസ മേഖലയിൽ വളരെ സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് കാഴ്ച വയ്ക്കുന്നത്. സ്വയംഭരണം ലഭിക്കുന്ന ഈ അവസരത്തിൽ മാർ ഈവാനിയോസ് കോളേജ് എന്ന മാതൃസ്ഥാപനത്തിന് എല്ലാവിധ ആശംസകളും അഭിവൃദ്ധികളും നേരുന്നു.



## ജ്ഞാനിയായ കൊട്ടാരത്തിലച്ചൻ

എം. ജയചന്ദ്രൻ
സംഗീത സംവിധായകൻ

സ്കൂൾ ജീവിതത്തിന്റെ അച്ചടക്കത്തിൽ നിന്നും തീർത്തും വിഭിന്നമായ ഒരന്തരീക്ഷമായിരുന്നു കോളേജ്. സ്വാതന്ത്ര്യം, ചുറ്റിനും ഒരുപാട് സുഹൃത്തുക്കൾ പിന്നെ പുതിയ പുതിയ അനുഭവങ്ങൾ, ആധുനിക ലബോറട്ടറികൾ, സ്നേഹനിധികളായ അധ്യാപകർ, പണ്ഡിതനും ജ്ഞാനിയും ഗുരുസ്ഥാനിയനുമായ മഹദ്വ്യക്തിത്വത്തിനു ഉടമയായ ഞങ്ങളുടെ പ്രിൻസിപ്പൽ കൊട്ടാരത്തിലച്ചൻ. എന്നെ ഞാനാക്കുന്നതിലും ജീവിതത്തിൽ പക്വത കൈവരിക്കുന്നതിനും അദ്ദേഹമെന്നെ വളരെയധികം സഹായിച്ചിട്ടുണ്ട്. യൂത്ത് ഫെസ്റ്റിവൽ വിജയിച്ചുവന്ന എന്നെ എന്റെ ക്ലാസിൽ വന്ന് അദ്ദേഹം അഭിനന്ദിച്ചത് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ സമ്മാനമായി ഞാൻ കരുതുന്നു. പന്ത്രണ്ടു വർഷങ്ങൾക്കു ശേഷം ഒരു പൊതു ചടങ്ങിൽ വച്ച് ആ ഓർമ്മകൾ കൊട്ടാരത്തിലച്ചൻ പുതുക്കിയത് എന്നെ അത്ഭുതപ്പെടുത്തുകയുണ്ടായി. ജീവിതത്തിൽ ഞാൻ നേടിയതിൽ പലതും ഈ കലാക്ഷേത്രത്തിൽ നിന്നും സ്വായത്തമാക്കിയതാണ്.



## സുഹൃത്സമ്പത്ത്

ഡോ. പോൾ അഗസ്റ്റിൻ
സർജൻ, റീജണൽ ക്യാൻസർ സെന്റർ

കേരളാ യൂണിവേഴ്സിറ്റിയിൽ ഷിഫ്റ്റ് സിസ്റ്റം നടപ്പിലാക്കിയ കാലഘട്ടത്തിലാണ് ഞാൻ മാർ ഈവാനിയോസ് കോളേജിൽ പ്രീ ഡിഗ്രി വിദ്യാർത്ഥിയായി ചേർന്നത്. വളരെ പ്രധാനപ്പെട്ട ഒരു കാലഘട്ടമായിരുന്നതിനാൽ മറ്റു ആക്റ്റിവിറ്റീസിൽ വളരെയൊന്നും പങ്കെടുത്തിട്ടില്ല. എന്നിരുന്നാലും അന്നത്തെ വിദ്യാസമ്പന്നരായ അധ്യാപകരും സ്നേഹസമ്പന്നരായ സുഹൃത്തുക്കളും ഇന്നും എന്റെ മനസ്സിലെ സന്തോഷമുള്ള ഓർമ്മകളാണ്. ഭാവി ജീവിതത്തിനു അടിത്തറ പാകുവാനും പക്വമായ ഒരു ലോകവീക്ഷണം നൽകുവാനും ഇവാനിയോസ് ജീവിതം എന്നെ സഹായിച്ചു.



## അടിസ്ഥാന പാഠങ്ങൾ

ജോർജ്ജ് മെഴ്സിയർ
മുൻ എം.എൽ.എ

യൂണിവേഴ്സിറ്റി കോളേജിലെ പ്രീ ഡിഗ്രി വിദ്യാഭ്യാസത്തിനു ശേഷം മാർ ഈവാനിയോസ് കോളേജിൽ എത്തിയ എനിക്കു അവിടുത്തെ കാല്പനിക അന്തരീക്ഷം പുതിയ ഒരനുഭവം ആയിരുന്നു. നല്ല സുഹൃത്തുക്കൾ, മികച്ച അധ്യാപകർ, സൗകര്യങ്ങൾ എന്നിവ എന്നുമോർക്കുന്ന അനുഭവങ്ങളാണ്. മാർ ഈവാനിയോസ് കോളേജ് എനിക്കു സമ്മാനിച്ച മനോഹര ഓർമ്മകളാണ് ഇന്നും എന്റെ ജീവിതത്തിലെ മുതൽക്കൂട്ട്. ഇതിനെല്ലാമുപരി എന്റെ രാഷ്ട്രീയ ജീവിതത്തിന്റെ അടിസ്ഥാന പാഠങ്ങൾ എനിക്കു നൽകിയതും രാഷ്ട്രീയ ജീവിതത്തിനു തുടക്കം കുറിക്കാൻ അവസരമൊരുക്കിയതും ഈ മഹത്തായ കലാലയമാണ്. എന്നാൽ എടുത്തു പറയേണ്ട കാര്യം അന്നത്തെ ക്യാമ്പസാണ്. അവിടുത്തെ രാഷ്ട്രീയ ചൂടിനപ്പുറം ഉടലെടുത്ത സൗഹൃദങ്ങളുടെ ഹൃദ്യതയും കാത്തുസൂക്ഷിക്കുന്നതും എന്നും സമാനതകളില്ലാത്ത ഈവാനിയോസിന്റെ മാത്രം പ്രത്യേകതയാണ്.



## എന്റേത്......

തലേക്കുന്നിൽ ബഷീർ

എന്റേതെന്നു ഞാൻ വിളിക്കാനാഗ്രഹിക്കുന്ന ചില സ്വകാര്യതകളിൽ ഒന്നാണ് എന്റെ മാർ ഈവാനിയോസ് കോളേജ്. ജീവിതത്തിലും രാഷ്ട്രീയത്തിലും ദിശാബോധം നൽകിയ മാതൃസ്ഥാപനം. രാഷ്ട്രീയം, സൗഹൃദം, സ്നേഹം അങ്ങനെയെല്ലാം സമമായി നിറയപ്പെട്ട മഹത്തായ അന്തരീക്ഷം. അന്നത്തെ പ്രിൻസിപ്പൽ ആയിരുന്ന കാളാശ്ശേരി അച്ചനും പണിക്കരച്ചനുമൊക്കെ ജീവിതത്തിൽ നൽകിയ പ്രചോദനമാണ് രാഷ്ട്രീയ ജീവിതത്തിലും വ്യക്തി ജീവിതത്തിലും എനിക്കു കൂട്ടായി സഹവസിച്ചത്. അങ്ങനെ എല്ലാ വിധത്തിലും അവിസ്മരണീയമായ ഒരനുഭവമാണ് എന്റെ കോളേജ് ജീവിതം.



## മൂല്യങ്ങൾ രൂപപ്പെടുത്തി

ബിജു പ്രഭാകർ ഐ.എ.എസ്
തിരുവനന്തപുരം ജില്ലാകളക്ടർ

ഉറച്ച അടിസ്ഥാന മൂല്യങ്ങളാണ് ഒരു മനുഷ്യനെ തന്റെ മൃഗവാസനകളിൽ നിന്നും അടർത്തി ഒരു സാമൂഹ്യജീവിയായി മാറ്റുന്നത്. മാർ ഈവാനിയോസ് കോളേജിലെ പഠനകാലമാണ് എന്റെ ജീവിതത്തിലെ അടിസ്ഥാന മൂല്യങ്ങളെ രൂപപ്പെടുത്താൻ എന്നെ സഹായിച്ചത്. ഇത്രയും ഉത്തരവാദിത്വമുള്ള ഒരു ജോലി ചെയ്യുമ്പോൾ മനുഷ്യത്വവും മാനവികതയും നഷ്ടപ്പെടാതിരിക്കാൻ കാരണവും മഹത്തായ ആ കോളേജും അവിടുത്തെ പഠന കാലവുമാണ്. എന്തുകൊണ്ടും എന്നെ രൂപാന്തരപ്പെടുത്തിയ അടിസ്ഥാനങ്ങളിൽ ഏറ്റവും ഉറച്ച ഒന്ന് എന്റെ കോളേജ് തന്നെയാണ്.



## കലാതിലകപ്പട്ടം

ശ്രീദേവി
കലാതിലകം

2010-13 കാലഘട്ടിൽ ബിഎസ്സി ബോട്ടണി വിദ്യാർത്ഥിനിയായാണ് ഞാൻ മാർ ഈവാനിയോസ് കോളേജിൽ പഠിച്ചത്. ഞാൻ അവിടെയായിരുന്ന കാലത്തിൽ അവിടുത്തെ അധ്യാപകരിൽ നിന്നും വളരെ ഊഷ്മളമായ സ്നേഹവും പ്രചോദനവും ലഭിക്കുകയുണ്ടായി. ഈ കാലയളവിൽ എന്റെ സാമൂഹികവും സാംസ്കാരികവുമായ കഴിവുകളെ പടുത്തുയർത്താൻ ലഭിച്ച അവസരം വിസ്മരിക്കാനാവുന്നതല്ല. അതിന്റെ പൂർത്തീകരണമെന്നവിധം 2012-ലെ യുവജനോത്സവത്തിൽ എനിക്കു കലാതിലകപട്ടം ലഭിക്കുകയുണ്ടായി.




## പുതിയ വാതായനങ്ങൾ

രാജീവ് വി, ഐ.ആർ.എസ്,
ചെയർമാൻ, റയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്

1975-ൽ മാർ ഈവാനിയോസ് കോളേജിന്റെ പടവുകൾ ആദ്യമായി കയറുമ്പോൾ എനിക്കു മുമ്പിൽ തുറക്കപ്പെട്ടത് വിജ്ഞാനത്തിന്റെയും ബന്ധങ്ങളുടെയും ആഘോഷങ്ങളുടെയും പുതിയ വാതായനങ്ങളായിരുന്നു. ഗീവർഗ്ഗീസ് പണിക്കരച്ചനുമൊത്തുള്ള ആദ്യ കൂടിക്കാഴ്ച, പ്രഗത്ഭരായ അധ്യാപകർ, പുത്തൻ കൂട്ടുകാർ, ഇന്നും നിലനിൽക്കുന്ന സൗഹൃദങ്ങൾ ഇവയെല്ലാം മാർ ഈവാനിയോസ് എന്ന മഹദ് പ്രസ്ഥാനത്തെ ചുറ്റി നിലനിൽക്കുന്ന നനുത്ത ഓർമ്മകളാണ്. സംഗീതവുമൊത്തുള്ള സുദൃഢ

ബന്ധത്തിനു നാന്ദി കുറിച്ചത് മാത്യു കോശി സാറിന്റെയും സ്റ്റ്യുവർട്ട് സാറിന്റെയും സ്നേഹശിക്ഷണത്തിൽ ഞാൻ സംഘടിപ്പിച്ച അനേകം സംഗീത പരിപാടികളാണെന്നുള്ളത് ഞാൻ നന്ദിയോടെ സ്മരിക്കുന്നു. കോളേജ് ആർട്ട് ഫെസ്റ്റിവലുകളും, ഹൗസ് മത്സരങ്ങളും, ആവേശജനകമായ ഇലക്ഷൻ പ്രചരണങ്ങളും, ക്യാമ്പസിലെ ആദ്യത്തെ ഫാഷൻ ഷോയും, ജസ്റ്റ് എ മിനിറ്റ് പരിപാടികളും, കോളേജ് ബസ്സിലെ നീണ്ട യാത്രകളും എന്റെ മാർ ഈവാനിയോസ് ജീവിതത്തെ അവിസ്മരണീയമാക്കി... ആ അഞ്ചു വർഷങ്ങൾ എന്റെ മനസ്സിലേക്കു സുഖതരമായ ഓർമ്മകളെ മാടി വിളിക്കുന്നു, ഒരിക്കൽക്കൂടി......



## അകതാരിലെ സുഖമുള്ള ഓർമ്മകൾ

ഡോ. ജോഷി ജേക്കബ്
എമറി യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് മെഡിസിൻ, അറ്റ്ലാന്റ, അമേരിക്ക

ഞാൻ കുട്ടിയായിരുന്നപ്പോൾ ഒരു സിനിമാ നടനാകണമെന്നു ആഗ്രഹിച്ചു. അതു സാധ്യമല്ല എന്നു മനസ്സിലാക്കിയപ്പോൾ പിന്നെ ഒരു വ്യോമയാന പൈലറ്റ് ആകണമെന്നായി മോഹം. പക്ഷെ പ്രീ ഡിഗ്രി കഴിഞ്ഞപ്പോൾ ഒരു ഭിഷഗ്വരനാകണമെന്ന കാര്യത്തിൽ എനിക്കു സംശയമില്ലായിരുന്നു. പക്ഷെ ഒരു ചെറിയ പ്രശ്നം. എനിക്കു വെറും 0.25% മാർക്കു വ്യത്യാസത്തിൽ എനിക്കു മെഡിക്കൽ പ്രവേശനം നഷ്ടമായി. അപ്പോഴാണ് എന്റെ പിതാവ് എന്നോട് കെമിസ്ട്രി ഐച്ഛിക വിഷയമായെടുത്ത് ഡിഗ്രി പഠനത്തിനു ശേഷം മെഡിക്കൽ വിദ്യാഭ്യാസം എന്ന ചിന്ത മുന്നോട്ടു വയ്ക്കുകയും അതിൻപ്രകാരം ഞാൻ മാർ ഈവാനിയോസ് കോളേജിൽ കെമിസ്ട്രി വിദ്യാർത്ഥിയായി ചേരുകയും ചെയ്തു.

ഇന്നു തിരിഞ്ഞുനോക്കുമ്പോൾ മാർ ഈവാനിയോസ് കോളേജിൽ ഞാൻ ചിലവഴിച്ച മൂന്നു വർഷങ്ങൾ എന്റെ ജീവിതത്തിലെ അവിസ്മരണീയമായ വർഷങ്ങളായിരുന്നു. മണ്ണിലച്ചന്റെയും ജേക്കബച്ചന്റെയും സ്നേഹച്ചൂടിൽ ഹോസ്റ്റലിൽ ചിലവഴിച്ച വർഷങ്ങൾ ഒരിക്കലും മറക്കാനാവില്ല. അതിലുപരി ഞങ്ങളുടെ യൗവ്വന ചപലതകളെ ജ്ഞാനത്തോടും വിവേകത്തോടും അർഹിക്കുന്നത്ര മാത്രം ഗൗരവത്തോടെയും സ്നേഹകരുതലോടെയും നേരിട്ടത് എന്റെ ജീവിത യാത്രയിൽ കരുത്തായി.

കോളേജു ജീവിതത്തിനിടയിൽ കണ്ടുമുട്ടിയ സുഹൃത്തുക്കൾ ഇന്നും എന്റെ അടുത്ത സുഹൃത്തുക്കളായി എന്റെ ആത്മാവിനെ തൊട്ട ആത്മ മിത്രങ്ങളായി, രഹസ്യ സൂക്ഷിപ്പുകാരായി നിലനിൽക്കുന്നു. ഫെയ്സ്ബുക്കും, യാഹൂ ഗ്രൂപ്പുകളും ഞങ്ങളെ ഇന്നും സൗഹൃദത്തിൽ തുടരാൻ സഹായിക്കുന്നു.

ദൈവാനുഗ്രഹം, കഠിനാധ്വാനം, സാമൂഹിക ബന്ധങ്ങൾ-ജീവിത വിജയത്തിന്റെ സുകൃത മന്ത്രങ്ങൾ എന്നു ഞാൻ വിശ്വസിക്കുന്ന കാര്യങ്ങൾ. അവ സ്വായത്തമാക്കാൻ തീർച്ചയായും എന്നെ സഹായിച്ചത് മാർ ഈവാനിയോസ് കോളേജ് എനിക്കു നൽകിയ ശിക്ഷണവും സുഹൃത്തുക്കളും ആണ്. മാർ ഈവാനിയോസ് കോളേജ് എനിക്കു സമ്മാനിച്ച ആ മനോഹര ദിനങ്ങൾ എന്നും എന്റെ അകതാരിലെ സുഖമുള്ള ഓർമ്മകളായിരിക്കും.



## പൈതൃകാവകാശിയായി.....

അഭിരാമി
ചലച്ചിത്രതാരം

ഒരു പൈതൃകാവകാശിയായി എന്റെ അമ്മയ്ക്കും അമ്മാവനും പുറകെ ഞാനും മാർ ഈവാനിയോസ് കോളേജിൽ പ്രീ ഡിഗ്രി വിദ്യാർത്ഥിനിയായെത്തി. അവിടെ എന്തൊക്കെ പ്രതീക്ഷിക്കാം എന്ന ഒരു മുൻ ധാരണയോടെ എത്തിയ എനിക്കു എന്റെ ഓർമ്മയുടെ മണിച്ചെപ്പിൽ സൂക്ഷിക്കാൻ നല്ല കുറെ ഓർമ്മകൾ ലഭിച്ചു. ഇന്നും ഞാൻ ഹൃദയത്തോടടക്കി പിടിക്കുന്ന ഏതാനും സൗഹൃദങ്ങൾ സഹ വിദ്യാർത്ഥികളോടും അധ്യാപകരോടും ഞാൻ സ്വായത്തമാക്കി. എന്റെ അഭിനയ കഴിവിനെ ചെത്തിമിനുക്കി എന്നിലെ നടിയെ പുറത്തുകൊണ്ടു വരുവാൻ അവിടുത്തെ സാംസ്കാരിക അന്തരീക്ഷം എന്നെ സഹായിച്ചു. യവന നാടകമായ ഈഡിപ്പസ് റെക്സിലെ ജൊക്കാസ്റ്റ എന്റെ ജീവിതത്തിലെ അവിസ്മരണീയമായ കഥാപാത്രമാണ്. നഷ്ടപ്പെട്ട ക്ലാസുകൾ പഠിക്കുവാൻ എന്നെ സഹായിച്ച അധ്യാപകരോടുള്ള കടപ്പാട് ഇന്നും ഞാൻ മനസ്സിൽ സൂക്ഷിക്കുന്നു. ജീവിതാന്ത്യം വരെ ഈവാനിയോസ് ജീവിതം ഞാൻ എന്റെ സുകൃതമായി സൂക്ഷിക്കും.



## സ്നേഹത്തിന്റെ മരുപ്പച്ച

മഹാദേവൻ
ഹിന്ദു ദിനപത്രം

തണുത്തുറഞ്ഞൊരു ലോകത്തു നിന്നും ഓടി അഭയം തേടാനുള്ള സ്നേഹത്തിന്റെയും ആഘോഷത്തിന്റെയും മരുപ്പച്ച ആയിരുന്നു മാർ ഈവാനിയോസ്. ഓരോ ചെറു ഇലയും ഓരോ മരത്തണലും ആർത്തു തിമിർക്കുന്ന കാറ്റും എന്നോടു പറയുമായിരുന്നു വിടരാൻ വെമ്പുന്ന മനോഹര പുഷ്പമാണ് ഞാനെന്ന്. അവിടെ പഠിച്ചിറങ്ങിയ ഓരോ യൗവ്വനക്കാരും ഈ സുഖം ആസ്വദിച്ചിട്ടുണ്ടാകണം. ഇപ്പോൾ ജീവിതത്തിന്റെ കൊടുംകാറ്റിൽപ്പെട്ട് ആടി ഉലയുമ്പോൾ ഒരായിരം വർണ്ണശബളമായ ഓർമ്മകൾ സുഗന്ധം പേറി ഓടിയെത്തി എന്റെ ജീവിത നൗകയുടെ പായക്കു കാറ്റായി എന്റെ ജീവിതയാത്രയെ മുന്നോട്ടു നയിക്കുന്നു.



## അദൃശ്യ പ്രഭാവലയം

സനൽകുമാർ
അസിസ്റ്റന്റ് പോലീസ് കമ്മീഷണർ

വർഷങ്ങൾ ഏറെക്കഴിഞ്ഞിട്ടും വിവേചിക്കാനാവാത്ത ഒരു വൈകാരിക ആത്മബന്ധം ഇന്നും മാർ ഈവാനിയോസ് കോളേജുമായി എനിക്കുണ്ട്. അന്നത്തെ എന്റെ അധ്യാപകരും സുഹൃത്തുക്കളുമായുള്ള ഗാഢബന്ധം ഇന്നും നിലനിൽക്കുന്നു. ഒരു പക്ഷെ ഇത് ഈവാനിയോസിനു മാത്രം സ്വന്തമായുള്ള ഒരു വികാരമാവാം. മാർ ഈവാനിയോസ് കോളേജിനെ ചൂഴ്ന്നുനിൽക്കുന്ന അദൃശ്യ പ്രഭാവലയം ആ മണ്ണിൽ ചവിട്ടി നടന്നവർക്കു മാത്രം അനുഭവ വേദ്യമാകുന്ന ഒന്നാണ്. വിദ്യാഭ്യാസപരവും സാംസ്കാരികവുമായ അവിടുത്തെ അന്തരീക്ഷം ഒരുപാടു കലാകാരന്മാരെയും ഉന്നതോദ്യോഗസ്ഥരെയും സൃഷ്ടിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ച എന്റെ മാതൃ വിദ്യാലയത്തിന്റെ യശസ്സ് സ്വയംഭരണം ലഭിക്കുന്നതിലൂടെ വർദ്ധിക്കുമെന്നതിൽ സംശയമില്ല.



## വർണ്ണശബളമായ ദിനങ്ങൾ

റോസ് മേരി
കവയത്രി

യൗവനാരംഭത്തിലെ ഏറ്റവും വർണ്ണശബളമായ ദിനങ്ങളെയാണ് മാർ ഈവാനിയോസ് കോളേജിനെ കുറിച്ചോർക്കുമ്പോൾ മനസ്സിൽ തെളിയുന്നത്. ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിനെ ചൂഴ്ന്നു നിലകൊള്ളുന്ന തണൽ വിരിച്ച മാമരങ്ങൾ, ഇളംറോസ് പൂങ്കുലകളോടെ പൂത്തുനിൽക്കുന്ന പ്രത്യേക വൃക്ഷമാണ് മനസ്സിൽ ഇന്നും മായാതെ നിൽക്കുന്നത്. ക്ലാസ്സ് മുറിയുടെ ജനലഴിക്കപ്പുറത്ത് മഞ്ഞപ്പൂക്കൾ വാരിച്ചൂടി നിൽക്കുന്ന അരളിപ്പടർപ്പ്, അതിൽ ചിലച്ചു പാറുന്ന ചെറുകിളികൾ, പിന്നെ ബൈബിളിലെ പഴയ നിയമത്തിലെ മഹാപുരോഹിതൻമാരെ ഓർമ്മിപ്പിക്കുന്ന പണിക്കരച്ചന്റെ ഗംഭീരമായ രൂപഭാവങ്ങൾ- പിന്നെ സ്നേഹനിധികളായ സ്റ്റ്യുവർട്ട് സാറും അയ്യനേത്ത് അച്ചനും ഓണക്കൂർ സാറും പിന്നെ കർശനക്കാരനായ കാരി സാറിന്റെ ഗ്രാമർ ക്ലാസ്സുകളും മറക്കുവതെങ്ങനെ. ഓരോ ചെറുകാറ്റിലും ആ പൂക്കൾ അങ്ങനെ അടർന്നു പതിക്കുന്നു.



## സമഗ്ര സംഭാവന....

ആന്റണി രാജു
ചെയർമാൻ, ട്രാവൻകൂർ സിമന്റ്സ്

ഉന്നത വിദ്യാഭ്യാസ രംഗത്ത് മാർ ഈവാനിയോസ് കോളേജ് നൽകിയ സമഗ്രമായ സംഭാവനയ്ക്കുള്ള അർഹമായ അംഗീകാരമാണ് സ്വയംഭരണപദവിയിലേക്ക് ഉയർത്തിയതിലൂടെ കൈവന്നിരിക്കുന്നത്. ചരിത്രപരമായ ഈ ഉജ്ജ്വല നേട്ടം കൈവരിക്കാൻ കാലാകാലങ്ങളായി ആത്മാർത്ഥമായ സേവനം നൽകിയവരെ നന്ദിയോടെ സ്മരിക്കുന്നു. കോളേജിലെ പൂർവ്വ വിദ്യാർത്ഥി എന്നതിൽ അങ്ങേയറ്റം അഭിമാനിക്കുന്നു, സന്തോഷിക്കുന്നു. ലോക നിലവാരമുള്ള മികച്ച മാതൃകാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടികയിൽ മാർ ഈവാനിയോസ് കോളേജ് ഒന്നാമതാകാൻ ആത്മാർത്ഥമായി ആശംസിക്കുന്നു.



## ജീവിതത്തിന് അടിത്തറ നൽകിയ പുണ്യസ്ഥലം

പ്രിയങ്ക
ചലച്ചിത്ര താരം

വ്യക്തിപരമായും ഔദ്യോഗികമായും എന്റെ ജീവിതത്തിനു അടിത്തറ പാകിയ പുണ്യ സ്ഥലമാണ് മാർ ഈവാനിയോസ് കലാലയം. അന്നു ലഭിച്ച നല്ല സൗഹൃദങ്ങളും ബന്ധങ്ങളും ഇന്നും ഞാൻ നെഞ്ചോടു ചേർത്തു സൂക്ഷിക്കുന്നു. എന്നെ പ്രശസ്തയാക്കിയ വെയിൽ എന്ന തമിഴ് സിനിമ എന്റെ ഡിഗ്രി അവസാന വർഷമാണ് ഞാൻ ചെയ്തത്. എന്നിലെ സിനിമാനടിക്കു വേണ്ട എല്ലാവിധ പ്രചോദനവും എനിക്ക് അവിടെ നിന്നാണ് ലഭിച്ചത്. സംസ്ഥാന അവാർഡ് ലഭിച്ചപ്പോൾ എന്നോടൊപ്പം എന്റെ കലാലയവും അതാഘോഷിച്ചു. തിരിഞ്ഞു നോക്കുമ്പോൾ പച്ചപ്പോടെ ഞാൻ ഓർമ്മയിൽ സൂക്ഷിക്കുന്ന ഒരു കാലഘട്ടമാണത്.



## ജീവിത വിജയത്തിന്റെ പടവുകൾ

ഡോ. അനിൽ പീതാംബരൻ
ഹെഡ് ഓഫ് ന്യൂറോ സർജറി
തിരുവനന്തപുരം

വർഷങ്ങൾക്കു മുമ്പ് ഞാൻ ഓടിക്കയറിയ മാർ ഈവാനിയോസ് കോളേജിന്റെ പടവുകൾ എന്റെ ജീവിത വിജയത്തിന്റെ തന്നെ പടവുകളായിരുന്നു എന്ന തിരിച്ചറിവിന്റെ ചാരിതാർത്ഥ്യത്തിൽ എന്റെ കോളേജിനു ഞാൻ എല്ലാവിധ ഭാവുകങ്ങളും നേരുന്നു. പക്വതയുടെ ആദ്യപാഠങ്ങൾ ചൊല്ലിത്തന്ന അദ്ധ്യാപകർക്കും എന്റെ സതീർത്ഥ്യർക്കും സ്നേഹവന്ദനം. ഗൗരവത്തോടെ പഠിക്കാനുള്ള എല്ലാ സൗകര്യങ്ങളും എനിക്കു അവിടെ ലഭിച്ചു എന്നു ഞാൻ ഓർക്കുന്നു.



## ആഭിജാത്യമുള്ള കലാലയം

ഡി. വിജയമോഹൻ
മലയാള മനോരമ

തിരുവനന്തപുരത്തെ മാർ ഈവാനിയോസ് കോളേജിൽ പഠിക്കാൻ കഴിഞ്ഞുവെന്നതാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ നേട്ടമായി ഞാൻ കരുതുന്നത്. ഇങ്ങനെ കരുതുന്ന ഒട്ടേറെപ്പേർ ഉണ്ടാവുമെന്നും എനിക്ക് ഉറപ്പുണ്ട്. മാർ ഈവാനിയോസ് സ്ഥാപനങ്ങൾ നൽകിയ ശിക്ഷണം, അച്ചടക്കം, ജിവിതത്തിൽ മൂല്യങ്ങൾ പാലിക്കേണ്ടതിനെക്കുറിച്ചു നൽകിയ അവബോധം, എല്ലാറ്റിനുമുപരി സമൂഹത്തോടുള്ള സമീപനം എങ്ങനെ ആയിരിക്കണം എന്നു നൽകിയ പരിശീലനം- ഇവയൊക്കെ വിലമതിക്കാനാവാത്ത സമ്പത്താണ്. അന്ന് മാർ ഈവാനിയോസ് കോളേജ് പ്രിൻസിപ്പലായിരുന്ന ഡോ. ഗീവർഗ്ഗീസ് പണിക്കർ ആയിരുന്നു ഞങ്ങളുടെയൊക്കെ മാർഗ്ഗ ദീപമായിരുന്നത്. അദ്ദേഹത്തിന് ഭാവി തലമുറയെ എങ്ങിനെ വാർത്തെടുക്കണം എന്നതു സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ അഗാധമായ പാണ്ഡിത്യം ഉണ്ടായിരുന്നു അദ്ദേഹത്തിന്. അവ മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്ന വിധം അദ്ദേഹം കൂടുതൽ പുസ്തകങ്ങൾ രചിക്കാതെ പോയത് വലിയൊരു നഷ്ടമായിപ്പോയി. പുറമെ കർക്കശക്കാരനെന്ന് തോന്നുമെങ്കിലും അദ്ദേഹം മാർ ഈവാനിയോസിൽ നിന്നു പഠിച്ചിറങ്ങി പോയ ഓരോ വിദ്യാർത്ഥിയെയും ഓർമ്മയിൽ സൂക്ഷിച്ചിരുന്നു. പൂർവ്വ വിദ്യാർത്ഥികളുമായി ഇത്രയും ഊഷ്മളമായ ബന്ധം സ്ഥാപിച്ചിരുന്ന മറ്റൊരു സ്ഥാപന മേധാവി ഉണ്ടാവുമോയെന്ന് സംശയമാണ്. മാർ ഈവാനിയോസ് കോളേജിനെ കേരളത്തിലെ ഏറ്റവും മികച്ച കലാലയങ്ങളിലൊന്നായി മാറ്റുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് നിസ്തുലമാണ്. മാർ ഈവാനിയോസ് കോളേജിൽ പഠിച്ച ഓരോ വിദ്യാർത്ഥിയും തികഞ്ഞ അഭിമാനത്തോടെ ആ സ്ഥാപനത്തെ ഓർമ്മിക്കുന്നത് തന്നെയാണ് ആ സ്ഥാപനത്തിന്റെ ആഭിജാത്യത്തിനും അന്തസ്സിനും ഗരിമയ്ക്കും ഏറ്റവും വലിയ തെളിവ്.



## ഹൃദയം നിറഞ്ഞ ഭാവുകങ്ങൾ....

ഇ. എം. നജീബ്
ചെയർമാൻ, എ.ടി.ഇ ഗ്രൂപ്പ്

മാർ ഈവാനിയോസ് കോളേജിന് സ്വയംഭരണ പദവി ലഭിച്ചിരിക്കുന്നു എന്നറിയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ജനഹൃദയങ്ങളിൽ ഈ കലാലയത്തിന് ഹൃദ്യമായ സ്ഥാനമാണുള്ളത്. തുടക്കം മുതൽ ഇന്നു വരെ മാർ ഈവാനിയോസ് കോളേജ് അതിന്റെ മേന്മയും ബഹുമാന്യതയും നിലനിർത്തി വരുകയാണ്. നിശ്ചയ ദാർഢ്യത്തോടെയും ലക്ഷ്യബോധത്തോടെയും ഉള്ള ഭരണ സംവിധാനവും, ആത്മാർത്ഥതയും സമർപ്പണവുമുള്ള അധ്യാപകരും ഈ സ്ഥാപനത്തിന്റെ യശസ്സ് ലോകം മുഴുവൻ എത്തിച്ചിരിക്കുകയാണ്. ഈ സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്ക് തങ്ങൾ പഠിച്ച ഈ കലാലയം എന്നും അഭിമാനമാണ്. പൂർവ്വ വിദ്യാർത്ഥി എന്ന നിലയിൽ ഞാൻ അത്യധികം സ്നേഹിക്കുന്ന ഈ കാലാലയം ഇന്ന് വളർച്ചയുടെ മറ്റൊരു ഘട്ടത്തിലാണ്. സ്വയംഭരണ പദവി ഈ കലാലയത്തിന് കൂടുതൽ സ്വാതന്ത്ര്യം നൽകുകയും ദേശീയവും ലോകോത്തരവുമായ നിലവാരത്തിൽ എത്താൻ സഹായിക്കുകയും ചെയ്യും എന്നു ഞാൻ വിശ്വസിക്കുന്നു. ഉന്നതമായ ഗുണനിലവാരത്തോടെ ഈ സ്ഥാപനത്തെ നയിച്ച മാനേജ്മെന്റിനെയും ഗുരുക്കൻമാരെയും ഞാൻ ഹൃദയപൂർവ്വം ഓർക്കുകയും ശ്ലാഘിക്കുകയും ചെയ്യുന്നു.

മാർ ഈവാനിയോസ് കോളേജിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനുമായി സഹകരിച്ച് ആരംഭിച്ചിട്ടുള്ള B.Voc Tourism കോഴ്സിന് സാങ്കേതിക സഹകരണം നൽകാൻ എന്റെ സ്ഥാപനമായ എയർട്രാവൽ എന്റർപ്രൈസസ്സിന് കഴിഞ്ഞു എന്നുള്ളതിൽ എനിക്ക് സന്തോഷമുണ്ട്. എന്റെ ജീവിതത്തിനും പ്രവർത്തനമേഖലയ്ക്കും മാർഗ്ഗ നിർദ്ദേശം ലഭിച്ചത് പ്രധാനമായും മാർ ഈവാനിയോസ് കോളേജിൽ നിന്നുമാണ്. അതുകൊണ്ട് തന്നെ എന്റെ മനസ്സ് ഈ സ്ഥാപനവുമായി ചേർന്നിരിക്കുന്നു. അസൂയാവഹമായ ഉയരങ്ങളിൽ ഈ സ്ഥാപനം എത്തുകയും വെന്നിക്കൊടി പാറിക്കുകയും ചെയ്യുമെന്ന് എനിക്ക് ഉറപ്പുണ്ട്. എല്ലാവിധ ഭാവുകങ്ങളും ഈ കലാലയത്തിന് നേർന്നു കൊള്ളുന്നു.



## മാർ ഈവാനിയോസ് കോളേജ്; അഞ്ച് വാക്യങ്ങൾ

ലിപിൻ രാജ് എം. പി
സിവിൽ സർവ്വീസ് പ്രൊബേഷണർ

മാർ ഈവാനിയോസ് കോളേജ് ഒരു ഊർജ്ജമാണ്. എന്നിലെ ഊർജ്ജത്തിന് എപ്പോഴെങ്കിലും ഒരു കുറവ് വരുമ്പോൾ ഞാൻ ഓരോ ഡിപ്പാർട്ട്മെന്റ് ടീച്ചേഴ്സ് റൂമിലെയും അധ്യാപകരുടെ മേശയുടെ അടുത്തുപോയി നിശബ്ദനായി നിൽക്കും. അപ്പോൾ അവർ അടുത്തേക്ക് വിളിച്ച് കണ്ണുകളിൽ സന്തോഷം നിറച്ചു വച്ച്, ആത്മനിർവൃതിയോടെ, ആത്മാർത്ഥതയോടെ സംസാരിക്കും. അവരെന്തിനാണ് ഇത്ര സന്തോഷത്തോടെ സംസാരിക്കുന്നതെന്ന് ഞാൻ തിരിച്ചറിയുമ്പോൾ നഷ്ടപ്പെട്ടുപോയ ഊർജ്ജം

എന്നിലേക്ക് കടന്നുവരും. അതുമായി ലക്ഷ്യങ്ങൾ തേടി ഞാൻ വീണ്ടും യാത്ര തുടരും.

നാഷണൽ സർവ്വീസ് സ്കീമിന്റെ വോളന്റിയർ സെക്രട്ടറി ആയിരുന്നപ്പോൾ ഞാൻ ക്ലാസുകൾ തോറും കയറി മെഡിക്കൽ കോളേജിലെ രക്തദാനത്തിനായി ചോരയൂറ്റിയ നല്ല നാളുകൾ.

ലൈബ്രറിയിലെ ഗുണമണി സാർ തൊട്ട് ഹോസ്റ്റലിലെ ലോനാപ്പി ചേട്ടൻ വരെയും പഞ്ചാരമുക്ക് മുതൽ സ്റ്റെപ്പ് ജംഗ്ഷൻ വരെയും എന്റെ ഈവാനിയോസ് ഭൂമികയുടെ ഭാഗമാണ്.

ചോര ചിന്തി രാഷ്ട്രീയം കളിക്കാനല്ല, ഒരു സിവിൽ സർവ്വീസ് റാങ്ക് സ്വപ്നം കണ്ട് പഠിക്കാനാണ് അങ്ങോട്ട് പോകേണ്ടതെന്ന് സിറിൽ സി മാത്യു എന്ന നാട്ടിലെ ഒരു രക്തബന്ധവുമില്ലാതിരുന്ന സുഹൃത്തിന്റെ വാക്കുകളാണ് ഇപ്പോൾ മനസ്സിൽ. ആദ്യം കയറിയപ്പോഴും മൂന്നാം വർഷം തിരിച്ചിറങ്ങിയപ്പോഴും ഉള്ളിലേക്ക് അഗ്നി പർന്ന ഈവാനിയോസിന്റെ ഉച്ചിക്ക് മുകളിലെ ദീപശിഖയോടൊപ്പം ഉള്ളിൽ ജ്വലിച്ചത്.

എനിക്ക് പണ്ട് ഫീസിളവു തന്ന ഈവാനിയോസിനോടുള്ള കടം ഞാൻ ഒട്ടും വീട്ടിയിട്ടില്ല ഇപ്പോഴും. ഇതേ പോലുള്ള ചില കടങ്ങൾ മൊത്തത്തിൽ വീട്ടാതെ കിടക്കുന്നതാണ് അതിന്റെ ഒരു സൗന്ദര്യം.



## ദൈവദാസന് സമർപ്പണം

എം.വി. നികേഷ് കുമാർ
മാധ്യമപ്രവർത്തകൻ

1993-ൽ ഞാനിറക്കിയ കോളേജ് മാഗസിന്റെ പേര് മാർ ഇവാനിയോസ് എന്നായിരുന്നു. എന്തുകൊണ്ടാണ് ഒരു സഭാ തലവന്റെ പേര് കോളേജ് മാഗസിന്? അതിന് കാരണമുണ്ട്. 1987 മുതൽ ഏതാണ്ട് രണ്ടായിരത്തിന്റെ ആദ്യ പതിറ്റാണ്ട് വരെ അച്ഛന്റെ രാഷ്ട്രീയ ജീവിതം സംഘർഷഭരിതമായിരുന്നു. ഞങ്ങളുടെ സാമൂഹികാതിജീവനവും രാഷ്ട്രീയ സ്പർധയിലും ഒറ്റപ്പെടലിലും കലാശിച്ചു. 1991ൽ അച്ഛൻ മന്ത്രിയായതിനെ തുടർന്നാണ് ഞാൻ പയ്യന്നൂർ കോളേജ് വിട്ട് മാർ ഇവാനിയോസിലെ ഇംഗ്ലീഷ് വിഭാഗത്തിൽ ഡിഗ്രി കോഴ്സിന് ചേരുന്നത്. മാർ ഇവാനിയോസ് എനിക്ക് തികച്ചും അപരിചിതമായ ഇടമായിരുന്നു. പാപ്പിനിശേരി ഗ്രാമ്യഭാഷ കൂട്ടച്ചിരിക്ക് ഇടയാക്കുമെന്ന് ഭയന്ന് മൗനത്തിന്റെ കൂട് തീർത്തു. അകന്നുനിന്നു. മാർ ഇവാനിയോസ് പക്ഷേ എന്നോടകന്നില്ല. സ്നേഹവും സാന്ത്വനവും കൊണ്ടെന്നെ മൂടി. ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് എനിക്ക് തറവാടായി. ഞാനെന്നെ പുനർനിർമിച്ചു. തൊട്ടുകൂടായ്മയും തീണ്ടലും എന്നിൽ നിന്നകന്നു. മാർ ഇവാനിയോസ് എനിക്കാശ്വാസം പകർന്നു. ഒരു മുത്തച്ഛന്റെ സാന്ത്വനം. എന്റെ ജീവിതത്തിൽ സ്നേഹവും സാന്ത്വനവും തിരികെ കൊണ്ടുവന്ന ദൈവദാസനാണ് ഞാൻ മാഗസിൻ സമർപ്പിച്ചത്.



## കലാലയത്തിനപ്പുറം.....

മനു രമേശൻ
സംഗീത സംവിധായകൻ

ഒരു കലാലയത്തിനപ്പുറം എന്നെ ഞാനാക്കിയ മാർ ഈവാനിയോസ് കോളേജ്. സംഗീതം എന്റെ പാതയായി തെരെഞ്ഞെടുക്കാൻ കാരണം പോലും അന്നെനിക്ക് അവിടെ നിന്ന് ലഭിച്ച പ്രോൽസാഹനങ്ങളാണ്. ഒരുപിടി നല്ല സൗഹൃദങ്ങൾ..... മറക്കാൻ പറ്റാത്ത അനുഭവങ്ങൾ.... ജീവിതത്തിൽ ഒരിക്കലും നഷ്ടപ്പെടരുതേ എന്നാഗ്രഹിക്കുന്ന ദിവസങ്ങൾ.... ഡിഗ്രി പഠനം മൂന്നു വർഷമായിരുന്നു, പക്ഷെ ഈവാനിയോസ് ജീവിതം അവസാനിക്കുന്നില്ല........



## മികവും പാരമ്പര്യവും

സുദീപ് സാം വർഗീസ്
മനോരമ ടിവി

മികവും പാരമ്പര്യവും ഇണക്കിച്ചേർത്ത് മാർ ഈവാനിയെസ് കോളേജ് നേടിയെടുത്ത സ്വയംഭരണ പദവി വലിയ വെംല്ലുവിളിയാണ് മുന്നോട്ടു വയ്ക്കുന്നത്. അക്കാദമിക് സംവിധാനം കൂടുതൽ മെച്ചപ്പെടുന്നതിനോടൊപ്പം വിദ്യാർത്ഥിക്ക് ഒരു പൗരനെന്ന നിലയിൽ രൂപപ്പെടാനുള്ള സാഹചര്യവും പിന്തുണയും ഉണ്ടാകണം. മികച്ച സിലബസും കൂടുതൽ ജാഗ്രത പുലർത്തുന്ന അധ്യാപകരും സാങ്കേതിക സംവിധാനങ്ങളുടെ സഹായവും ഉറപ്പാക്കണം. എന്റെ പ്രിയ സുഹൃത്തുക്കൾക്ക് സ്വാതന്ത്ര്യവും ആർജ്ജവും കാലത്തിനനുസരിച്ചുള്ള വിദ്യാഭ്യാസവും തുടർന്നും ലഭിക്കട്ടെ എന്നാംശസിക്കുന്നു. ആ കലാലയാന്തരീക്ഷത്തിൽ മൂന്നു വർഷം ചെലവഴിച്ച വിദ്യാർത്ഥിയെന്ന നിലയിലുള്ള അഭിമാനം മറച്ചുവയ്ക്കുന്നില്ല.



## കെമിസ്ട്രി

**വയലാർ ശരത്ചന്ദ്രവർമ്മ**

മനസ്സിൽ സൂക്ഷിക്കുന്ന ഒരു മധുര മനോഹര ഗാനമാണ് മാർ ഈവാനിയോസ് കോളേജിലെ മായാത്ത ഓർമ്മകൾ. അറിവും, നെറിവും, തിരിച്ചറിവും പഠിപ്പിക്കുന്ന, ബഹുമാനിക്കുന്നതിനു ശമ്പളമായി (മാർക്കുകളായി) വാത്സല്യം വിളമ്പുന്ന ഗുരു കുടുംബത്തിന്റെ ആശ്രമം.

ഇമ്പങ്ങൾക്കതീതമായി സൗഹൃദത്തിന്റെ രസം പങ്കിടുന്ന ബ്യൂജികളുടെ, രാഷ്ട്രീയവിശ്വാസികളുടെ കലോപാസകരുടെ കായിക കരുത്തരുടെ സ്നേഹ സംഗമ പീഠമായിരുന്നു ഈ അങ്കണം. ചായക്കൂട്ടുകൾ പുരട്ടാതെ സ്നേഹത്തിന്റെ പാസ്പോർട്ടുമായി കിതപ്പോടെ കുന്നിൻ പടികൾ കയറി പ്രേമത്തിന്റെ വിസ നേടുവാൻ വരുന്ന കൗമാര യാത്രക്കാരുടെ ജീവിതാരംഭത്തിനു മുമ്പുള്ള തണൽ താവളം. ഞാൻ ആസ്വദിച്ച 1977-80 കളുടെ കാലഘട്ടം.

ആ നാളുകളുടെ ക്യാൻവാസിൽ കാലത്തിന്റെ മാറ്റം കറപുരട്ടിയോ? സ്വയം ഭരണ സംവിധാനം വീണ്ടും അവയെ മിനുക്കിയെടുക്കട്ടെ എന്നാഗ്രഹിക്കുന്നു.

"നിന്നു കത്തട്ടെ ബഥനിക്കുന്നിന്റെ മീതേയെന്നും
അന്നത്തെ കൈകൾ നീട്ടി ജ്വലിപ്പിച്ച നെഞ്ചിൻ നാളം"



## ഏഴു സുന്ദര വർഷങ്ങൾ

**റവ. വിനോദ് വിക്ടർ**

ഏഴു സുന്ദര വർഷങ്ങൾ. മാർ ഇവാനിയോസിൽ ചിലവഴിച്ച ഓരോ നിമിഷവും മധുരിക്കുന്ന ഓർമകളായി ഇന്നും അവശേഷിക്കുന്നു. ആ കുന്നിൻ മുകളിലെ ഓരോ മണൽതരിക്കും തലമുറകൾക്കു പ്രചോദനമേകാൻ പ്രത്യേക സിദ്ധിയുണ്ട്. ആത്മീയതയുടെ മാറ്റൊലി അവിടെ ചെറുതെന്നലിനെപോലും സംഗീതസാന്ദ്രമാക്കുന്നു. പ്രഗത്ഭരായ അദ്ധ്യാപകരുടെ അദ്ധ്യാപന മികവും പാഠ്യേതര വിഷയങ്ങളിൽ വളർച്ചയ്ക്കു ഒരുക്കുന്ന സീമകളില്ലാത്ത സാധ്യതകളും സംശുദ്ധിയുടെ വെടിപ്പുള്ള സൗഹാർദ്ദങ്ങളും ആ കലാലയത്തെ അനുപമമാക്കുന്നു. തങ്ങൾ ഇന്നായിരിക്കുന്ന അവസ്ഥയ്ക്കു അനേകർ ആ പുണ്യഭൂമിയോടു കടപ്പെട്ടിരിക്കുന്നു. ആ കൂട്ടത്തിൽ ഏറ്റവും അധികം കടപ്പാട് എനിക്കാവും.



## സൂക്ഷ്മ ലോകം

**സ്വരൂപ് ബി. ആർ**
**മികച്ച അഡ്വർടൈസിംഗ് ഡിസൈനർ**

മാർ ഇവാനിയോസ് കോളേജിൽ ചിലവഴിച്ച അഞ്ച് വർഷക്കാലം എന്നെ പ്രത്യക്ഷമായും പരോക്ഷമായും ഇന്നും സ്വാധീനിച്ചു വരുന്നു - പതിനഞ്ചാം വയസിന്റെ ചഞ്ചലത മുതൽ ഇരുപതിന്റെ തീക്ഷ്ണമായ ഉറപ്പുകൾ വരെയുള്ള ആ അഞ്ചു വർഷം. ബാഹ്യ യാഥാർത്ഥ്യങ്ങളുടെ ഒരു സൂക്ഷ്മ ലോകമായിരുന്നു അന്ന് കോളേജ്. കൂട്ടുകാരോടൊത്ത് സഞ്ചരിക്കാനും, പഠിക്കാനും, പഠിച്ചതിനെ തിരസ്കരിക്കാനും, തെറ്റുകളിലൂടെ ശരി അറിയാനും, അപ്രതീക്ഷിതമായ ദിശകളിലേക്ക് തുഴയാനും, ഇതിലൊക്കെയുപരി സ്വന്തം മനസ്സ് നിർണ്ണയിക്കുന്ന വഴികളിലൂടെ താൻ എത്തിച്ചേരേണ്ടതെവിടെയോ അവിടെ എത്താനുമുള്ള സ്വാതന്ത്ര്യം നിറഞ്ഞ കാലം.



## രമണീയമായ ഒരു കാലം

**രവി വള്ളത്തോൾ**
**ചലചിത്ര, സീരിയൽ നടൻ**

1967-72 കാലഘട്ടമാണ് ഞാനും ജഗതി ശ്രീകുമാറും മാർ ഈവാനിയോസ് കോളേജിൽ പഠിച്ചത്! പ്രീഡിഗ്രിയും ബോട്ടണി ബിഎസ്സി ഡിഗ്രിയും എടുത്തു. അഞ്ചു വർഷങ്ങൾ! ഡോക്ടറായി കാണാനാഗ്രഹിച്ച് മാതാപിതാക്കൾ ആണ് ആ വഴിക്ക് ഞങ്ങളെ അയച്ചത്. പക്ഷെ ഞങ്ങൾ അതു പാടെ മറന്ന്, അഭിനയവും, നാടക റിഹേഴ്സലും ഒക്കെയായി നടന്നു. പ്രീഡിഗ്രിയിൽ പഠിക്കുമ്പോഴെ അദ്ധ്യാപകരുടെ നാടകങ്ങളിൽ ഞങ്ങൾ പ്രധാന വേഷം ചെയ്യുമായിരുന്നു. പുതിയ ആഡിറ്റോറിയത്തിന്റെ കസേരകൾ വാങ്ങുവാൻ വേണ്ടി ധനശേഖരണത്തിനായി എൻ.എൻ. പിള്ളസാറിന്റെ 'മെഹർബാനി' എന്ന നാടകം അദ്ധ്യാപകരായ വയലാർ വാസുദേവൻ പിള്ള, സ്റ്റുവേർഡ് സാർ എന്നിവരോടോപ്പം അവതരിപ്പിച്ച് നാടകം വമ്പിച്ച വിജയമാക്കി- അതുപോലെ ക്രോസ്ബെൽറ്റ് എന്ന നാടകവും രണ്ടിലും നായിക ഞാനും, എന്റെ പ്രാന്തിയായ അമ്മയെ ജഗതിയും അവതരിപ്പിച്ചു. എല്ലാം പ്രൊഫഷണൽ നാടകങ്ങളെ വെല്ലുന്ന

മികവോടെ എൻ.എൻ. പിള്ളയുടെ കാപാലികയെ ഞാൻ അരങ്ങിലെത്തിച്ചപ്പോൾ അദ്ദേഹം കാണിയായി സദസ്സിലുണ്ടായിരുന്നു- എന്റെ മകൾ കേരളമൊട്ടുക്കെ വിജയിപ്പിച്ച കാപാലികയെക്കാൾ പതിൻമടങ്ങു നന്നാക്കി രവി ആ കഥാപാത്രത്തെ  എന്ന് നാടകകൃത്ത് എന്റെ അച്ചൻ ടി. എൻ. എന്റെടുത്ത് അഭിപ്രായപ്പെട്ടു. മാർ ഈവാനിയോസ് കോളേജിൽ ചേരാൻ ചെന്ന ഞങ്ങളോട് ഉഴപ്പിയാൽ ടി.സി തന്നു വിടും എന്നു വിരട്ടിയ അതേ പ്രിൻസിപ്പാൾ പണിക്കരച്ചൻ തന്നെ 5 വർഷത്തെ കോളേജ് ജീവിതത്തെ കഴിഞ്ഞ് യാത്രയാക്കുമ്പോൾ ഞങ്ങൾ രണ്ടുപേരെയും ചേർത്തു പിടിച്ചു നിറകണ്ണുകളോടെ പറഞ്ഞു. 'നിങ്ങൾ പിള്ളാരോടൊപ്പം ഒന്നിച്ച് കഴിഞ്ഞ നാളുകൾ' എനിക്കും ഈ കലാലയത്തിനും മതിയായില്ല, എന്ന്, ഞങ്ങൾക്കും മതിയായിരുന്നില്ല. കലാലോകത്ത് ഞങ്ങൾ രണ്ടു പേരും എന്തെങ്കിലും ആയിട്ടുണ്ടെങ്കിൽ അതു മാർ ഈവാനിയോസ് കാരണമാണ്. ഒരമ്മയെപ്പോലെ ഞങ്ങളെ സ്നേഹം കൊണ്ടു മൂടിയ കലാലയമാണത്. 75 പൈസയ്ക്കു കിട്ടുമായിരുന്ന അവിടുത്തെ ക്യാന്റിനിലെ ഇറച്ചിക്കറി മറന്നിട്ടില്ല. സമരമുള്ളപ്പോൾ നാലാഞ്ചിറയിൽ നിന്നും വഴുതക്കാട് വരെ ഞങ്ങൾ നടന്നിരുന്നു. പട്ടം ജംഗ്ഷനിലുള്ള ഒരു പടർന്ന വൃക്ഷത്തിന്റെ ചുവട്ടിലിരുന്നു പൊതിച്ചോറുമുണ്ടു ഭാവിയെക്കുറിച്ചു സ്വപ്നങ്ങൾ പങ്കിട്ടു നടന്ന കാലം. രമണീയമായ ഒരു കാലം. ഇന്നു പ്രിയപ്പെട്ട എന്റെ കൂട്ടുകാരൻ ജഗതി നിശബ്ദനായിരിക്കുന്നു. അവനില്ലാത്ത ഈ വേദിയിൽ ഞാനും പകച്ചു നിൽക്കുന്നു. പ്രാർത്ഥനയോടെ...



## മാർ ഈവാനിയോസ് കോളേജിനെ ഓർക്കുമ്പോൾ

ബി. രമേഷ്കുമാർ
മാതൃഭൂമി

1977-82 ജീവിതത്തിലെ ഏറ്റവും നല്ല ഒരു കാലം. പഠനം, കലാ സാഹിത്യം, പ്രസംഗം, ഡിബേറ്റ് രാഷ്ട്രീയം... ബഥനിക്കുന്നുകളിൽ എല്ലാം നിറഞ്ഞു നിന്നിരുന്നു. നാണം വിട്ടുമാറാത്ത രമേഷ്കുമാർ എന്ന പ്രീഡിഗ്രിക്കാരൻ നേതാവും പ്രാസംഗികനുമൊക്കെയായി മാറിയത് ഇവിടെയാണ്. അവിടെ നിന്നു പത്രപ്രവർത്തനത്തിന്റെ പഠനത്തിലേയ്ക്കും പത്രപ്രവർത്തനത്തിലും എത്തി.

പണിക്കരച്ചന്റെ  അച്ചടക്കത്തിന്റെ വടി കണ്ട് ഞങ്ങൾ ആദ്യം പകച്ചു പോയിരുന്നു. പക്ഷേ എല്ലാം നല്ലതിനു വേണ്ടിയായിരുന്നുവെന്ന് ക്രമേണ ഞങ്ങൾക്ക് ബോധ്യമാകുകയായിരുന്നു. പണിക്കരച്ചന്റെ വിട വാങ്ങൽ പ്രസംഗം നടക്കുമ്പോൾ സദസ്സിൽ പലരുടെയും കണ്ണു നിറഞ്ഞത് വെറുതെ ആയിരുന്നില്ല. വീട്ടിലേതു പോലൊരു സ്നേഹ സ്പർശം. അന്നത് അവിടെയുണ്ടായിരുന്നു. ഇപ്പോഴും അതു ഉണ്ടെന്ന് അറിയുന്നു. അങ്ങനെ തന്നെ തുടരട്ടെ....



## കൂട്ടുകെട്ടിന്റെ നന്മ

ജാസി ഗിഫ്റ്റ്
ചലച്ചിത്ര പിന്നണി ഗായകൻ


എന്റെ സംഗീതജീവിതം ആരംഭിക്കുന്നത് ഈ കലാലയത്തിലാണ്. കൂട്ടുകെട്ടിന്റെ നന്മ ഈ കലാലയം എനിക്കു പകർന്നു തന്നു. ഇന്നും അത് തുടരുന്നു.



## അവാർഡ് കാലം

വിധു പ്രതാപ്
ചലച്ചിത്ര പിന്നണി ഗായകൻ

എനിക്ക് ഗായകർക്കുള്ള സംസ്ഥാന അവാർഡ് കിട്ടിയത് മാർ ഈവാനിയോസിൽ പഠിക്കുമ്പോഴാണ്. ക്യാമ്പസിൽ നിന്നൊരു സംസ്ഥാന അവാർഡ് എന്നായിരുന്നു മാധ്യമങ്ങൾ അതിനു നൽകിയ തലക്കെട്ട്. എന്റെ Stage fear മാറിയത് ഈ കോളേജിലെ അവസരങ്ങൾ വഴിയാണ്. എന്നും നന്മ മാത്രമെ ഈ കലാലയം എനിക്കു തന്നിട്ടുള്ളു.



## മാതാപിതാക്കൾ കഴിഞ്ഞാൽ...

താരാ കല്യാൺ
നർത്തകി

എന്റെ മാതാപിതാക്കൾ കഴിഞ്ഞാൽ എന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന രൂപമാണ് മാർ ഈവാനിയോസ് കോളേജിന്റേത്. അവിടെ പഠിച്ചില്ലായിരുന്നെങ്കിൽ ഞാൻ ഇങ്ങനെ ആവില്ല. അത്രത്തോളം അദ്ധ്യാപകർ എന്നെ സ്നേഹിച്ചു.



## സ്നേഹ സാമീപ്യം

**ജിജി തോംസൺ ഐ. എ. എസ്**

1971-ൽ ഒരു പ്രീ ഡിഗ്രി വിദ്യാർത്ഥിയായി ഞാൻ മാർ ഈവാനിയോസ് കോളേജിൽ എത്തുമ്പോൾ മനസ്സിൽ ഭയാശങ്കകളായിരുന്നു. എന്നാൽ ഏതാനും ദിവസത്തിനുള്ളിൽ അധ്യാപകരുടെയും സുഹൃത്തുക്കളുടെയും സ്നേഹസാമീപ്യത്തിൽ അവ അലിഞ്ഞില്ലാതായി. പണിക്കരച്ചന്റെയും, സ്റ്റുവർട്ട് സാറിന്റെയും, മിസ്സിസ് ക്യാരിയുടെയും, ഓണക്കൂർ സാറിന്റെയും, അയ്യനേത്തച്ചന്റെയും, ജോസഫ് സ്കറിയാ സാറിന്റെയും, മാത്തുണ്ണി സാറിന്റെയും പ്രബുദ്ധങ്ങളായ ക്ലാസ്സുകൾ ഒരിക്കലും മറക്കാൻ സാധിക്കില്ല. ഞാൻ കോളേജിലെ ഡിബേറ്റിംഗ് ടീമിൽ ചേരുകയും എന്റെ പ്രസംഗകലയെ ചെത്തിമിനുക്കാൻ അത് സഹായമാകുകയും ചെയ്തു. ഈ സമയത്താണ് ഞാൻ ഒരു രാഷ്ട്രീയ യുവജനസംഘടനയുടെ യൂണിറ്റ് സെക്രട്ടറി ആയത്. ഇത് പ്രിൻസിപ്പലിനെ ചൊടിപ്പിച്ചെങ്കിലും ഞാൻ വാരിക്കൂട്ടിയ സമ്മാനങ്ങൾ അദ്ദേഹത്തെ സംപ്രീതനാക്കുകയും എന്നെ വളരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. എന്റെ വിദ്യാർത്ഥി ജീവിതം വളരെ ഊർജ്ജസ്വലമായിരുന്നു. ഇവിടെയാണ് ഞാൻ നേതാവായതും പിന്നെ വിമതനായതും. അതെന്റെ ജീവിതത്തിലെ ഒരു പ്രതിസന്ധി ഘട്ടമായിരുന്നു. പിന്നെയും മൂന്നു വർഷമെടുത്തു രാഷ്ട്രീയത്തിൽ നിന്നും പൂർണ്ണമായി വിമുക്തനാകുവാൻ. അല്ലായിരുന്നെങ്കിൽ ഇന്നു ഞാൻ കറകളഞ്ഞ ഒരു രാഷ്ട്രീയക്കാരനാകുമായിരുന്നു.



## എന്നെ രൂപപ്പെടുത്തിയ കലാലലയം

**മഞ്ജുപിള്ള**
**ചലച്ചിത്ര നടി**

എന്റെ അഭിനയ ജീവിതം ആരംഭിക്കുന്നത് മാർ ഈവാനിയോസിലെ പ്രീ ഡിഗ്രി പഠനകാലത്താണ്. മഞ്ജുപിള്ളയെന്ന വ്യക്തിയെ രൂപപ്പെടുത്തിയത് മാർ ഈവാനിയോസ് കോളേജാണ്. അന്ന് പ്രിൻസിപ്പലായിരുന്ന ആന്റണി ഈപ്പൻ സാർ നൽകിയ പ്രോൽസാഹനം വിസ്മരിക്കുവാൻ കഴിയില്ല.



## ജീവിതത്തിന് അടിസ്ഥാനം

**ഡോ. ജി. എൽ മുരളീധരൻ**
**ലേബർ കമ്മീഷണർ മാനേജിംഗ്**
**ഡയറക്ടർ, ഒഡേപെക്**

1978-81 കാലയളവിലാണ് ഞാൻ മാർ ഈവാനിയോസിൽ പഠിച്ചത്. എന്റെ ജീവിതത്തിന് അടിസ്ഥാനമിട്ടത് ഈ കലാലയത്തിലാണ്. മറ്റൊരു കലാലയത്തിലും കാണാത്ത എന്തോ ഒരു പ്രത്യേകത എനിക്കവിടെ അനുഭവപ്പെട്ടു. കുറച്ചു വിഷയങ്ങൾ മാത്രമല്ല ഒരു സംസ്ക്കാരമാണ് ഞങ്ങൾക്ക് ഈ കലാലയം പകർന്നു നൽകിയത്.



## ഞങ്ങളുടെ അനുഗ്രഹം

**കാർത്യായനി. വി**
**ചാനൽ അവതാരക**

പണിക്കരച്ചനാണ് മനസ്സിൽ നിറഞ്ഞു നിൽക്കുന്നത്. ഞങ്ങളുടെ അനുഗ്രഹം അച്ചനായിരുന്നു. പഠനത്തോടൊപ്പം സർഗ്ഗശേഷിയെ വളർത്തിയെടുക്കുവാൻ ഏറ്റവും പറ്റിയ ക്യാമ്പസ്. അതായിരുന്നു മാർ ഈവാനിയോസ്. 1977 യുവജനോത്സവത്തിൽ സമ്മാനം വാങ്ങി വന്നപ്പോൾ കിട്ടിയ സ്വീകരണം ഇപ്പോഴും മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.



## മങ്ങാത്ത ഓർമ്മകൾ

**രവി എം. എസ്**
**കേരള കൗമുദി**

ഓർമ്മകൾ ഓടി മറയാൻ തുടങ്ങുന്ന ഈ പ്രായത്തിലും മങ്ങാത്ത ഓർമ്മയായി നിലകൊള്ളുന്ന എന്റെ മാർ ഈവാനിയോസ് കോളേജ് അവിടെ എന്നെ ഞാനാക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ച പണിക്കരച്ചനും, സ്റ്റുവർട്ട് സാറും, മറ്റദ്ധ്യാപകരും. അന്നു ലഭിച്ച സൗഹൃദങ്ങൾ ഇന്നു പച്ചപ്പോടെ നിൽക്കുന്നു. എന്റെ മക്കൾക്കും മാർ ഈവാനിയോസ് കോളേജ് വിദ്യ നൽകി ജീവിത വയലേലകളിൽ സാരഥ്യം നല്കാൻ പ്രാപ്തരാക്കി.



## വളർത്തി വലുതാക്കി

കൊടിക്കുന്നിൽ സുരേഷ് എം. പി
മുൻ കേന്ദ്രമന്ത്രി


പോത്തൻകോടുള്ള സാധാരണ ഗ്രാമീണ അന്തരീക്ഷത്തിൽ നിന്നും എന്നെ മാർ ഈവാനിയോസ് കോളേജിലെ പുതിയ പശ്ചാത്തലത്തിലേക്കു കൊണ്ടു വന്നത് സ്നേഹനിധികളായ വൈദികരാണ്. അഡ്മിഷനും അച്ചടക്കത്തിലും ജീവിതത്തിന് നിശാബോധവും തന്ന് വളർത്തി വലുതാക്കി. ഇന്നും ആ ബന്ധം ഞാൻ ആ കലാലയവും മാനേജ്മെന്റുമായി പുലർത്തുന്നു. വളർത്തി വലുതാക്കിയ വൈദികരേയും അദ്ധ്യാപകരേയും സർവ്വോപരി അഭിവന്ദ്യ പിതാക്കന്മാരെയും ഞാൻ നന്ദിയോടെ ഓർക്കുന്നു.



## ഒരു യഥാർത്ഥ പരീക്ഷണ ശാല

ബി. സുനിൽ
എസ്. എഫ്. ഐ മുൻ ജില്ലാ ജോയിന്റ് സെക്രട്ടറി,
കേരളാ യൂണിവേഴ്സിറ്റി യൂണിയൻ മുൻ ചെയർമാൻ

തിരുവനന്തപുരം നഗരത്തിലെ നാലു പ്രമുഖ കോളേജുകളിൽ ഞാൻ പഠിച്ചു. ഡിഗ്രിക്കു പഠിക്കുവാനായിരുന്നു ഞാൻ മാർ ഈവാനിയോസിൽ എത്തിയത്. പ്രീഡിഗ്രിക്കു പഠിച്ചപ്പോൾ സ്വായത്തമാക്കിയ ശക്തമായ രാഷ്ട്രീയ ബോധവും ഇടതു വിദ്യാർത്ഥി സംഘടനാ നേതൃശേഷിയുമായി ഞാൻ ഈവാനിയോസിൽ എത്തുമ്പോൾ ചില ആശങ്കകൾ മനസ്സിൽ ഉണ്ടായിരുന്നു. ഇനി രാഷ്ട്രീയവും സംഘടനാ പ്രവർത്തനവും നടത്തികൊണ്ടു പോകുവാൻ കഴിയുമോ? എന്നാൽ എന്റെ ആശങ്കകൾ വേഗം ദൂരീകരിക്കപ്പെട്ടു. എനിക്കും എന്റെ രാഷ്ട്രീയ ആശങ്കകൾക്കും സംഘടനാ പ്രവർത്തനത്തിനും മാർ ഈവാനിയോസിൽ ഇടമുണ്ട്. എസ്. എഫ്. ഐ യുടെ നേതൃത്വത്തിൽ കോളേജ് യൂണിയൻ നിലവിൽ വരുന്നതിൽ എനിക്കും ഒരു പങ്കു വഹിക്കുവാൻ കഴിഞ്ഞു. പ്രിൻസിപ്പൽ ആന്റണി ഈപ്പൻ സാറും അവിടെ പഠിപ്പിച്ച വൈദികരും മറ്റുഅദ്ധ്യാപകരും എന്റെ വളർച്ചയിൽ നിരന്തരം പ്രോൽസാഹിപ്പിച്ചവരാണ്. വിവിധ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ ഒരുമിച്ച് മാതൃകാപരമായി പ്രവർത്തിക്കുന്ന ഒരു യഥാർത്ഥ പരീക്ഷണ ശാലയായിരുന്നു മാർ ഈവാനിയോസ്. ആ കാമ്പസ് എന്നിൽ വളർത്തിയെടുത്ത ആത്മവിശ്വാസം തുടർന്നുള്ള എന്റെ ജീവിതത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തി.



## "Proud to be an Ivanian"

പ്രതാപ് നായർ
മാധ്യമ പ്രവർത്തകൻ

" Proud to be an Ivanian"ഈ ലോകത്ത് എവിടെ പോയാലും മാർ ഈവാനിയസ് കോളേജിലെ പൂർവ വിദ്യാർത്ഥി എന്നു പറയുമ്പോൾ കിട്ടുന്ന പ്രധാന്യവും സ്നേഹവും അനുഭവിച്ചറിയുന്ന ഒരു വ്യക്തിയാണ് ഞാൻ.

മാർ ഈവാനിയോസ് കോളേജ് എന്നെ ഞാനാക്കി മാറ്റിയ എന്റെ കലാലയം. പ്ലസ് ടു കഴിഞ്ഞു ഇഷ്ട വിഷയമായ Politics നു University College-ലും രണ്ടാമത്തെ വിഷയമായ Economics നു മാർ ഈവാനിയോസ് കോളേജിലും അഡ്മിഷൻ കിട്ടിയപ്പോൾ, രണ്ടാമത് ചിന്തിക്കേണ്ടി വന്നില്ല. ഏറ്റവും ഇഷ്ടപ്പെട്ട കോളേജിനു തന്നെയായിരുന്നു മുൻതൂക്കം. ആരും പഠിക്കാൻ കൊതിക്കുന്ന കലാലയം.

I[st] DC representaive മുതൽ third ഇയറി ലെ Gen. Sec. വരെയുള്ള എന്റെ രാഷ്ട്രീയ ജീവിതം ഏതു രാഷ്ട്രീയ പാർട്ടിയായാലും പ്രവർത്തനത്തിന് കിട്ടുന്ന സ്വാതന്ത്ര്യം. കൊടിയുടെ നിറം നോക്കാതെ കിട്ടുന്ന സൗഹൃദം. ഇത് ഈ കാലത്തിന്റെ മാത്രം പ്രത്യേകതയാണ്. സ്കിറ്റ്, മൈം, നാടകം പോലുള്ള കലാപരിപാടികളിൽ കോളേജിനെ പ്രതിനിധീകരിച്ചു പങ്കെടുത്ത അനുഭവം, ഒരു അഡ്വക്കേറ്റ് ആകാൻ ആഗ്രഹിച്ച എന്നെ ഒരു മാധ്യമ പ്രവർത്തകൻ ആകാൻ പ്രേരിപ്പിച്ച മീഡിയ ക്യാമ്പ്... ഇതിൽ ഒതുങ്ങുന്നില്ല മാർ ഈവാനിയോസ് എനിക്ക് സമ്മാനിച്ച ഓർമ്മകൾ.

മാർ ഈവാനിയോസ് കോളേജ് ഒരു കോളേജ് മാത്രമല്ല ഒരു സംസ്കാരമാണ്. പിൻ തലമുറയ്ക്ക് വേണ്ടി കരുതി വച്ചിരിക്കുന്ന കെടാവിളക്കിന്റെ ഊർജ്ജമാണ് അവിടെ നിന്നും ലഭിക്കുന്നത്. നമ്മുടെ " Juniors" അടുത്ത് വന്നു ഞാൻ ഈവാനിയോസിലാണ് പഠിച്ചത് എന്ന് പറയുമ്പോൾ അവരോടു തോന്നുന്ന വാത്സല്യവും സ്നേഹവും എനിക്ക് മുമ്പ് പഠിച്ചറങ്ങിയവർ എനിക്ക് കാട്ടി തന്നതാണ്.

മാധ്യമ പ്രവർത്തനത്തിൽ 15 വർഷം പിന്നിട്ടു. ജീവിതത്തിന്റെ പാതയിൽ തിരിഞ്ഞു നോക്കുമ്പോൾ ഒരു പക്ഷേ മാർ ഈവാനിയോസ് കോളേജ് അല്ലായിരുന്നുവെങ്കിൽ എന്റെ ജീവിതം ഒരു വക്കീലിന്റെ കറുത്ത കുപ്പായത്തിനുള്ളിൽ ഒതുങ്ങുമായിരുന്നു ലോകമെന്തെന്നറിയാനും സൗഹൃദങ്ങൾ സ്ഥാപിക്കാനും എന്നെ ഇന്നത്തെ ഞാനാക്കി മാറ്റാനും ഈ കലാലയം വഹിച്ച പങ്കു വളരെ വലുതാണ്.

എന്തൊക്കെ മറന്നാലും പഠിച്ചിറങ്ങിയ കലാലയത്തെയും അവിടുത്തെ അധ്യാപകരെയും സഹപാഠികളെയും സുഹൃത്തുക്കളെയും വിസ്മരിച്ചു ജീവിക്കാൻ അർക്കും കഴിഞ്ഞില്ല. വാക്കുകളുടെ പരിമിതിയിൽ ഇതിലുമേറെ എഴുതാനുണ്ട്. തൽക്കാലം നിർത്തുന്നു. മറക്കാതിരിക്കട്ടെ ബഥനി കുന്നിലെ ഓരോ ഓർമ്മകളും.



## ആനപ്പുറത്ത് പ്രദക്ഷിണം

ആർ.കെ.വി. ഗോപകുമാർ

1947-ൽ ആദ്യമായി കോളേജിൽ ഹൗസ് സിസ്റ്റം കൊണ്ടുവന്നപ്പോൾ ഞാനുൾപ്പെട്ട വൈറ്റ് ഹൗസ് ചാമ്പ്യൻമാർ ആയതിന്റെ ആഹ്ലാദത്തിൽ വീട്ടിലുണ്ടായിരുന്ന ആനയെ കോളേജിൽ എത്തിച്ച് അതിന്റെ പുറത്തുകയറി ട്രോഫിയുമായി കോളേജിൽ പ്രദക്ഷിണം വച്ച് അത് ഒരാഘോഷമാക്കിയത് ഞാനിന്നും ഓർക്കുന്നു.

മാർ ഈവാനിയോസിൽ പഠിച്ചുകൊണ്ടിരിക്കെയാണ് (1972-74) എന്നെ രഞ്ജി ട്രോഫി ക്രിക്കറ്റിനായി കേരളത്തിനു വേണ്ടി കളിക്കാൻ തെരഞ്ഞെടുത്തത്. കോളേജിലെ പ്രൊഫസർമാരിൽ ഞാൻ ഏറ്റവും സ്നേഹത്തോടെ ഓർക്കുന്നത് ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ ജെയിംസ് സാറിനെയാണ്. അദ്ദേഹത്തിന്റെ പ്രോൽസാഹനത്തിനും സ്നേഹവാൽസല്യങ്ങൾക്കും മുന്നിൽ എന്നും കൈവണങ്ങിയിട്ടുണ്ട്. പഠനം പൂർത്തിയാക്കി കോളേജിന്റെ പടിയിറങ്ങിയിട്ടും ഈവാനിയോസ് സമ്മാനിച്ച സൗഹൃദങ്ങൾ എന്റെ ജീവിതത്തിലെ വലിയ മുതൽക്കൂട്ടാണ്.

മാർ ഈവാനിയോസ് കോളേജും ഞാനുമായുള്ള ബന്ധം 1971 മുതൽ 1977 വരെയുള്ള എന്റെ വിദ്യാഭ്യാസ കാലഘട്ടത്തിൽ ഒതുങ്ങുന്നതല്ല. അതിനു മുൻപേ ഈ കോളേജ് സ്ഥാപിക്കുന്ന കാലം മുതൽ എന്റെ അച്ഛൻ വി. ദാമോദരൻ കോളേജിന്റെ സ്ഥാപകനായ ഗീവർഗ്ഗീസ് മാർ ഈവാനിയോസ് തിരുമേനിയുമൊത്ത് സ്ഥാപനത്തിന്റെ ഉന്നമനത്തിനായി തുടക്കം മുതൽ തന്നെ ഒന്നിച്ചു പ്രവർത്തിച്ചിട്ടുണ്ട്.

അച്ഛനും തിരുമേനിയുമായുള്ള സ്നേഹബന്ധത്തിന്റെ ആഴം അറിയിക്കാൻ ഞാൻ ഒരു സംഭവം ഇവിടെ കുറിക്കാം. എന്റെ നാല് സഹോദരിമാരിൽ ഒരാളെ പ്രസവിച്ച് അമ്മ ആശുപത്രിയിൽ പ്രസവാനന്തര ശുശ്രൂഷയിൽ ആയിരുന്ന വേളയിൽ തിരുമേനി ആശുപത്രിയിൽ സ്നേഹസന്ദർശനം നടത്തി. അവിടെ വച്ച് സഹോദരിക്ക് തിരുമേനി റീത്ത എന്ന പേര് നിർദ്ദേശിക്കുകയും ആയത് സഹോദരിയുടെ ഔദ്യോഗിക നാമമായി അച്ചൻ നിലനിർത്തുകയും ചെയ്തു. പിൽക്കാലത്ത് ഈവാനിയോസിൽ നിന്നും എം.എസ്.സിയ്ക്ക് റാങ്കോടെ എന്റെ സഹോദരി വിജയിക്കുകയും ചെയ്തു.



## വിദ്യയുടെ തിരുമുറ്റം

നന്ദുലാൽ (നന്ദു)

എന്റെ വിദ്യാഭ്യാസ യോഗ്യത വച്ചിട്ട്, കോളേജ് പോയിട്ട് കേശവദാസപുരം വരെ പോലും വരാൻ സാധിക്കുമായിരുന്നില്ല. കാലം ചെയ്ത ആർച്ച് ബിഷപ്പ് മാർഗ്രിഗോറിയോസ് വലിയ തിരുമേനിയുമായി എന്റെ അച്ഛന് നല്ല സൗഹൃദം ഉണ്ടായിരുന്നതുകൊണ്ട്, 79 മുതൽ 84 വരെ, വിദ്യയുടെ ഈ തിരുമുറ്റത്ത് വന്നെത്തുവാൻ കഴിഞ്ഞു. ആ പുണ്യാത്മാവിനെ ഞാൻ ആദരവോടെ ഇന്നും, എന്നും സ്മരിക്കുന്നു.

ജീവിതത്തിലെ ആ സുവർണ്ണ കാലഘട്ടത്തിൽ നിന്ന് പടിയിറങ്ങി മുപ്പതു വർഷമായിട്ടും, സുന്ദരമായ ഈ ക്യാംപസ്സും, എന്റെ പ്രിയപ്പെട്ട മൊറേറ സാറിനേം, എക്കണോമിക്സ് ജോസഫ് സാറിനേം, ഔസേപ്പ് സാറിനേം, സ്കറിയ സാറിനേം, പി. ടി. എ. തോമസ് അച്ചനേം അദ്ദേഹത്തിന്റെ സ്റ്റുഡിബേക്കർ കാറിനേം, സൂപ്രണ്ട് രാജൻ സാറിനേം, ക്യാന്റിലെ മേക്കറേം, പ്യൂൺ ജോഷ്വയേയുമൊക്കെ ഭയങ്കരമായി മിസ്സ് ചെയ്യുന്നു.

# മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ എഴുത്തുകാരുടെ സംഗമവും, ഡയറക്ടറി പ്രകാശനവും, പ്രഥമ മലങ്കര സാഹിത്യ പുരസ്കാരവും

സുൽത്താൻ ബത്തേരിയിൽ വച്ച് നടക്കുന്ന പുനരൈക്യവാർഷിക വേളയിൽ Synodal Commission for Theological Publication - History Desk ന്റെ ആഭിമുഖ്യത്തിൽ, മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എഴുത്തുകാരുടെ പ്രഥമ സംഗമം നടത്തപ്പെടുന്നു. 2014 സെപ്റ്റംബർ 18-ാം തീയതി വ്യാഴാഴ്ച 2 മണിക്ക് നടക്കുന്ന സമ്മേളനത്തിൽ മോറോൻ മോർ ബസേലിയോസ് കാർഡിനൽ ക്ലീമീസ് കാതോലിക്കാബാവയും മറ്റു പിതാക്കന്മാരും പങ്കെടുക്കുന്നതാണ്. എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനും, പുതിയ പ്രതിഭകളെ കണ്ടെത്തുന്നതിനും, മൂല്യാധിഷ്ഠിതമായ രചനകൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ചർച്ചചെയ്യുന്നതിനുമായി ഒരു ശില്പശാലയും ഈ സംഗമത്തിന്റെ ഭാഗമായി നടത്തുന്നതാണ്. ലേഖനങ്ങളോ പുസ്തകങ്ങളോ പ്രസിദ്ധീകരിച്ചിട്ടുള്ള ആളുകൾ ഇതൊരു ക്ഷണമായി സ്വീകരിച്ച് പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് താൽപ്പര്യപ്പെടുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ശ്രീമതി. ജിബി ഗീവർഗീസിനെ (9495827905) ആഗസ്റ്റ് മാസം 20-ാം തീയതിക്കു മുമ്പായി വിവരം അറിയിക്കണം. ഈ സംഗമത്തിന്റെ കോ-ഓർഡിനേറ്റർ ഫാ. വർഗീസ് വള്ളിക്കാട്ടാണ് (9447073371).

ഡയറക്ടറി പ്രകാശനം, പ്രചോദനാത്മക പ്രഭാഷണം, ശില്പശാല എന്നിവയ്ക്കു പുറമെ പ്രഥമ മലങ്കര സാഹിത്യ പുരസ്കാരം ഈ വാർഷികാഘോഷവേളയിൽ നൽകണമെന്ന് സിനഡൽ കമ്മീഷൻ താൽപ്പര്യപ്പെടുന്നു. അതിലേക്കായി മലങ്കര കത്തോലിക്കാ സഭാംഗങ്ങളായ എഴുത്തുകാർ തങ്ങളുടെ പ്രസിദ്ധീകരിച്ച ഏതെങ്കിലും രചനയുടെ രണ്ടു കോപ്പികൾ ആഗസ്റ്റ് 31 നു മുമ്പ് അയച്ചുതരണമെന്ന് ഓർമിപ്പിക്കുന്നു. ഉന്നത നിലവാരമുള്ള കൃതികൾ പുരസ്കാരത്തിന് തെരെഞ്ഞെടുക്കപ്പെടുന്നതായിരിക്കും.

വിശ്വാസ സംബന്ധമായി നമ്മുടെ സഭയിലെ എഴുത്തുകാർ പ്രസിദ്ധീകരിച്ചിട്ടുള്ള രചനകളുടെ ഒരു Directory തദവസരത്തിൽ പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്നു. അതിലേക്കായി മലങ്കര കത്തോലിക്കാ സഭാംഗങ്ങൾ നടത്തിയിട്ടുള്ള രചനകളുടെ Bibiliography (പുസ്തകങ്ങൾ, ലേഖനങ്ങൾ, കവിതകൾ, നാടകങ്ങൾ, നോവലുകൾ) mccrachana@gmail.com എന്ന ഇമെയിൽ അഡ്രസ്സിൽ അയച്ചു കൊടുക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

**Fr. James Puthuparampil OIC**
Secretary, Synodal Commission for
Theological Publication- History Desk
Catholicate Centre, Pattom,
Trivandrum 695 004




Swasthi
SCHOOL OF MUSIC & DANCE
TC 11/1192 - 1
House No. 14
Watts Lane
Nanthencode
Trivandrum - 3
Phone: 0471 - 6002055
Swasthi
SCHOOL OF MUSIC & DANCE
AN INITIATIVE OF SWASTHI FOUNDATION


Swasthi
SCHOOL OF MUSIC & DANCE
TC 11/1192 - 1
House No. 14
Watts Lane
Nanthencode
Trivandrum - 3
Phone: 0471 - 6002055
Swasthi
SCHOOL OF MUSIC & DANCE
AN INITIATIVE OF SWASTHI FOUNDATION



# സഭയുടെ
# കെട്ടുപണിയിൽ
# പങ്കാളികളാകാം



## ക്രൈസ്തവ കാഹളം

മലങ്കരസുറിയാനി കത്തോലിക്കാ സഭയിലെ
പ്രഥമ പ്രസിദ്ധീകരണം.

**വായിക്കുക**
**വരിക്കാരാകുക**
**പ്രചരിപ്പിക്കുക**

**ഏറെ പുതുമകളോടെ,**
**പുതിയ പംക്തികളോടെ**
**കെട്ടിലും മട്ടിലും ആകർഷകമായി**
**എല്ലാ കുടുംബങ്ങളിലേക്കും.**



നിങ്ങളുടെ ജീവിതത്തിലെ സുപ്രധാന നിമിഷങ്ങൾ കാഹളം വായനക്കാരുമായി പങ്കുവയ്ക്കുക.
വിവാഹം, വിവാഹവാർഷികം, ചരമവാർഷികം എന്നിവയുടെ പരസ്യങ്ങൾ മിതമായ നിരക്കിൽ കാഹളം പ്രസിദ്ധീകരിക്കുന്നു.

RNI Licence No. 5675/1960
Registered-Postal Reg. No. KL/TV(N)284/2012-14
Date of Publication 27-6-2014 Posting Date 28, 29 of every month

Christavakahalam Monthly August 2014
Annual Subscription Rs. 150/-
Single Copy Rs. 15/-




Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374, e-mail: stmaryspresspattom@gmail.com